IV. LEGISLATIVE BUSINESS

THE KERALA LAND REFORMS (AMENDMENT) Bill, 1968—(*cont.*)

Deputy Speaker: Shri Moideenkutty Haji has moved an amendment to clause 54.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, സെക്ഷൻ 54-ന് ശ്രീ. മൊയ്തീൻകുട്ടിഹാജിയും മറ്റുമായി ആലോചിച്ചതിനുശേഷം ഞാൻ ഒരു ഭേഗതി കൊണ്ടുവരികയാണ്.

In section 73 proposed to be substituted by clause 54:—

(i) for the words, figures and letters " the 1st day of May, 1967", wherever they occur, the words, figures and letters " the 1st day of May, 1968" shall be substituted.

(ii) in sub-section (1), in the Table, in column (2) for the words " Four years' rent" the words" Three years' rent" shall be substituted.

(iii) in sub-section (7), for the words "thirty days", the words " Six months" shall be substituted.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: 1967 മേ എന്നുള്ളത് 1968 മേ എന്നാക്കിയപ്പോൾ അതുകൊണ്ടുദ്ദേശിക്കുന്നത് എന്താണ്; 1968 വരെയുള്ള പാട്ടക്കുടിശ്ശികയെന്നുള്ള അർത്ഥത്തിലാണോ ഉദ്ദേശിക്കുന്നത്, അത് ഇളവുചെയ്യുന്ന എന്ന അർത്ഥത്തിലാണോ ?

ശ്രീമതി കെ. ആർ. ഗൗരി: 1968 മേയ് ഒന്നാം തീയതിവരെ വന്നാൽ, the amount of rent to be paid for discharge will be one year's rent or the actual amount in arrears, whichever is less എന്നാണ് വരുന്നത്.

അപ്പോൾ 1967-നു മുമ്പേ ഒരു കൊല്ലത്തെ പാട്ടം കൊടുക്കണമെന്നായിരുന്നെങ്കിൽ അതിനുമുമ്പേ അഞ്ചേക്കർ ഇരിക്കുന്നവർക്ക് ഒരു കൊല്ലം കൊടുത്താൽ മതി. അഞ്ചേക്കറിനു മുകളിലും പത്തേക്കറിനു താഴെയും വരുന്നവർക്ക് 1968 നു ശേഷമുള്ളത് രണ്ടുകൊല്ലം കൊടുത്താൽമതി. അതുപോലെതന്നെ 10 ഏക്കറിനു മുകളിലുള്ളവർക്കു നാലുകൊല്ലം കൊടുക്കണമായിരുന്നു. അത് 1968 വരെ വന്നുകഴിഞ്ഞാലും, മൂന്നുകൊല്ലം കൊടുത്താൽ മതി. പിന്നെ 30 ദിവസത്തിനകം പാട്ടക്കുടിശ്ശിക മുഴുവൻ കെട്ടിവയ്ക്കണമെന്നും അല്ലെങ്കിൽ റവന്യൂ റിക്കവറി നടപടികളും നടത്തും എന്നുമുള്ളത് അല്പം സാവകാശം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

Shri K. Moideenkutty Haji: Sir, I move:

(No. 298) In clause 54, [in the Table to section 73 (1) of the Principal Act proposed to be substituted], instead of 'acres' wherever it appears, substitute the words " standard acres ".

In clause 54, [in section 73 (2) of the Principal Act proposed to be substituted], after the words '1st day of May, 1967', the words " or where any determination of the correctness of the amount deposited under the original section 73 (1) of Act I of 1964" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Moideenkutty Haji]

(No. 300) In clause 54, (in section 73 of the Principal Act proposed to be substituted), the following sub-section as sub-section (11) shall be added:—

"(11) where a tenant has paid or deposited any amount towards arrears of rent under the original section 73 (1) of Act I of 1964, such amount shall be appropriated towards or deducted from the amounts to be paid or deposited under the new clause 54 (1) of the Amending Act and it shall be sufficient if the tenant pays or deposits the balance, if any, after such appropriation or deduction."

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ വാദങ്ങൾ ശരിയാണ്. അതു സ്വീകരിക്കുകയും ചെയ്യാം. പക്ഷെ, എന്റെ ഭേദഗതിയിൽ ടേബിളിൽ വ്യത്യാസം വരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്.

Tenant possessing not more than 5 acres of land in the aggregate, whether as owner, mortgagee, lessee or otherwise

എന്നുള്ളത്, 5 ഏക്കർ എന്നുള്ളത് 5 സ്റ്റാൻഡേർഡ് ഏക്കറെന്നാക്കണമെന്ന് ഞാൻ പറഞ്ഞത് ടെനൻറിന്റെ ഗുണത്തിനുവേണ്ടിയിട്ടാണ്. കാരണം ഒരാളിന് 50 സെൻറുണ്ട്. കവുങ്ങും തോട്ടമുള്ള ഒരാളിന്റെ ഒരേക്കർ എന്നു പറയുമ്പോൾ സ്റ്റാൻഡേർഡ് ഏക്കറായിട്ട് കണക്കാക്കേണ്ടതായിട്ടുണ്ട്. അത് കുടിയാനെ സംബന്ധിച്ചിടത്തോളം ആശ്വാസകരമായ ഒരു നടപടിയാണ്. ഏക്കർ എന്നു പറയുന്ന സ്ഥലത്തെല്ലാം സ്റ്റാൻഡേർഡ് ഏക്കറെന്നാക്കണം. കുടിയാന് വളരെ ആശ്വാസം നൽകുന്നവിധത്തിലുള്ള ഒരു ഭേദഗതിയാണത്.

മറെറാന്ന് സബ്സെക്ഷൻ രണ്ടിൽ Where any suit, appeal, revision or application which involves a claim by a landlord for arrears of rent accrued due prior to the 1st day of May, 1967 .....

എന്നതിനുശേഷം or where any determination of the correctness of the amount deposited under the original section 73 (1) of Act I of 1964, എന്നുകൂടി ചേർക്കണമെന്നുള്ളതാണ്. അത് എഴുതിച്ചേർക്കണമെന്ന് പറയാൻ കാരണം 1964-ലെ ഒന്നാം ആക്ടപ്രകാരം 1957 മുതൽ 1964 വരെയുള്ള പാട്ടക്കുടിശ്ശിക കെട്ടിവച്ച മര്യാദക്കാരായ വളരെയധികം കുടിയാൻമാരുണ്ട്. കെട്ടിവച്ച ഉടനെ കെട്ടിവച്ച സംഖ്യ ശരിയല്ലെന്നു പറഞ്ഞ് ജൻമി കൊണ്ടുപോയി പെറ്റീഷൻ കൊടുത്തു. അങ്ങനെ കൊടുത്തിട്ടുള്ള പെറ്റീഷൻസ് ഇന്നും തീരുമാനമാകാതെ കിടപ്പുണ്ട്. അങ്ങനെ കെട്ടിവച്ചതുകാരണം മര്യാദക്കാരായ കുടിയാന്മാർ വിഷമിക്കുകയും കെട്ടിവയ്ക്കാത്തവർ സമർഥൻമാരായി നടക്കുകയും ചെയ്യുന്ന ഒരു സ്ഥിതി വിശേഷം ഇന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: സബ് ക്ലോസ് (3) ൽ പറയുന്നതു ഇതാണ്.

"Where any decree or order has been passed in favour of a landlord before the commencement of the Kerala Land Reforms (Amendment) Act, 1969, by any court or Land Tribunal for the recovery of arrears of rent accrued due prior to the 1st day of May, 1967,

LIBRARY ARCHIVES Kerala Legislative Assembly

such decree or order shall be enforceable only to the extent of the amount due to such landlord under sub-section (1); and to determine such amount, any of the parties to the decree or order may apply to the court or the Land Tribunal, as the case may be, which passed the decree or order, to amend such decree or order in accordance with the provisions of sub-section (1)."

ഡിക്രിപാസായാലും അതു നടപ്പായില്ലെങ്കിൽ അതു റീ ഓപ്പൺ ചെയ്യാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഞാൻ പറഞ്ഞത് ഇന്ന് കേസു നിലവിലുള്ള കുടിയാൻമാരെ സംബന്ധിച്ചാണ്. 1957 മുതൽ 1964 വരെയുള്ള പാട്ടക്കുടിശിക കെട്ടിവച്ച മര്യാദക്കാരുടെ കാര്യത്തിൽ ജൻമി പെറ്റീഷൻ കൊടുത്തതുകാരണം തീരുമാനിക്കപ്പെടാതെ കിടക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചാൽ ഈ കാര്യം മനസ്സിലാകുന്നതാണ്. അവർക്ക് ആശ്വാസം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇത് എഴുതിച്ചേർക്കണമെന്ന് ഞാൻ പറയുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: പണം വാങ്ങിച്ചുപോയി കേസു തീർന്നു എന്നുള്ളതൊഴിച്ച് ബാക്കിയുള്ളത് റീ ഓപ്പൺ ചെയ്യാം. എന്നാൽ പണം വാങ്ങിച്ചുകൊണ്ടുപോയത് തിരികെ തരണമെന്നു പറഞ്ഞ് വഴക്കുണ്ടാക്കണ്ടെന്നുവച്ചാണ് അതു ചെയ്യാതിരുന്നത്. പണം വാങ്ങിക്കാത്തതെല്ലാം ഇതിൽവരും. പണം വാങ്ങിച്ചുകൊണ്ടുപോയ കേസിൽമാത്രമേ ഇതു ബാധകമല്ലാതെ വരുകയുള്ളൂ.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ഇതെല്ലാം best interest of the tenant എന്നതു ഉദ്ദേശിച്ചു പറയുന്നതാണ്. അവർക്ക് എന്തെല്ലാം സൗകര്യം ചെയ്തു കൊടുക്കുന്നതിലും എനിക്ക് യാതൊരു വിരോധവുമില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം എന്നെ തൃപ്തനാക്കിയിട്ടില്ല. അതുകൊണ്ട് ക്ലാസ് 2-ൽ ഇതുകൂടി ചേർക്കണമെന്നുള്ള എന്റെ ഭേദഗതിയെപ്പറ്റി ഒരു പുനഃപരിശോധന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സബ് സെക്ഷൻ 3-ൽ ഉണ്ടെങ്കിൽ പോലും ഇത് രണ്ടിൽ കൂടി ഉൾപ്പെടുത്തണമെന്നു പറയുന്നത് കുടിയാൻമാരുടെ ഗുണത്തിനുവേണ്ടിയാണ്. ഞങ്ങൾ ഈ ബില്ലിന് എതിരാണെന്നും ഈ ബില്ല് ഈ നിയമസഭയിൽ അവതരിപ്പിച്ചതുമുതൽ ഇതുവരെയുള്ള ചർച്ചകളിൽ മുസ്ലീംലീഗുപാർട്ടി കുടിയാനു പ്രതികൂലമായ നിലപാടാണ് എടുക്കുന്നത്, ആ നിലയിലുള്ള വാദങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വളരെ ഉത്തരവാദപ്പെട്ട ഒരു പത്രത്തിൽ ഇന്നുപോലും വരുകയുണ്ടായി. അതുകൊണ്ടാണ് ഞാൻ ഇത് സ്ട്രസ്സു ചെയ്തു പറയുന്നത്. ഞങ്ങളിൽ അധികവും ജൻമിമാരല്ല. കുടിയാൻ വിഭാഗത്തിൽപ്പെടുന്നവരാണ്. അതുകൊണ്ട് കുടിയാനു ആശ്വാസം നൽകുന്ന വകുപ്പുകളും എഴുതിച്ചേർക്കണമെന്ന് ഈ ഗവൺമെൻറിനെ ഓർമ്മിപ്പിക്കാൻവേണ്ടിയാണ് ഞാൻ ഇതു പറയുന്നത്.

എന്റെ അടുത്ത ഭേദഗതിയും ഇതുതന്നെയാണ്. പല മെമ്പറൻമാരും അതിനോടുയോജിക്കുന്ന ഭേദഗതികളും കൊടുത്തിട്ടുള്ളതിൽനിന്നും തന്നെ അതിന്റെ പ്രാധാന്യം മനസ്സിലാക്കാവുന്നതാണ്. അതുകൊണ്ടു ഈ ഭേദഗതിയുടെ കാര്യവും മന്ത്രി ഒന്നു പരിശോധിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി]

സർ, എന്റെ ഈ രണ്ടു ഭേദഗതികളും കാതലായ ഭേദഗതികളാണ്. അതുകൊണ്ടു ബഹുമനപ്പെട്ട മന്ത്രി ഒന്നുകൂടി പുനരാലോചിച്ചതിനുശേഷമേ ഇതിനെ സംബന്ധിച്ച അവസാനവാചകം പറയാൻ പാടുള്ളൂ എന്നു എനിക്ക് അഭിപ്രായമുണ്ട്.

ശ്രീ. പന്തളം പി. ആർ. മാധവൻ പിള്ള: സർ, ഞാൻ അയച്ചിട്ടുള്ള ഭേദഗതിയിലെ ആശയം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു കഴിഞ്ഞതാണ്; അതുകൊണ്ട് ഇനി അവരുടെ ഭേദഗതിയിലുൾപ്പെടുത്തി അത് അവതരിപ്പിക്കേണ്ട കാര്യമില്ല.

ശ്രീ. സി. ഗോവിന്ദപ്പണിക്കർ: ബഹുമാനപ്പെട്ട മന്ത്രി നേരത്തെ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ ഭേദഗതി അവതരിപ്പിക്കുന്നില്ല.

Shri P.K.Gopalakrishnan: Sir, I move:

(No. 343) In clause 54 [In sub-section (1) of section 73 proposed to be substituted] for column (1) of the table, the following shall be substituted,

"Tenant possessing not more than, 5 standard acres of land in the aggregate, whether as owner, mortgagee lessee or otherwise.

Tenant possessing more than 5 standard acres, but not more than 10 standard acres of land in the aggregate, whether as owner mortgagee, lessee or otherwise.

Tenant possessing more than 10 standard acres of land in the aggregate, whether as owner, mortgagee, lessee or otherwise."

(No. 346) In clause 54 [In sub-section (2) of section 73 proposed to be substituted], after the words and figures "1st day of May 1967", the words and figures "or where the determination of correctness of any deposit made under section 73 of the Kerala Land Reforms Act, 1963 (Act 1 of 1964)" shall be inserted.

(No. 347) In clause 54 [After sub-section (10) of section 73 proposed to be substituted] add the following as sub-section (11), namely:—

"(11) Where a tenant has paid or deposited under section 73 of the Kerala Land Reforms Act, 1963 (Act 1 of 1964) before the commencement of Kerala Land Reforms (Amendment) Act, 1968, any amount towards the arrears of rent referred to in this section, such amount shall be deducted or adjusted from the amount to be paid or deposited under this section and it shall be sufficient if the tenant pays or deposits the balance, if any, after such deduction or adjustment."

സർ, ബഹുമാനപ്പെട്ട ഹാജി അവതരിപ്പിച്ച ഭേദഗതിയോടു തുല്യമായതാണ് എന്റെ ഭേദഗതി. ഇതിന്റെ പ്രധാനമായ ഉദ്ദേശം, 5 ഏക്കർ എന്നു മാത്രം പറഞ്ഞുകഴിഞ്ഞാൽ 5 ഏക്കർ തരിശു ഭൂമിക്കും തെങ്ങിൻ തോപ്പിനും കവുങ്ങിൻ തോപ്പിനും ഒരേരീതിയിൽ തന്നെ പാട്ടക്കുടിശ്ശിക കൊടുക്കുന്ന വ്യവസ്ഥ ചെയ്യുന്നതുപോലെ ആയിരിക്കും. 5 ഏക്കർ തരിശുഭൂമി

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളവനെ 5 ഏക്കർ തെങ്ങും പറമ്പ് ഉള്ളവനുമായി സാമ്യപ്പെടുത്താൻ നിവൃത്തിയില്ല. ധനിക കുടിയാനെയും പാവപ്പെട്ട കുടിയാനെയും രണ്ടു തട്ടിൽ കാണണം. അങ്ങനെ വ്യവസ്ഥ ചെയ്യണമെന്നുണ്ടെങ്കിൽ ഏക്കർ എന്നുള്ളത് സ്റ്റാൻഡേർഡ് ഏക്കർ എന്നു വ്യവസ്ഥ ചെയ്യണം. അഞ്ചേക്കർ തരിശുഭൂമിയുള്ളവനും അഞ്ചേക്കർ തെങ്ങിൻതോപ്പ് ഉള്ളവനും ഒരേരീതിയിൽ പാട്ടം കൊടുക്കേണ്ടി വരുന്നത് സർ. അഞ്ചേക്കർ തരിശുഭൂമിക്കാരനു കൂടുതൽ ആനുകൂല്യംകൊടുക്കണം.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: തരിശുഭൂമിക്ക് പാട്ടം കുറയുമല്ലോ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: പാട്ടബാക്കി കൊടുക്കുന്നതിനു വ്യവസ്ഥ തുല്യമായിരിക്കുമല്ലോ ?

സർ, ഭേദഗതി 346-നെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതിനു ഒരു പ്രത്യേക കാരണമുണ്ടു സർ. നമ്മുടെ പ്രിൻസിപ്പൽ ആക്ടുപ്രകാരം പാട്ടക്കുടിശ്ശിക കെട്ടിവയ്ക്കാൻ വ്യവസ്ഥയുണ്ട്. ആ ആക്ടു പാസ്സായി കഴിഞ്ഞപ്പോഴും പല കുടിയാൻമാരും അങ്ങനെ കെട്ടിവയ്ക്കുകയും ചെയ്തു. ചിലതിൽ തർക്കമില്ലാതെ ജന്മി സ്വീകരിച്ചിട്ടുണ്ട്. ചിലതിൽ കോടതിയിൽ നിന്നും ഡിക്രി ഉണ്ടായിട്ടുണ്ട്. എന്നാൽ ചിലതിൽ കെട്ടിവച്ച സംഖ്യ ശരിയല്ലെന്നുപറഞ്ഞ് ജൻമി കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. അങ്ങനെ ചോദ്യം ചെയ്യപ്പെട്ട കേസ്സുകളും ലാൻറ് ട്രിബ്യൂണലിനോ കോടതിക്കോ തീരുമാനിക്കാൻ അധികാരമില്ലെന്നും അത് പ്രത്യേക ഒരു സൂട്ടുവഴിക്ക് ആണ് തീരുമാനിക്കേണ്ടതെന്നും ഹൈക്കോടതി വിധിക്കുകയുണ്ടായി. അതിന്റെ ഫലമായിട്ട്, കെട്ടിവച്ച സംഖ്യയെ സംബന്ധിച്ച് അന്വേഷിച്ചു തീരുമാനിക്കാനുള്ള അധികാരം കോടതിക്കോ ട്രിബ്യൂണലിനോ ഇല്ലാത്തതുകൊണ്ട് പ്രത്യേകമായി ഒരു കേസുകൊടുത്ത് വിധി സമ്പാദിക്കേണ്ട ബുദ്ധിമുട്ട് കുടിയാനു വന്നു ചേർന്നിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടാമത്തെ സബ്ക്ലോസ്സിൽ ഇതു ഉൾപ്പെടുത്തിയാൽ ആ കോടതിയിൽ തന്നെ ഇതു തീരുമാനിക്കാൻ സാധിക്കും.

"or where the determination of correctness of any deposit made under section 73 of the Kerala Land Reforms Act, 1963 (Act 1 of 1964)"

ഇത് ആ ക്ലോസ്സിൽ ഉൾപ്പെടുത്തിയാൽ മാത്രമേ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ട് കുടിയാൻ കെട്ടിവയ്ക്കേണ്ടതായ തുക ഇത്രയെന്ന് ഒരു ഡിക്രി കോടതിക്ക് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളു. അതല്ലാത്തിടത്തോളം ഹൈക്കോടതി വിധി നിലനില്ക്കുന്ന അവസരത്തിൽ ഒരു പ്രത്യേക സൂട്ടു കൊടുത്തുവേണം ഈ സംഖ്യ ശരിയായ സംഖ്യയെന്നു തെളിയിക്കേണ്ടത്.

ഈ ഭാരത്തിൽനിന്നു കുടിയാനെ രക്ഷപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സർ, സബ്സെക്ഷൻ (3) പ്രകാരം ഈ ആനുകൂല്യം ലഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതു ശരിയല്ല. സബ്സെക്ഷൻ 3-ൽ പറയുന്നത്

'Where any decree or order has been passed in favour of a landlord before the commencement of the Kerala Land Reforms (Amendment) Act, 1969, by any court or Land Tribunal for the recovery of arrears of rent.....

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ]

എന്നാണ്. കോടതിയിൽ നിന്നും വിധി ഉണ്ടായിട്ടുള്ള സാഹചര്യങ്ങളിൽ മാത്രമേ ആ സെക്ഷൻ ബാധകമാകുകയുള്ളു. പണം കെട്ടിവച്ചിട്ടുണ്ടെന്നുള്ളവർക്കും ജൻമി കൊണ്ടുവന്നാൽ ആ സംഖ്യ ശരിയാണോ അല്ലയോ എന്നു തെളിയിക്കാൻ കോടതിക്കോ ലാൻഡ് ട്രിബ്യൂണലിനോ അധികാരമില്ലെന്നു ഹൈക്കോടതി വിധിച്ചിരിക്കുന്ന സ്ഥിതിക്ക് അത് നിയമപ്രകാരം 2-ാമത്തെ ക്ലോസ്സിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഏതു കോടതിയിലാണോ കേസ് നിലവിലിരിക്കുന്നത് ആ കോടതിക്ക് ആ സംഖ്യ ശരിയാണോ അല്ലയോ എന്നു പരിശോധിച്ച് സ്വീകരിക്കാനും അതിനുശേഷം അരിയേഴ്സ് ഓഫ് റെൻറ് തെളിയിക്കുന്നതിനുള്ള ഡിസ്ചാർജ്ജ് ഓർഡർ കൊടുക്കാനും സാധിക്കുകയുള്ളു. എങ്കിൽ മാത്രമേ ലീഗൽ ഡിസ്ചാർജ്ജ് ആയിരിക്കുകയുള്ളു. അതുകൊണ്ടാണ് 2-ാമത്തെ ക്ലോസ്സിൽ

'Ist day of May, 1967'.

എന്നു കഴിഞ്ഞിട്ട്

'or where the determination of correctness of any deposit made under section 73 of the Kerala Land Reforms Act,1963 (Act 1 of 1964)''

എന്ന ഭേദഗതി ഞാൻ കൊടുത്തിരിക്കുന്നത്. അങ്ങനെവന്നാൽ മാത്രമേ കോടതിയുടെ അന്വേഷണപരിധിയിൽ ഉൾപ്പെടുകയുള്ളു. 2-ാമത്തെ ക്ലോസ്സിലാണ് കോടതിയുടെ അന്വേഷണപരിധിയിൽ പെടുന്ന കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നത്. കെട്ടിവയ്ക്കുന്ന സംഖ്യയുടെ ക്ലിപ്തത കോടതിയുടെ അന്വേഷണപരിധിയിൽ കൊണ്ടുവരണമെന്നാണ് ഈ ഭേദഗതിമൂലം ഞാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അവസാനമായി 11-ാമത്തെ സബ്സെക്ഷനായി പുതുതായി ഒന്നു ചേർക്കണമെന്ന ഒരു ഭേദഗതി. പക്ഷേ അത് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചതുപോലെ കുറച്ചു കാലതാമസത്തിനും പ്രയാസങ്ങൾക്കും ഇടയാക്കുമെന്നുള്ളതുകൊണ്ടും പാട്ടബാക്കിയുടെ കാര്യത്തിൽ ഗവൺമെൻറിൽ നിന്ന് ചില ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് ഭേദഗതി അവതരിപ്പിച്ചതുകൊണ്ടും ഞാൻ എൻറെ ഭേദഗതി പ്രസ് ചെയ്യുന്നില്ല. എങ്കിലും 2-ാമത്തെ ഉപവകുപ്പിനുള്ള ഭേദഗതി പ്രത്യേകിച്ചും അംഗീകരിക്കണമെന്നും അതുപോലെതന്നെ പാവപ്പെട്ട കുടിയാനേയും ധനികനായ കുടിയാനേയും ഒരുപോലെ കണക്കാക്കുന്ന നിലമാറാൻ സ്റാൻറേർഡ് ഏക്കർ എന്നുള്ള വ്യവസ്ഥ അംഗീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി മൂവുചെയ്തതിൻെറ അടിസ്ഥാനത്തിൽ ഞാൻ എൻെറ ഭേദഗതി മൂവ് ചെയ്യുന്നില്ല.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, ശ്രീ. ഹാജിയും ശ്രീ. ഗോപാലകൃഷ്ണനും പറഞ്ഞത് ഏക്കർ എന്നുള്ളത് സ്റാൻറേർഡ് ഏക്കർ എന്നാക്കണമെന്നാണ്. സ്റാൻറേർഡ് ഏക്കർ ആക്കിയാൽ കാലതാമസംവരും. കരഭൂമിയാണെങ്കിൽ രണ്ടര ഏക്കർ ഒരു സ്റാൻറേർഡ് ഏക്കർ എന്ന് മനസ്സിലാക്കിയാൽ മതി. ഭൂമിയുടെ ആദായമനുസരിച്ചാണ് പാട്ടം നിശ്ചയിക്കുന്നത്. ഇക്കാര്യം ഞാൻ മുമ്പു പറഞ്ഞിട്ടുണ്ട്. എന്താണെന്നുവച്ചാൽ പഴയകാലത്ത് ഏക്കറും മറ്റും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: ജസ്റ്റീസ് രാമൻ നായരുടെ ഒരു വിധി ഉണ്ടായിട്ടുണ്ട്. സ്യൂട്ട് കൊണ്ടുവന്നാൽ മാത്രമേ കറക്ടനെസ് തീർച്ചപ്പെടുത്താൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഇപ്പോഴം വിചാരണ ചെയ്യുന്ന കോടതിക്ക് എടുക്കാൻ പാടില്ലെന്നുണ്ട്. ആ പ്രയാസം നീക്കാൻവേണ്ടി എന്താണ് ഈ ബില്ലിൽ എഴുതിപ്പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: ജസ്റ്റീസ് രാമൻ നായരുടെ ജഡ്ജ്മെൻറ് ഞാൻ കണ്ടു.

'Where any suit, appeal, revision or application which involves a claim by a landlord for arrears of rent accrued due prior to the 1st day of May 1967, is pending before any court or Land Tribunal, such court or Land Tribunal may, after such enquiry as it deems fit, pass an order....'

ഈ ബില്ലിൻെറ അവസാനഭാഗത്ത് എല്ലാം നോക്കാൻ ലാൻഡ് ട്രിബ്യൂണലിന് അധികാരമുണ്ടെന്ന് ഒരു വകുപ്പ് എഴുതിച്ചേർത്തിട്ടുണ്ട്. 125-ാമത്തെ സെക്ഷൻ വായിച്ചുനോക്കിയാൽ അതു മനസ്സിലാകും. അതുകൊണ്ടു യാതൊരു ബുദ്ധിമുട്ടുകളും വരുകയില്ല. പണം കോടതിയിൽ കൊടുത്ത ആളുകളുണ്ട്, അല്ലാതെ കൊടുത്ത ആളുകളുണ്ട്. അതുപോലെതന്നെ പണം കൊടുത്ത ശേഷം രസീതു വാങ്ങിച്ച ആളുകളും രസീതു വാങ്ങിക്കാത്ത ആളുകളുമുണ്ട്. പാലക്കാട് പ്രദേശങ്ങളിൽ ജൻമിയുടെ വീട്ടിൽ റെൻറിനു പകരം നെല്ലുകൊണ്ടുകൊടുക്കുന്ന സംപ്രദായമുണ്ട്. ജൻമിയുടെ വീട്ടിൽ പട്ടിണിയായാൽ കുടിയാൻെറ കുടുംബം നശിച്ചുപോകുമെന്നു അന്ധവിശ്വാസമുള്ള കുടിയാൻമാർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് നെല്ലുകൊണ്ടുചെന്നു കൊടുക്കും. അപ്പോഴം രസീതു കൊടുക്കുകയില്ലെന്നു നിർബന്ധമുള്ള കുടുംബങ്ങളുമുണ്ട്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സെക്ഷൻ 95-ൽ ഒരു പ്രൊവൈസോ ഉണ്ട്.

'Provided that nothing contained in this sub-section shall apply to proceedings pending in any court at the commencement of the Kerala Land Reforms (Amendment) Act, 1969'

ശ്രീമതി കെ. ആർ. ഗൗരി: അത് നമുക്ക് ആ ഭാഗം വരുമ്പോഴം നോക്കാം. എൻെറ അഭിപ്രായത്തിൽ ഇതിനെസംബന്ധിച്ചുള്ള എല്ലാ കേസുകളും ലാൻഡ് ട്രിബ്യൂണലിനു നോക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്. ലാൻഡ് ട്രിബ്യൂണലിന് അധികാരമില്ലെന്നാണ് ജസ്റ്റീസ് രാമൻ നായരുടെ വിധി. അധികാരമുണ്ടെന്നു ബില്ലിൽ വ്യക്തമായി പറയുന്നുണ്ട്. അത് നമുക്ക് ആ ഭാഗംവരുമ്പോഴം നോക്കാം. സർ, ഞാൻ അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം മറ്റു ഭേദഗതികഠം പ്രസ്സ് ചെയ്യരുതെന്ന് അപേക്ഷിക്കുകയാണ്.

The following amendments moved by Smt. K. R. Gouri viz. In section 73 proposed to be substituted by clause 54,—

(i) for the words, figures and letters 'the 1st day of May, 1967', wherever they occur the words, figures and letters 'the 1st day of May, 1968' shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

(ii) in sub-section (1), in the Table, in column (2), for the words 'Four years' rent' the words 'Three years' rent' shall be substituted;

(iii) in sub-section (7), for the words 'thirty days', the words 'six months' shall be substituted.

were put and carried.

The amendments (Nos. 298 and 300) moved by Shri K. Moideen-kutty Haji was, by leave, withdrawn.

The amendments (Nos. 343, 346 and 347) moved by Shri P. K. Gopalakrishnan was, by leave, withdrawn.

The question that clause 54, as amended, stands part of the Bill was put and carried.

Clause 54, as amended, was added to the Bill.

Clause 63

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): ക്ലാസ്സ് 63 മാറ്റിവയ്ക്കണം.

ഡെപ്യൂട്ടി സ്പീക്കർ: ക്ലാസ്സ് 63 അടുത്തദിവസത്തേക്ക് മാറ്റിവയ്ക്കുന്നു.

Clause 75

ഡെപ്യൂട്ടി സ്പീക്കർ: ക്ലാസ്സ് 75 തുടരാം. ഇന്നലെ ശ്രീ. അഹമ്മദ് ഭേദഗതി അവതരിപ്പിക്കുകയുണ്ടായി.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സ്ഥലത്തുതന്നെ അനേകം കുടിയിരിപ്പുണ്ടെങ്കിൽ അതു നോക്കാതെ .....

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ കരുണാകരൻ പറഞ്ഞ കാര്യം ഞാൻ നോക്കിയപ്പോഴാണ് അതു നമ്മുടെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിലുള്ളതാണ്. 2 ഏക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാരുടെ ഭൂമിയിലുള്ള കുടികിടപ്പുകാർക്കു കൊടുക്കുന്ന ഭൂമി 30 സെൻറ് എന്നു പറയുന്നതിൽ നിൽക്കുന്നില്ലെങ്കിൽ അതു 3 സെൻറായി കൊടുക്കേണ്ടിവന്നാൽ അവർക്ക് അഡ്ജസ്റ്റ് ചെയ്യണമെന്നുള്ള ഒരു പ്രൊവിഷൻ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽത്തന്നെയുണ്ട്. അതുകൊണ്ട് അവരെ ഒഴിപ്പിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. കെ. കരുണാകരൻ: ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ 5 സെൻറിനകത്ത് നാലുകെട്ടിടമുണ്ടെന്നുവയ്ക്കുക. അപ്പോഴാണ് ആ ഭൂമി എങ്ങനെ വീതിക്കണമെന്ന പ്രശ്നം വരും. അതിൽ നിന്ന് ആരാണ് കുടി പൊളിച്ചുപോകേണ്ടത്, ആരാണ് അവിടെ താമസിക്കേണ്ടത്? അതു സംബന്ധിച്ച് വ്യക്തമായ ഒരു നിർദ്ദേശം ഈ ബില്ലിൽ എഴുതിച്ചേർത്തില്ലെങ്കിൽ അതു വലിയ വഴക്കിനു ഇടയാക്കും.

ശ്രീമതി കെ. ആർ. ഗൗരി: ഓരോ കുടികിടപ്പുകാരനും ഓപ്റ്റ് ചെയ്യാമെന്നുണ്ട്. അല്ലെങ്കിൽ ലാൻഡ് ട്രിബ്യൂണൽ ആ കാര്യങ്ങൾ തീരുമാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീമാൻ കരുണാകരൻ ഇന്നലെ ഇവിടെ എന്തോ ശ്ലോകങ്ങളൊക്കെ ചൊല്ലി. അത് ദൈവത്തിന്റെ ശ്ലോകമായതുകൊണ്ട് എനിക്കോർമ്മയില്ല.

ശ്രീ. കെ. കരുണാകരൻ: സത്യം ദൈവമാണ്. ദൈവം സത്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി: കള്ളവും ചിലപ്പോൾ ദൈവമാകാറുണ്ട്. ശ്രീമാൻ കരുണാകരൻ പറഞ്ഞത് എന്താണെന്നുവച്ചാൽ ഇന്നു കാണുന്നതൊന്നും അങ്ങനെതന്നെ ഇരിക്കുകയില്ല എന്നാണ്. വലിയ ആദ്ധ്യാത്മികവാദിയായിട്ടാണ് അതു പറഞ്ഞത്. ഇവിടെ പല നാടകങ്ങളും നടന്നിട്ടുണ്ട്. ഇന്ന് ഈ ഭാഗത്തിരിക്കുന്നവർ നാളെ ആ ഭാഗത്തിരിക്കും. ഇന്ന് ആ ഭാഗത്തിരിക്കുന്നവർ നാളെ ഈ ഭാഗത്തിരിക്കും. ഞങ്ങൾക്കുവേണ്ടി ഇപ്പോൾ തഹസീൽദാരെ വച്ചിട്ടുണ്ടെങ്കിൽ നാളെ നിങ്ങൾ വരുമ്പോൾ നിങ്ങൾക്കുവേണ്ടി മുൻസിഫിനെ വച്ചിട്ടുണ്ട്. അതുമാത്രം മനസ്സിലാക്കിയാൽ മതി. ഇപ്പോൾ ഞങ്ങളാണുള്ളത്. ഞങ്ങൾക്ക് തഹസീൽദാർ ഇരിക്കട്ടെ.

ശ്രീ. കെ. കരുണാകരൻ: അതു ശരിയല്ല.

[10 a.m.]

ശ്രീമതി കെ. ആർ. ഗൗരി: ഒരു സംശയവും വേണ്ട. വകുപ്പു വായിച്ചു നോക്കണം. വ്യക്തമായി വകുപ്പിൽ എഴുതിവെച്ചിട്ടുണ്ട്. ഞങ്ങൾ ഇരിക്കുമ്പോൾ തഹസീൽദാരുണ്ടെങ്കിൽ നിങ്ങൾ വരുമ്പോൾ മുൻസിഫും ഉണ്ടല്ലോ.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു 'നിങ്ങൾ വരുമ്പോൾ കാര്യങ്ങൾ നടത്താൻ മുൻസിഫിനെ വെച്ചിട്ടുണ്ട്'ന്ന്. മുസ്ലീം ലീഗു മെമ്പറായ ശ്രീ. അഹമ്മദ് ആണ് ഈ ഭേദഗതി കൊണ്ടു വന്നതെന്നറിഞ്ഞുകൂടേ, മുസ്ലീം ലീഗിനെ നിങ്ങളുടെ കൂട്ടത്തിൽ കൂട്ടിയിട്ടില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ശ്രീ. കരുണാകരൻ പറഞ്ഞതിനു മറുപടി പറയുകയായിരുന്നു. ഞാനും അഹമ്മദും തമ്മിലുള്ള കാര്യങ്ങൾ ഞങ്ങൾ തമ്മിൽ പറഞ്ഞു തീർത്തുകൊള്ളാം. അല്ല കരുണാകരൻ അവർക്കുവേണ്ടി പറഞ്ഞാൽ അങ്ങനെ തീർത്തുകൊള്ളുക. മുൻപു സംസാരിച്ചപ്പോൾ പറഞ്ഞു എന്തോ വലിയ ആപത്തുണ്ട്, റവന്യൂ മന്ത്രിയുടെ പിടിയിലിരിക്കുന്ന ആളുകളാണ് എന്നൊക്കെ. എന്റെ പിടിയിലിരിക്കുന്ന ആളുകളെ ശരിയാക്കിയെടുക്കണമെന്നുള്ള ധാരണയിലാണോ ശ്രീ. ജഗജീവൻ റാം എഴുതി അയച്ചത്? കാലതാമസവും മറ്റും ഉണ്ടാകുന്നുവെന്നതിനാൽ പ്ലാനിംഗ് കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജഗജീവൻ റാം എഴുതി. അതിന്റെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം. 1967 ആഗസ്റ്റ് 14-ാം തീയതിയാണ് ഇതെഴുതിയത്. The principal agency for implementation of land reforms consists of Land Tribunals. These Land Tribunals are comprised of District Munsiffs who are used to elaborate civil procedures which are time consuming. The State Government should consider reconstitution of Land Tribunals and appointment of Revenue Officers like Mamaldars, Tahsildars, etc., for expediting the implementation of land reforms. That would become all the more important because of the increased volume of work.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: എഴുത്ത് എഴുതി അയയ്ക്കുമ്പോഴേ വേണ്ട ഉദ്യോഗസ്ഥൻമാരെ ദുരുപയോഗപ്പെടുത്തുമെന്ന് ഉദ്ദേശിച്ചിരിക്കയില്ല.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കരുണാകരന് കരുണാകരന്റെ പാർട്ടി ചെയ്യുന്നതുപോലെ മറ്റു പാർട്ടികളും ചെയ്യുമെന്നു വിചാരിക്കുന്നു. Congress ചെയ്യുന്നതു ശരി. ഓ, ഞങ്ങളും പാവപ്പെട്ടവരെയാണല്ലോ പ്രതിനിധീകരിക്കുന്നത്. തൽക്കാലം മനസ്സിലുള്ളത് അങ്ങനെ വച്ചിരുന്നാൽ മതി. ആ വിശ്വാസം രക്ഷിക്കട്ടെ എന്നല്ലാതെ എന്തു പറയാനാണ്. മഞ്ഞപ്പിത്തം ബാധിച്ചയാളെ കാണുന്നതെല്ലാം മഞ്ഞയായി തോന്നുമെന്നു പറയാറുണ്ടല്ലോ. ആ രോഗത്തിൽനിന്നു ശ്രീ. കരുണാകരനെ എനിക്കു രക്ഷിക്കാൻ കഴിയുകയില്ല. ശ്രീ. കരുണാകരൻ രോഗവിമുക്തനാകാൻ നല്ല ചികിൽസ ചെയ്യുക; നല്ല ഡോക്ടറെ കാണിക്കുക.

ശ്രീ. കെ. കരുണാകരൻ: ഏതു രോഗത്തിന്?

ശ്രീമതി കെ. ആർ. ഗൗരി: മഞ്ഞപ്പിത്തത്തിന്.

ശ്രീ. കെ. കരുണാകരൻ: ചൈനയിലേക്കു നോക്കിയിരിക്കുന്നവർക്കല്ലേ മഞ്ഞപ്പിത്തം വരുന്നത്?

ശ്രീമതി കെ. ആർ. ഗൗരി: അതെനിക്കറിഞ്ഞുകൂടാ. എന്തു പറഞ്ഞാലും നിങ്ങൾക്കു ദുരുദ്ദേശപരമാണ്. നമ്മൾ ഒന്നിച്ചിരുന്ന് എഴുതിവെച്ചതാണ് ഇത്. എനിക്ക്, തഹസിൽദാർ എന്നു മാത്രം മതിയെന്നായിരുന്നു. മറ്റുള്ള സെലക്ഷൻ കമ്മിറ്റിയംഗങ്ങളുടെ അഭിപ്രായംമാനിച്ചാണ് മുൻസിഫും കൂടി ഉണ്ടായിരിക്കട്ടെ എന്നു വെച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കുകയാണ്, എവിടെയാണ് തഹസിൽദാരെ ദുരുപയോഗപ്പെടുത്തിയത്? ഒരൊറ്റ സംഭവം ചൂണ്ടിക്കാണിക്കാമോ? വെറുതെ ധൂമപടലം പരത്തിക്കൊണ്ട്, ഒരു നിയമനിർമ്മാണം ശരിക്കു നടത്തുന്നതിനുള്ള പരിപാടിയെ പരാജയപ്പെടുത്താൻ ശ്രമിക്കുകയാണ്. നിങ്ങളുടെ ആവശ്യമാണ്; അംഗീകരിക്കുന്നില്ല.

ശ്രീ. കെ. എം. മാണി: ഒരു സംഭവം ഞാൻ ചൂണ്ടിക്കാണിക്കാം.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. കെ. ടി. ജോർജ്ജ്: ഇതിൽ എഴുതിവെച്ചിട്ടുള്ളത് any officer not below the rank of Tahsildar എന്നാണ്. തഹസിൽദാരുടെ പദവിയുള്ള മറേതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കത്തക്ക രീതിയിലാണ്. അതു മാറ്റുന്നതിന് ഏർപ്പാടു ചെയ്യുമോ?

The amendment (No. 148) moved by Shri E. Ahamed was, by leave, withdrawn.

The question that clause 75 stands part of the Bill was put and carried.

Clause 75 was added to the Bill.

New clause after clause 75

Smt. K. R. Gouri: I move:

(No. 18.) After clause 75, the following clause shall be inserted, namely:—

LIBRARY ARCHIVES Kerala Legislative Assembly

"75A. Insertion of new section 99A—After section 99 of the principal Act, the following section shall be inserted, namely:—

99A. Constitution of appellate authority:—

(1) The Government may, by notification in the Gazette, constitute as many appellate authorities as may be necessary for the purpose of this Act.

(2) The appellate authority shall consist of a sole member who shall be a judicial officer not below the rank of a Subordinate Judge.

(3) Each appellate authority shall have jurisdiction over such areas as the Government may, by notification in the Gazette, from time to time determine".

അപ്പലേറ്റ് അതോറിട്ടി സംഘടിപ്പിച്ചതിനെത്തുടർന്നുള്ള കാൺസിക്വൻഷ്യൽ അമെൻഡ്മെൻറാണ്.

ശ്രീ. എൻ. ഗണപതി: സർ.....

ശ്രീമതി കെ. ആർ. ഗൗരി: ഒരു സ്പെഷ്യൽ അപ്പലേറ്റ് അതോറിട്ടി സൃഷ്ടിച്ചിട്ടുണ്ട്. ഈ അമെൻഡ്മെൻറിനെപ്പറ്റി വിശദീകരിച്ചുകഴിഞ്ഞിട്ട് ശ്രീ. ഗണപതിക്കു സംസാരിക്കാം.

ஶ்ரீ. என். கணபதி: ஸர், நமது சபையில் ஶ்ரீ. இ. எம். எஸ். அவர்கள் வந்திருக்கிறார்கள். அவர்களுடைய சுகதேடைப்பற்றியும் ஈஸ்ட் ஜெர்மனிக்குப்போய் திரும்பிய விவரங்களைப்பற்றியும் நாங்கள் அறிய மிக ஆவலுடையவர்களாய் இருக்கிறோம். அதைப்பற்றி விரிவாக எடுத்துக்கூற சமயம் கொடுக்கும்படி நமது ஸ்பீக்கர் அவர்களை நான் கேட்டுக்கொள்கிறேன.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: സർ, നാളെയോ മറന്നാളോ സമയംപോലെ പറയാം; ഇതിനിടയ്ക്കു വേണ്ടല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: ഇന്നു നിലവിലുള്ള കേസുകൾക്ക് സബ് കോടതികളിലും ഡിസ്ട്രിക്റ്റ് കോടതികളിലും പോയാൽ കാലതാമസമുണ്ടാകുമെന്നുള്ളതുകൊണ്ട് ഒരു അപ്പലേറ്റ് അതോറിട്ടി special ആയി വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി. അതുകൊണ്ട് ഇതു പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

The amendment was put and carried.

The question that new clause 75A stands part of the Bill was put and carried.

New clause 75A was added to the Bill.

Clause 76

The question that clause 76 stands part of the Bill was put and carried.

Clause 76 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 77

Smt. K. R. Gouri: I move:

(No. 19) In clause 77, clause (a) shall be re-lettered as (aa) and before that clause, the following clause shall be inserted, namely:—

"(a) for sub-section (2), the following sub-section shall be substituted, namely:—

"(2) The Land Board shall have superintendence over all the Land Tribunals and appellate authorities, and the Land Board may—

(a) call for returns from the Land Tribunals and appellate authorities;

(b) make and issue general rules and prescribe forms for regulating the practice and proceedings of the Land Tribunals and appellate authorities;

(c) prescribe forms in which books, entries and accounts shall be kept by the Land Tribunals and appellate authorities; and

(d) on the application of any of the parties and after notice to the parties and after hearing such of them as desire to be heard, or of its own motion, without such notice, transfer any application, appeal or other proceeding pending before any Land Tribunal or appellate authority, to any other Land Tribunal or appellate authority, as the case may be, or retransfer the same for trial or disposal to the Land Tribunal or the appellate authority, as the case may be, from which it was originally transferred."

സർ, ഇതിൽ ഇത്രയേ ഉള്ളൂ; അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിക്കഴിഞ്ഞാൽ വേണ്ട പരിശോധനയും മറ്റും നടത്തുന്ന കാര്യങ്ങളും Land Board-ന്റെ നിയന്ത്രണത്തിൽ വരുന്നതിനു വേണ്ടിയാണിത്.

The amendment was put and carried.

The question that clause 77, as amended, stands part of the Bill was put and carried.

Clause 77, as amended, was added to the Bill.

Clause 78

Smt. K. R. Gouri: Sir, I move:

(No. 20) For clause 78, the following clause shall be substituted namely:—

"78. *Substitution of new section for section* 102.—For section 102 of the principal Act, the following section shall be substituted, namely:—

"102. *Appeal to appellate authority*.—(1) The Government or any person aggrieved by any order of the Land Tribunal under sub-section (2) of section 12, sub-section (3) of section 13A, section 22, section 23, sub-section (2) of section 26 (where the amount of arrears of rent claimed exceeds five hundred rupees), section 31, section 47, sub-section (3) or sub-section (4) of section 48, sub-section (3) of section 49, sub-section (6) of section 52, section 57, sub-section (5) of section 66, section 72F, section 73, section 80B, sub-section (4) of section 90,

LIBRARY ARCHIVES Kerala Legislative Assembly

section 106 or section 106A may appeal against such order within such time as may be prescribed to the appellate authority.

(2) The appellate authority may admit an appeal presented after the expiration of the period prescribed under sub-section (1) if it is satisfied that the appellant had sufficient cause for not presenting it within that period.

(3) In deciding appeals under sub-section (1), the appellate authority shall exercise all the powers which a court has and follow the same procedure which a court follows in deciding appeals against the decree of an original court under the Code of Civil Procedure, 1908.

(4) Where there has been any modification in appeal from any decision or order of the Land Tribunal, such decision or order shall be modified accordingly."

ഇതും അപ്പലേറ്റ് അതോറിട്ടി സംഘടിപ്പിച്ചതിനെത്തുടർന്ന് കാൺസി കെപൻഷ്യലായി കൊണ്ടുവന്നിട്ടുള്ളതാണ്.

The amendment was put and carried.

The question that clause 78, as amended, stands part of the Bill was put and carried.

Clause 78, as amended, was added to the Bill.

Clause 79

The question that clause 79 stands part of the Bill was put and carried.

Clause 79, was added to the Bill.

Clause 80

Smt. K. R. Gouri: Sir, I move:

(No. 319). For clause 80, the following clause shall be substituted, namely:—

"80. *Amendment of section* 104.—In section 104 of the principal Act,—

(a) in sub-section (2), the following shall be inserted at the end :—

" and notwithstanding anything contained in any other law, it shall not be necessary to obtain the permission of the court which appointed the receiver for so impleading him." ;

(b) after sub-section (2), the following sub-section shall be inserted, namely :—

(3) The provisions of this section shall have effect notwithstanding anything to the contrary contained in any other provision of this Act."

ഇത് റെസീവറുടെ നിയമനം സംബന്ധിച്ചുള്ളതാണ്. കോടതിയുടെ അനുവാദം വേണമെന്നുള്ളത് പ്രായോഗിക വൈഷമ്യമുണ്ടാക്കുന്നതു കൊണ്ട് ആ പ്രായോഗിക വൈഷമ്യം മാറുന്നതിനുവേണ്ടിയാണ്,

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and carried.

The question that clause 80, as amended, stands part of the Bill was put and carried.

Clause 80, as amended, was added to the Bill.

Clauses 81–84

The question that clauses 81 to 84 stands part of the Bill was put and carried.

Clauses 81 to 84 were added to the Bill.

Clause 85

Smt. K. R. Gouri : Sir, I move:

(No. 320). In clause 85, in section 106A proposed to be inserted, before the Explanation, the following sub-section shall be inserted, namely :—

" (3) Nothing contained in sub-sections (1) and (2) shall apply to buildings constructed on lands owned or held by the Government of Kerala or a local authority.".

ഗവൺമെൻറു ഭൂമിയെ സംബന്ധിച്ചും ലോക്കൽ അതോറിറ്റിയെ സംബന്ധിച്ചും പഞ്ചായത്തിനെ സംബന്ധിച്ചും ഒക്കെ എടുത്തു പറഞ്ഞിരിക്കുന്നുവെന്നേയുള്ളു.

The amendment was put and carried.

The question that clause 85, as amended, stands part of the Bill was put and carried.

Clause 85, as amended, was added to the Bill.

Clause 86

Smt. K. R. Gouri : Sir, I move:

(No. 29). For clause 86, the following clause shall be substituted, namely :

"86. *Amendment of section* 107.—In section 107 of the principal Act,—

(a) in sub-section (1), after the words " Land Tribunal ", in both the places where they occur, the words "or appellate authority" shall be inserted ;

(b) for sub-section (2), the following sub-section shall be substituted, namely :—

"(2) An order passed by the Land Tribunal or the appellate authority in exercise of the powers vested in it under sub-section (1) may be executed by it in such manner as may be prescribed.".

LIBRARY ARCHIVES Kerala Legislative Assembly

ഇതും കാൺസിക്വെൻഷ്യൽ അമെൻഡ്മെൻറാണ്. അപ്പലേറ്റ് അതോറിറ്റിയുടെ നിയമനത്തോടുകൂടി വേണ്ടിവന്നതാണ്.

The amendment was put and carried.

The question that clause 86, as amended, stands part of the Bill was put and carried.

Clause 86, as amended, was added to the Bill.

Clause 87

The question that clause 87 stands part of the Bill was put and carried.

Clause 87 was added to the Bill.

Clause 88

Shri E. Ahamed : Sir, I move :

(No. 153). In clause 88 [in section 109A (1) proposed to be inserted in the principal Act] first proviso, instead of 'five hundred rupees', substitute "one thousand rupees".

(No. 154). In clause 88 [in section 109A (1) proposed to be inserted in the principal Act] second proviso (a), for the words 'two thousand rupees' substitute the words "exceed ten thousand rupees".

(No. 157). In clause 88 [in section 109A(1) proposed to be inserted in the principal Act] (b) to second proviso be deleted.

സർ, 88-ാം വകുപ്പിൽ പറയുന്ന പുതിയ സെക്ഷൻ 109 (എ) ചെറുകിടക്കാർക്കുള്ള ചില ആനുകൂല്യങ്ങളെപ്പറ്റിയാണു വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതു വളരെ സ്വാഗതാർഹമാണ്. അതിനെപ്പറ്റി പ്രത്യേകിച്ചു പറയേണ്ടതില്ല. എന്നാൽ അതേ അവസരം 109 (എ) യിൽ ഒന്നാമത്തെ പ്രൊവൈസോയിൽ ചെറുകിട ജൻമിമാരിൽനിന്നു ഭൂമി പിടിച്ചെടുക്കുമ്പോൾ അവർക്കു നൽകുന്ന സൊലേഷ്യം ഒരാൾക്കു 500 രൂപയിൽ കവിയാൻ പാടില്ലെന്നു പറയുന്നതു ഭേദഗതി ചെയ്യേണ്ടതാണ്. 500 രൂപ എന്നത് 1,000 ക. യായി വർദ്ധിപ്പിക്കണമെന്നാണ് എന്റെ ആദ്യത്തെ ഭേദഗതിയിൽ ആവശ്യപ്പെടുന്നത്.

മറ്റൊരു ഭേദഗതി, രണ്ടാമത്തെ പ്രൊവൈസോയിൽ സബ്ക്ലോസ്സ് (എ)യിൽ അങ്ങനെ സൊലേഷ്യം കിട്ടാൻ അർഹതയുള്ള ചെറുകിട ജൻമിമാർക്കുകിട്ടുന്ന കാമ്പൻസേഷൻ 2,000 ക. യിൽ കവിയാൻ പാടില്ലെന്നുള്ളത് 10,000 ക. യിൽ കവിയാൻ പാടില്ലെന്നുള്ളതാണ്.

മൂന്നാമത്തെഭേദഗതി, 2-ാമത്തെ പ്രൊവൈസോയിൽ സബ്ക്ലോസ്സ് (ബി) അതായത്, ഒരു നിശ്ചിത തുകവരെ സെയിൽസ് ടാക്സു കൊടുക്കുന്ന ആളാണെങ്കിൽ അവർക്കു ഈ ആനുകൂല്യം ലഭിക്കുകയില്ലെന്നു പറയുന്നതു എടുത്തുകളയണമെന്നുള്ളതാണ്.

സർ, ഈ മൂന്നു ഭേദഗതികളും അവതരിപ്പിച്ചുകൊണ്ട് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോടു വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, ചെറുകിട ജൻമിമാർക്കു 500 രൂപ സൊലേഷ്യം കൊടുക്കുക എന്നുള്ളതു സ്വാഗതാർഹമാണെങ്കിലും, 500 രൂപകൊണ്ടു ഗവൺമെൻറു അവർക്കു നൽകാൻ ഉദ്ദേശിക്കുന്ന കാര്യം നിർവ്വഹിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ ആ സംഖ്യ 1,000 ക.

LIBRARY ARCHIVES Kerala Legislative Assembly

[Shri E. Ahamed]

യായി വർദ്ധിപ്പിക്കേണ്ടതാണ്. ഒരു മുറുക്കാൻകട തുറക്കണമെങ്കിൽ തന്നെ 1,000 ക. യെങ്കിലും വേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും ഉദ്ദേശിക്കുന്നത് ജൻമി-കുടിയാൻ ബന്ധം ശാശ്വതമായി അവസാനിപ്പിച്ചിട്ടു ഇന്നുത്ത സാമൂഹിക വ്യവസ്ഥിതിയിൽ ഒരു പുതിയ വ്യതിയാനം വരുത്തുക എന്നുള്ളതാണ്. അങ്ങനെയൊരു സാമൂഹിക പരിഷ്കരണം നടപ്പാക്കുമ്പോൾ അതുകൊണ്ടു ദുരിതവും വൈഷമ്യങ്ങളും അനുഭവിക്കുന്ന ഒരു വിഭാഗത്തിനു ആവശ്യമായ സംരക്ഷണവും മറ്റു ആശ്വാസ നടപടികളും വേണമെന്നുള്ള നിലയിലാണ് പുതിയ ക്ലോസ്സ് എഴുതി ചേർത്തിട്ടുള്ളത്. അങ്ങനെ സംരക്ഷണം നൽകുമ്പോൾ സാമൂഹികമായി വളരെയേറെ ദുരിതം അനുഭവിക്കുന്ന ഒരു വിഭാഗത്തിന്, സമൂഹത്തിൽ, 'ജൻമി' എന്ന പേരുണ്ടെങ്കിൽപോലും കുടിയാൻമാരെക്കാൾ മോശമായ നിലയിൽ കഴിയുന്നവർ അവരുടെ കൂട്ടത്തിലുണ്ട്. അങ്ങനെയുള്ള വിഭാഗത്തിന് 500 ക. കൊടുക്കുക എന്നു പറഞ്ഞാൽ അതു തികച്ചും അപര്യാപ്തമാണെന്നാണ് എന്റെ അഭിപ്രായം. ഗവൺമെൻറിനു കുറെ സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെങ്കിലും, കഷ്ടത അനുഭവിക്കുന്ന, ഒരു വിഭാഗം മർദ്ദിതവിഭാഗമെന്ന പരിഗണനയിൽ അവർക്ക് ആശ്വാസ നടപടിയെന്ന നിലയിൽ നൽകുന്ന തുക 500 ക. യിൽനിന്ന് 1,000 ക. യായി വർദ്ധിപ്പിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ചെറുകിട ജൻമിമാരുടെ എല്ലാ അവകാശങ്ങളും പിടിച്ചെടുത്തിട്ട്, അവർക്കു ഭാവിയിൽ ജീവിക്കാനുള്ള സൗകര്യം നൽകുന്നതിനാവശ്യമായ ഒരു തുക നൽകുന്നില്ലെങ്കിൽ അതു കഷ്ടമാണ്. ഭൂവുടമ സംബന്ധിച്ച ടൈറ്റിലും, ഇൻറർസ്റ്റും റൈറ്റ്സും എല്ലാംതന്നെ ഇല്ലാതാക്കിക്കൊണ്ട് അവരുടെ ഭൂമി പിടിച്ചെടുക്കുന്ന അവസരത്തിൽ സൊലേഷ്യമായി 500 ക. കൊടുക്കുന്നതുപോരാ, അതു 1,000 ക.യായി വർദ്ധിപ്പിക്കേണ്ടതു നീതിമാത്രമാണെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ചെയ്താൽ അവരെ പുനരധിവസിപ്പിക്കാൻ ഗവൺമെൻറിന് പ്രായോഗികമായ വൈഷമ്യം കുറയുകയും ചെയ്യും. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. വിശിഷ്യാ 500 ക. ഇന്നത്തെ കാലത്ത് യാതൊരാവശ്യത്തിനും മതിയാകുകയില്ലെന്നുള്ളതു ഒരു വസ്തുതയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്, ഒരു മുറുക്കാൻകട തുറക്കാനുള്ള കാശെങ്കിലും അവർക്കു കൊടുക്കേണ്ടതാണെന്ന്. ആ സൻമനോഭാവത്തെ വളരെയധികം കൃതജ്ഞതയോടെ അനുസ്മരിക്കുന്നതോടൊപ്പം ഒരു മുറുക്കാൻകടയെങ്കിലും തുറക്കുന്നതിന് 500 രൂപ പോരാ 1,000 ക. യെങ്കിലും കൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്നു വിനീതമായി അഭ്യർത്ഥിക്കുകയാണ്.

സർ, മറെറാന്ന് ചെറുകിട ജൻമിമാർക്കു ലഭിക്കുന്ന കാമ്പൻസേഷൻ 2,000 ക. യിൽ കവിയാൻ പാടില്ലെന്നു പറയുന്നത് ശരിയല്ല. 2,000 രൂപ എന്നതു 10,000 രൂപ എന്നു ഭേദഗതി ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

Provided further that no small holder shall be entitled to such solatium of—

(a) such compensation exceeds two thousand rupees ;

വിശേഷിച്ചു വടക്കെ മലബാറിൽ ഒരു പ്രത്യേക സാഹചര്യമുണ്ട്. ഭൂമിയുടെ ടൈറ്റിൽ ഒരു വ്യക്തിയുടെ പേരിലായിരിക്കും ; അധികവും സ്ത്രീകളുടെ പേരിലായിരിക്കും. ഞങ്ങളുടെ നാട്ടിൽ അതാണ് പതിവ്. വിധവകളായ സ്ത്രീകളുടെ പേരിലുള്ള വസ്തുവിന്റെ ആദായം അനുഭ

LIBRARY ARCHIVES Kerala Legislative Assembly

വിക്കുന്നത് കുടുംബത്തിലെ ഒരു വൻപിച്ച വിഭാഗമായിരിക്കും. അങ്ങനെ ഒരാളിന്റെ പേരിലുള്ള വസ്തുവിനെ സംബന്ധിച്ചിടത്തോളം കാമ്പൻ സേഷൻ കൊടുക്കുമ്പോഴും അതു പലർക്കായി വീതിക്കേണ്ടതായി വരും. മലബാറിൽ ഇങ്ങനെ ഒരാളിന്റെ പേരിലുള്ള വസ്തു കൈമാറ്റം ചെയ്യുകയോ മറ്റു വിധത്തിൽ ട്രാൻസാക്ഷൻ നടക്കുകയോ ചെയ്താൽ ലഭിക്കുന്ന ആനുകൂല്യം അനുഭവിക്കുന്നത് ഒരാളല്ല, കുടുംബത്തിലെ പല അംഗങ്ങളാണ്. വടക്കേ മലബാറിലെ മാപ്പിളമരുമക്കത്തായമനുസരിക്കുന്ന ആളുകളുടെയിടയിൽ ഇങ്ങനെയൊരു സംപ്രദായമുണ്ട്. അതുകൊണ്ട് രണ്ടായിരം രൂപ എന്നുള്ളതു പതിനായിരം രൂപയായി വർദ്ധിപ്പിച്ചാൽ ഗവൺമെന്റ് ഉദ്ദേശിക്കുന്ന കാര്യം സഫലമാകാൻ ഇടവരുമെന്ന് ഞാൻ ഉൽബോധിപ്പിക്കുകയാണ്. അങ്ങനെ ഇത് ഭേദഗതി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മറെറാന്ന്,

(b) he is assessed to salestax on a turnover which in the aggregate is not less than thirty thousand rupees in any two years within three years immediately preceding the financial year in which the notification under section 72 is issued, under the Kerala General Salestax Act, 1963 or the Central Salestax Act, 1956 or the law of any other State relating to salestax; or

സെയിൽസ് ടാക്സ് എമൗണ്ട് ഒരു പരിധിയിൽകവിഞ്ഞു കൊടുക്കുന്ന ആളാണെങ്കിൽ ഈ സൊലേഷ്യം കൊടുക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. സർ, ഇന്നു സാധാരണ ഒരു ചെറിയ കച്ചവടക്കാരൻ പോലും ഈ തോതിൽ സെയിൽസ് ടാക്സ് കൊടുക്കേണ്ടിവരും. ഇതിൽ പറയുന്ന രീതിയിലുള്ള സംഖ്യ കൊടുക്കുകയാണെങ്കിൽ ഏകദേശക്കണക്കനുസരിച്ച് നൂറ് നൂററമ്പത് രൂപയുടെ ടേണോവർ ഉള്ള ചെറിയ കച്ചവടക്കാർപോലും ഇതിന്റെ പരിധിയിൽപെടും. ദിവസംപ്രതി വലിയ ലാഭമില്ലാതെതന്നെ നൂറും, നൂററമ്പതും രൂപ ടേണോവർ ഉള്ള ചെറുതരം കച്ചവടക്കാർ നമ്മുടെ സംസ്ഥാനത്ത് ധാരാളമുണ്ട്. ഇതിൽ പറയുന്നതുപോലെ ടേണോവറിന്റെ അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് കൊടുക്കുന്നവർ ഈ ആനുകൂല്യത്തിന് അർഹത ഇല്ലാത്തവരാണെന്ന വകുപ്പ് എടുത്തുകളയണമെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. അതേ സമയത്തുതന്നെ (സി) ഉപവകുപ്പിനെ സംബന്ധിച്ച് വിശേഷിച്ചൊന്നും പറയുന്നില്ല. ഇൻകം ടാക്സ് കൊടുക്കുന്നവർക്ക് ഇതിന്റെ ആനുകൂല്യം നൽകണമെന്നില്ല. അങ്ങനെ വ്യവസ്ഥ ചെയ്യുന്ന (സി) ഉപവകുപ്പ് എടുത്തുകളയണമെന്നില്ല. അതേ സമയത്ത് (ബി) ഉപവകുപ്പ് ഭേദഗതി ചെയ്യണം. കാരണം, സെയിൽസ് ടാക്സിന്റെ എമൗണ്ട് പെട്ടെന്ന് വായിച്ചാൽ, 10,000 രൂപ എന്നു കാണുമ്പോഴും വലിയ തുകയെന്നു തോന്നും. ചെറിയ കച്ചവടക്കാർക്ക് മാസത്തിലും വർഷത്തിലും കിട്ടുന്ന സംഖ്യ നോക്കിയാൽ, ദിവസം 50 രൂപ, 100 രൂപ ടേണോവർ ഉള്ള ചെറുതരം കച്ചവടക്കാരും ഇതിന്റെ പരിധിയിൽ വരാൻ ഇടയാകുമെന്നാണ് എന്റെ അഭിപ്രായം. 50-ം, 100-ം രൂപ ടേണോവർ ഉള്ള കച്ചവടക്കാർക്കു ദിവസം കിട്ടുന്ന വരുമാനം രണ്ടോ, മൂന്നോ രൂപയായിരിക്കും. അധികമായാൽ 5 രൂപ. ദിവസം 5 രൂപ തോതിൽ പ്രതിമാസം 150 രൂപ മാത്രമേ അവർക്കു വരുമാനമുള്ളൂ. 150 രൂപകൊണ്ട് ഒരു കുടുംബത്തിലെ ചെലവു കഴിക്കുന്നത് ദുർവഹമാണെന്നു നമുക്കറിയാം. ആ കൂട്ടർക്ക് ഈ സൊലേഷ്യം കിട്ടാൻ അർഹതയില്ലെന്നു വരുന്നത് ഒരിക്കലും ശരിയല്ല. അതേസമയത്ത് ഇൻകം ടാക്സ് കൊടുക്കുന്ന ആളുകളാണെങ്കിൽ അവർക്ക് ഈ ആനുകൂല്യം

LIBRARY ARCHIVES Kerala Legislative Assembly

[Shri E. Ahammed]

കൊടുക്കണമെന്നില്ല എന്ന വ്യവസ്ഥ സ്വാഗതാർഹമാണ്. എന്നാൽ ചെറുകിടക്കാരായ അൽപവരുമാനക്കാരായ കച്ചവടക്കാരെ ഒരു ശിക്ഷ എന്നോണം ഈ ആനുകൂല്യത്തിൽനിന്നും ഒഴിച്ചുനിറുത്തുന്നത് ഒട്ടും ശരിയല്ല. ചെറുകിട ഭൂവുടമകളുടെ അവകാശം പിടിച്ചെടുക്കുന്നതിനുള്ള പ്രതിഫലമായിട്ടാണ് സൊലേഷ്യം കൊടുക്കുന്നത്. അങ്ങനെ പ്രതിഫലം കൊടുക്കുമ്പോൾ, ഇൻകം ടാക്സ് കൊടുക്കുന്ന ആളുകൾക്ക് കൊടുക്കാൻ പാടില്ലെന്നു പറയുന്നത് ന്യായയുക്തമാണെങ്കിലും, ഇതിലെ മറ്റു പ്രൊവൈസോകളും ഒരിക്കലും ശരിയല്ല.

500 രൂപ 1,000 രൂപയായി വർദ്ധിപ്പിക്കുന്നതുകൊണ്ട് ഗവൺമെൻറിനു കുറേ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നറിയാം. എന്നാൽ മഹത്തായ ഒരു സാമൂഹിക പരിഷ്കാരം വരുത്താൻ, ജൻമി-കുടിയാൻ ബന്ധത്തെ എന്നന്നേക്കുമായി അവസാനിപ്പിക്കുവാൻ, കഷ്ടപ്പാടും ദുരിതവും അനുഭവിക്കുന്ന ഒരു വിഭാഗത്തിന് സംരക്ഷണം നൽകാൻ ഗവൺമെൻറ് കുറെ സംഖ്യ ചെലവഴിക്കുന്നതുകൊണ്ട് വലിയ തകരാറില്ലെന്നാണ് എൻെറ അഭിപ്രായം. ഈ കാര്യത്തിനുവേണ്ടി കുറെ സാമ്പത്തിക ബാദ്ധ്യത ഉണ്ടായാൽത്തന്നെ അത് സഹിക്കേണ്ടതാണ്. ഈ കാര്യങ്ങൾ പറയുമ്പോൾ മുസ്ലിം ലീഗ് ബില്ലിനെ എതിർക്കുന്നു എന്നു പ്രചരണം നടത്തുന്ന ഒരു രീതി ഇന്നു കണ്ടുവരുന്നുണ്ട്. അതുകൊണ്ട് പറയേണ്ട കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ ബില്ലിനെ ഞങ്ങൾ അങ്ങേയറ്റം അനുകൂലിക്കുകയാണ്. ഇതിൻെറ തത്വങ്ങളോട് എന്നെപ്പോലെ ബഹുമാനപ്പെട്ട മന്ത്രിയും അനുകൂലിക്കുന്നുണ്ടെന്നറിയാം. ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ ബന്ധപ്പെട്ടവർക്ക് കിട്ടണമെങ്കിൽ എൻെറ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

Shri K. T. George: Sir, I move:

(No. 258.) In clause 88, [in the 2nd proviso to section 109 A (1) proposed to be inserted in the principal Act], item (a), for the words "two thousand rupees", the words "three thousand rupees" shall be substituted.

ബഹുമാനപ്പെട്ട മെമ്പർ ഇ. അഹമ്മദിൻെറ ഭേദഗതിയിൽനിന്ന് അൽപം വ്യത്യസ്തമായ രീതിയിലാണ് എൻെറ ഭേദഗതി. ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം ഒരാൾക്കു കിട്ടുന്ന നഷ്ടപരിഹാരം എത്രയായിരിക്കും എന്ന് നിജപ്പെടുത്തിയിട്ട്, ഇത്ര രൂപ നഷ്ടപരിഹാരമായി കിട്ടുന്നവർക്കേ സൊലേഷ്യം കിട്ടാൻ അർഹതയുള്ളൂ എന്നു പറയുന്ന സ്ഥിതിക്ക് 2,000 രൂപ കാമ്പൻസേഷൻ എന്നത് 3,000 രൂപ എന്ന് ഭേദഗതി ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. ഇ. അഹമ്മദ്: 10,000 രൂപ കിട്ടുന്നത് ഒരു വ്യക്തിക്കല്ല എന്ന കാര്യം ഓർക്കണം.

ശ്രീ. കെ. ടി. ജോർജ്ജ്: അങ്ങനെ കാമ്പൻസേഷൻ കിട്ടുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഒരാളായാലും അല്ലെങ്കിലും ഇത്തരത്തിലുള്ള സൊലേഷ്യം നൽകുന്നതിന് ഗവൺമെൻറിൻെറ സാമ്പത്തികസ്ഥിതി സഹായകരമല്ലെങ്കിൽ തീർച്ചയായിട്ടും 3,000 രൂപ കാമ്പൻസേഷൻ കിട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട ഭൂവുടമയെ സംബന്ധിച്ചിടത്തോളം സൊലേഷ്യത്തിന്റെ ആനുകൂല്യം കൊടുക്കുന്ന രീതി ഭേദഗതിചെയ്യണമെന്നാണ് ഈ ഭേദഗതിയിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

ഞാൻ വേറൊരു ഭേദഗതി അയച്ചിരുന്നതിനെ സംബന്ധിച്ചിടത്തോളം മി. അഹമ്മദ് സംസാരിച്ചുകഴിഞ്ഞു. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുകയാണ്. 500 രൂപ സൊലേഷ്യം 1,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. 1,000 രൂപ സൊലേഷ്യം കൊടുക്കുകയും, 3000 രൂപ കോമ്പൻസേഷൻ കൊടുക്കുകയും ചെയ്താൽ ഇന്നത്തെ പരാതി കുറെ പരിഹരിക്കാൻ കഴിയും. ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം അവർക്ക് അനുകൂലമായി അവസാന നിമിഷത്തിലെങ്കിലും ബഹുമാനപ്പെട്ട റവന്യൂമന്ത്രി ചെറുവിരൽ ഒന്നു ചലിപ്പിച്ചു എന്ന് ഞങ്ങൾക്ക് ബോധ്യം വരാനായിട്ടെങ്കിലും ഈ കാര്യത്തിൽ ഒരു വിട്ടുവീഴ്ച മനോഭാവം പ്രകടിപ്പിക്കണം. ചെറുകിട ഭൂവുടമകൾക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്യുന്നതിനുവേണ്ടി ഞങ്ങൾ കൊണ്ടുവരുന്ന നിർദ്ദേശങ്ങൾ, പ്രതിപക്ഷത്തുനിന്നു കൊണ്ടുവന്നു എന്ന ഒറ്റക്കാരണത്താൽ സ്വീകരിക്കാതിരിക്കുന്ന ഒരു സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രി അവലംബിച്ചുകാണുന്നത്. അവസാന നിമിഷത്തിലെങ്കിലും സൊലേഷ്യം കൊടുക്കുന്ന സംഖ്യയിൽ ചെറിയ ഭേദഗതി വരുത്തിയാൽ വലിയ അപാകത ഉണ്ടാകുമെന്നു തോന്നുന്നില്ല.

സർ, ഗവൺമെൻറിന്റെ കൈവശം ഇതിനെ സംബന്ധിച്ചിടത്തോളം ശരിയായ കണക്കില്ലെന്നുള്ളതാണ് വസ്തുത. റവന്യൂ മന്ത്രിതന്നെ മുമ്പു സമ്മതിച്ചിട്ടുള്ളതാണ് ഈ കാര്യം. നിലങ്ങളിൽ ഏക്കറേജ് അടിസ്ഥാനത്തിൽ കൃഷിച്ചെലവു എന്താകുമെന്നുള്ളതിന് വ്യക്തമായ കണക്കില്ലെന്നു ഇവിടെ പറഞ്ഞിട്ടുണ്ട്. ആകെ കുടികിടപ്പുകാർ എത്രവരും എന്നതിനു ശരിയായ കണക്കില്ല. അതുമാതിരി ചെറുകിട ഭൂവുടമകൾ എത്രവരും, അവർക്ക് സൊലേഷ്യം ഇനത്തിൽ എന്തു തുക കൊടുക്കേണ്ടിവരും എന്നുള്ളതിനെസംബന്ധിച്ചൊന്നും ഗവൺമെൻറിന്റെ കൈയിൽ ശരിയായ കണക്കില്ലാത്തതുകൊണ്ടാണ് തുക വർദ്ധിപ്പിക്കണമെന്നു പറയുമ്പോൾ വൈമുഖ്യം പ്രകടിപ്പിക്കുന്നത്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: ഇതിനുമുമ്പ് ഇതുസംബന്ധിച്ച ശരിയായ കണക്ക് ഗവൺമെൻറ് ശേഖരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. ജോർജ്ജ്: മുമ്പ് എടുത്തിട്ടുണ്ടോ എന്നുള്ളതല്ല. സമഗ്രമായ ഒരു ഭൂനിയമം കൊണ്ടുവരുമ്പോൾ, കുടികിടപ്പുകാർക്കും കർഷകർക്കും ആനുകൂല്യം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു നിയമം കൊണ്ടുവരുമ്പോൾ അതുസംബന്ധിച്ച വ്യക്തമായ കണക്കുകൾ ഉണ്ടായിരിക്കണം. അതൊന്നുമില്ലാതെ വെറും ഉദ്ദേശംവച്ച് കണക്കുകൾ.....

ശ്രീ. എ. വി. ആര്യൻ: കഴിഞ്ഞ 20 കൊല്ലക്കാലത്തിനിടയിൽ ഇൻഡ്യയിൽ ഭൂപരിഷ്ക്കരണം സംബന്ധിച്ച് കേൻദ്രഗവൺമെൻറ് എത്തെല്ലാം കാര്യത്തിൽ വ്യക്തമായ കണക്കുകൾ എടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ടി. ജോർജ്ജ്: മി. ആര്യന്റെ നാട് തൃശ്ശൂരാണല്ലോ. അവിടെ ബഹുമാനപ്പെട്ട മെമ്പർക്ക് നിലമുണ്ടെന്ന് വിചാരിക്കുക. നിലത്തിൽ എത്ര വിളവുണ്ടാകും എന്നു കണക്കെടുക്കേണ്ടതു കേൻദ്രഗവൺ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

മെന്റോ ഇന്ദിരാഗാന്ധിയോ അല്ലെന്നകാര്യം ബഹു: മെമ്പർ മനസ്സിലാക്കണം. കേന്ദ്രഗവൺമെന്റിന്റെ ചുമതലയല്ല, സംസ്ഥാന ഗവൺമെന്റിന്റെ ചുമതലയാണ് ഈ കണക്കുകൂടി ശേഖരിക്കുക.

സർ, ഭൂനിയമം എന്നു പറയുന്നത്, ഇൻഡ്യയൊട്ടാകെ ഭൂനിയമം ഉണ്ടാക്കുന്നതിന്റെ ചുമതല കേന്ദ്രം നിർവ്വഹിക്കുന്നതുതന്നെ അതാതു സംസ്ഥാന ഗവൺമെന്റുകളും, അതാതു സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഭൂനിയമം എഴുതി ഉണ്ടാക്കുകയും, അത് പാസ്സാക്കുകയും ചെയ്യുക എന്ന അടിസ്ഥാനത്തിലാണ്. ഈ രാജ്യത്ത് എത്ര മാത്രം ചെറുകിട ജൻമികളുണ്ടാകും, അവർക്ക് എത്രമാത്രം സൊലേഷ്യം കൊടുക്കേണ്ടിവരും, എത്ര കുടികിടപ്പുകാർ കാണും, കുടികിടപ്പുകാർക്ക് കുടികിടപ്പ് പർച്ചേസ് ചെയ്യുമ്പോൾ ഗവൺമെന്റിനു കൊടുക്കേണ്ടിവരുന്ന തുക എത്രയായിരിക്കും, വസ്തുക്കളിൽനിന്ന് ശരാശരി വരുമാനം എത്ര എന്നീ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനു ശരിയായ കണക്കുണ്ടോ ? ഒരു കണക്കുമില്ല. അതുകൊണ്ടാണ് 500 രൂപ 1,000 ആയി വർദ്ധിപ്പിക്കണമെന്നു പറയുമ്പോൾ അത് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും എന്നു പറഞ്ഞ് ഒഴിയാൻ ശ്രമിക്കുന്നത്.

ശ്രീ. എം. കെ. ജോർജ്ജ്: ഈ കണക്കുകളെല്ലാം ശേഖരിച്ചതിനു ശേഷം ഈ ബില്ലു കൊണ്ടുവരാൻ ശ്രമിച്ചിരുന്നു എന്നു വരികിൽ, ഇപ്പോഴും തന്നെ വളരെ വൈകിപ്പോയി എന്നു പറയുന്ന സ്ഥിതിക്ക് എന്താകുമായിരുന്നു കഥ ?

ശ്രീ. കെ. ടി. ജോർജ്ജ്: ഇതിനൊക്കെ മി. എം. കെ. ജോർജ്ജിനു മറുപടി പറയണമോ ? ഇതുസംബന്ധിച്ച കണക്കെടുക്കാൻ ഇത്രകാലമായിട്ടും സമയം കിട്ടിയില്ലേ ? ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നു എന്നു നേരത്തേ അറിയാമായിരുന്നിട്ടും അതുസംബന്ധിച്ച് പ്രാഥമികമായ കണക്കെടുക്കാൻപോലും ശ്രമിച്ചിട്ടുണ്ടോ ? സർ, ഞാൻ പറയുന്നത് വേറൊന്നുമല്ല, ഇങ്ങനെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും കൂടുതൽ ആനുകൂല്യം കൊടുക്കണമെന്നു പറയുന്ന അവസരത്തിൽ, "അയ്യോ സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമാണ്" എന്നു പറഞ്ഞു ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതു ശരിയല്ല, സൊലേഷ്യം കൊടുക്കേണ്ടിവരികയാണെങ്കിൽ, എന്തുമാത്രം കൊടുക്കേണ്ടിവരും എന്നുള്ളതിനെ സംബന്ധിച്ച് യാതൊരു വിവരവും ഇല്ലാത്തതുകൊണ്ടാണ് ഇത്തരത്തിൽ മറുപടി പറയുന്നത്.

പലപ്പോഴും പ്രതിപക്ഷങ്ങളും മറുകക്ഷികളും ഉന്നയിക്കുന്ന ന്യായമായ പല അവകാശങ്ങളും ഉപേക്ഷിക്കപ്പെടുകയാണ്. ഞാനൊരു ഉദാഹരണം പറയാം. ക്ലാസ് 87–ൽ പറഞ്ഞിട്ടുണ്ട്.

'Constitution of Agriculturist Rehabilitation Fund and Kudikidappukars Benefit Fund' എന്ന് രണ്ടു ഫണ്ടുണ്ടാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പറയുന്നുണ്ട്. അഗ്രികൾച്ചറൽ റീ ഹാബിലിറ്റേഷൻ ബെനിഫിറ്റു ഫണ്ടിനു രണ്ടുകോടി രൂപ എന്നു പറയുന്നുണ്ട്. കുടികിടപ്പുകാർക്ക് ബെനിഫിറ്റു ഫണ്ടിനു ഒരു കോടി രൂപയുമാണ്. ഇതു രണ്ടും കൂടി യാതൊരു പൊരുത്തവുമില്ലാതെയാണ് ഇരിക്കുന്നത്. എനിക്കു തോന്നുന്നു, അഗ്രികൾച്ചറൽ റീ ഹാബിലിറ്റേഷൻ ഫണ്ടിൽ രണ്ടു കോടി രൂപ ഉൾക്കൊള്ളിക്കുകയാണെങ്കിൽ അതു പ്രധാനമായും ചെറുകിട ഭൂ ഉടമകൾക്കു സൊലേഷ്യം കൊടുക്കുന്നതിനുവേണ്ടിയാണ്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ രണ്ടുകോടി രൂപയുണ്ടെങ്കിൽ ഞങ്ങൾ ഇപ്പോൾ പറയുന്ന തോതിൽ ആയിരം രൂപ വച്ചു സൊലേഷ്യം നിജപ്പെടുത്തിക്കൊടുക്കുവാൻ കഴിയും. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എപ്പോഴും അനോമലിയെ പിടിക്കുന്ന ആളാണ്. അതുകൊണ്ടു ഇതിൽ വേണ്ട അനോമലിയുള്ളതുകൂടി ചൂണ്ടിക്കാണിക്കാം. രണ്ടുകോടി രൂപ അഗ്രികൾച്ചറൽ റീ ഹാബിലിറേഷൻ ബെനിഫിറ്റു ഫണ്ടും, ഒരു കോടി രൂപ കുടികിടപ്പുകാർക്ക് ബെനിഫിറ്റ് ഫണ്ടുമായി വച്ചിരുന്നാൽ ഇതെങ്ങനെ കൊടുക്കുവാൻ കഴിയുമെന്നു ആലോചിച്ചിട്ടുണ്ടോ ? ഒരു തോതും ഗവൺമെൻറ് എടുത്തിട്ടില്ല. ഒരു കോടി രൂപയുടെ സ്ഥാനത്തു രണ്ടുകോടി രൂപയുണ്ടെങ്കിൽപോലും കൂടികിടപ്പുകാർക്കു പർച്ചേസുചെയ്യുന്നതിന്റെ പകുതി സംഖ്യ കൊടുക്കുവാൻ ഗവൺമെൻറിനെക്കൊണ്ടു സാദ്ധ്യമല്ല. യാതൊരു തോതും അളവും ഇല്ലാതെ ഒരു കോടി രൂപയും രണ്ടു കോടി രൂപയും ഞങ്ങൾ സ്മാൾ ഹോൾഡർക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നു പ്രചരണം നടത്താൻ ഇതെല്ലാം കൊള്ളാം. ഈ രണ്ടു ലക്ഷ്യങ്ങളും നേടുന്നതിനു ഈ തുകകൾ അപര്യാപ്തമാണ്. ഏതായാലും അതിൽ കൂടുതൽ തുക അഗ്രികൾച്ചറൽ റീ ഹാബിലിറേഷൻ ഫണ്ടിലേയ്ക്കു നീക്കിവച്ചിട്ടുള്ള സ്ഥിതിക്കു മോശമായാലും ശരി, പോരായ്മയുണ്ടെങ്കിലും ശരി അഞ്ഞൂറു രൂപ സൊലേഷ്യം കൊടുക്കണമെന്നുള്ളതു മാറ്റി അത് ആയിരം രൂപയാക്കി വർദ്ധിപ്പിക്കുന്ന ഭേദഗതി അംഗീകരിക്കുകയും രണ്ടായിരം രൂപ എന്നതു മൂവായിരം രൂപ ആക്കുന്ന ഭേദഗതി അംഗീകരിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള : സർ, സൊലേഷ്യം കൊടുക്കുന്നതു 500 രൂപ എന്നതു ആയിരം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ഭേദഗതിയെ അനുകൂലിച്ചു സംസാരിക്കുവാനാണ് ഞാനാഗ്രഹിക്കുന്നത്. അതോടൊപ്പം രണ്ടായിരം രൂപയിൽ കവിഞ്ഞ് കോംപെൻസേഷനു അർഹരാക്കണമെന്നുള്ള ഭേദഗതിയെ ഞാൻ പ്രതികൂലിക്കുകയുമാണ്. അതുപോലെതന്നെ സെയിൽസ്ടാക്സ് ടേണോവർ ഉള്ളവർക്കു കൊടുക്കേണ്ട കാര്യവുമില്ല. ഇവിടെ പ്രത്യേകമായി കണക്കുകൾ എടുത്തിട്ടില്ല എന്നു ശ്രീ. ജോർജ്ജു കുറ്റപ്പെടുത്തി. 1964–ലെ ഒന്നാം ആക്റ്റ് പാസ്സാക്കിയപ്പോൾ വല്ല കണക്കുമെടുത്തിട്ടുണ്ടോ ? അങ്ങനെ കണക്കെടുക്കാതെതന്നെ പലതും ഒരു നിയമത്തിൽ ചെയ്യേണ്ടിവരും.

ശ്രീ. കെ. ടി. ജോർജ്ജ്: ചുമ്മാ പലതും ചെയ്യേണ്ടിവരുമെന്നു പറയരുത്. 1964–ൽ കണക്കുകൾ എടുത്തിട്ടില്ലെന്നു മി. ഗോപിനാഥപിള്ളക്ക് നേരിട്ടറിയാമോ ?

ശ്രീ. ജി. ഗോപിനാഥൻ പിള്ള: എനിക്കും നിശ്ചയമില്ല, ബഹുമാനപ്പെട്ട മെമ്പർക്കും നിശ്ചയമില്ല. ഏതായാലും പാവപ്പെട്ട സാധാരണ കുടികിടപ്പുകാരനു ഇന്നു ആവിഷ്കരിച്ചിട്ടുള്ള ഈ നിയമംമൂലം നിജപ്പെടുത്തിയ രീതിയിൽ റീ ഹാബിലിറേഷനു ഒരു തുക കൊടുക്കുവാൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ടെന്നുള്ള വസ്തുത നാം അംഗീകരിച്ചേ മതിയാകൂ. അതു ചിലപ്പോൾ കുറഞ്ഞിരിക്കും, ചിലപ്പോൾ കൂടിയും ഇരിക്കും. പക്ഷേ ആ വസ്തുത അംഗീകരിച്ചേ മതിയാകൂ. കുടികിടപ്പുകാരൻ ഇത്രയുണ്ടെന്നു ആരും കണക്കു നോക്കിയിട്ടില്ല. പക്ഷേ ചില ആനുകൂല്യങ്ങൾ കൊടുക്കുവാൻ ഗവൺമെൻറ് സന്നദ്ധമായാൽ അതു ആനുകൂല്യമായി കാണുവാനും അത് അംഗീകരിക്കുവാനും ഉള്ള മനസ്സാക്ഷി പ്രതിപക്ഷത്തുള്ളവർക്കു ഉണ്ടാകണം. റീ ഹാബിലിറേഷൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജി. ഗോപിനാഥൻ പിള്ള]

ഫണ്ടിൽ രണ്ടുകോടി രൂപ വച്ചിട്ടുണ്ട്. ഇതു ജന്മി കുടിയാൻ ബന്ധം അവസാനിപ്പിക്കുന്ന ഈ ഘട്ടത്തിൽ സ്മാം ഹോൾഡർക്കു ഒരു ഏറുമാടക്കട യെങ്കിലും ഇട്ടു ഉപജീവനം നടത്തുവാൻവേണ്ടി സഹായധനമായി ഗവൺമെൻറ് അഞ്ഞൂറു രൂപയിൽ കവിഞ്ഞു കൊടുക്കുവാൻ പാടില്ല എന്നു പറഞ്ഞിട്ടുള്ളതു തീരെ അപര്യാപ്തമാണെന്നാണ് എനിക്കു പറയുവാനുള്ളത്. അതുകൊണ്ടു സൊലേഷ്യം അഞ്ഞൂറു രൂപ പോരാ, ആയിരം രൂപയായി വർദ്ധിപ്പിക്കണം എന്ന ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. അതിലേക്ക് ഫണ്ടുണ്ടാക്കുമ്പോൾ അതു റീഹാബിലിറ്റേഷൻ ഫണ്ട് അല്ലെങ്കിൽ കുടികിടപ്പുകാർക്കുള്ള ഫണ്ട് എന്നുള്ളതല്ല കാര്യം. അങ്ങനെയൊരു ഫണ്ടുണ്ടാകണം എന്നു തീരുമാനിച്ചതിൽ പ്രശംസിച്ചേ മതിയാകൂ. സാധാരണക്കാരനു വിഷമം ഉണ്ടാകാതിരിക്കുവാൻ എന്തെല്ലാം ഉപാധികൾ ഗവൺമെൻറിനുണ്ടാക്കാമോ അതെല്ലാം ഉണ്ടാക്കണം. അതുകൊണ്ടു അഞ്ഞൂറുരൂപ തീരെ മതിയാകുകയില്ല എന്ന കാര്യം കണക്കിലെടുത്ത് അതു ആയിരം രൂപയായി വർദ്ധിപ്പിക്കണമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. എന്നാൽ കോംപെൻസേഷൻ മൂവായിരമായി വർദ്ധിപ്പിക്കണമെന്ന അഭിപ്രായം എനിക്കില്ല. അതുപോലെ തന്നെ ജനറലായിട്ടു സെയിൽസ്ടാക്സ് ടേണോവർ ഉള്ളവർക്കു ഈ ആനുകൂല്യം കൊടുക്കേണ്ട കാര്യമില്ല. അതു പറയുമ്പോൾ പലർക്കും വിഷമങ്ങൾ ഉണ്ടാകും. ഒരു നിയമം കൊണ്ടുവരുമ്പോൾ എല്ലാവർക്കും ആനുകൂല്യം കിട്ടണമെന്നുള്ള അഭിപ്രായം കാണും. ജന്മിത്വവും കുടിയായ്മയും നിറുത്തലാക്കുന്ന ഒരു പുതിയ യുഗം ഉണ്ടാക്കുന്ന ഈ അവസരത്തിൽ ചെറുകിടക്കാരനു അഞ്ഞൂറുരൂപ സൊലേഷ്യം കൊടുക്കുന്നതു മതിയാകുകയില്ല. അതുകൊണ്ട് അതു ആയിരം രുപയായി വർദ്ധിപ്പിക്കണമെന്നുള്ള ഭേദഗതി റവന്യൂമന്ത്രി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. കരുണാകരൻ : സർ, ഈ ഭേദഗതികൾ തീർച്ചയായിട്ടും അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. കാരണം എല്ലാ ഭാഗത്തു നിന്നും ഉള്ള ആളുകൾ ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ന്യൂനതകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്....ട്രഷറി ബഞ്ചിൽ ആരും ഇല്ലാതെ ആരോടാണ് ഈ കാര്യങ്ങൾ പറയുക.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മിനിസ്റ്റർ ഉണ്ടല്ലോ ?

ശ്രീ. കെ. കരുണാകരൻ : ഈ ഭേദഗതികൾ സ്വീകരിക്കേണ്ടതു ആവശ്യമാണെന്നു പറയുവാനുള്ള പ്രധാനമായ ഒരു കാരണം.....

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : അഞ്ഞൂറു രൂപ കോംപെൻസേഷൻ കൊടുക്കുന്നതിനുപുറമേ അഞ്ഞൂറു രുപ സൊലേഷ്യംകൂടി കൊടുക്കുമ്പോൾ മര്യാദപ്പാട്ടത്തിന്റെ 16 ഇരട്ടി വസ്തുവില കിട്ടുന്നില്ലേ? അതു ആയിരമായി വർദ്ധിപ്പിക്കുകയാണെങ്കിൽ മര്യാദപ്പാട്ടം 64 ഇരട്ടിയായിട്ടുള്ള വില കിട്ടുകയില്ലേ ? ഇതു മാർക്കറ്റു വിലയേക്കാൾ കൂടുതലാകുകയില്ലേ ?

ശ്രീ. കെ. കരുണാകരൻ : ഞാൻ നിർദ്ദേശിക്കുന്നതു അതിൽ നിന്നും വ്യത്യസ്തമായിട്ടുള്ളതാണ്. ചെറുകിടക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടുന്ന സൊലേഷ്യം ഗവൺമെൻറു അഞ്ഞൂറു രൂപ കൊടുക്കുമെന്നുള്ളതാണ്. എനിയ്ക്കു നിർദ്ദേശിക്കുവാനുള്ളതു അതു മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

സൊലേഷ്യം ആയിരം രൂപയായി വർദ്ധിപ്പിക്കുകയും കോംപെൻസേഷൻ സൊലേഷ്യം ഉൾപ്പടെ Subject to maximum of Rs. 3,000 എന്നുള്ള നിർദ്ദേശം റവന്യൂമന്ത്രി ഭേദഗതിവഴി കൊണ്ടുവരണമെന്നുള്ളതാണ്. 500 രൂപ ആയിരം രൂപയായി വർദ്ധിപ്പിക്കുകയാണെങ്കിൽ അതു വളരെ കൂടുതലാകുകയില്ലേ, മാർക്കറ്റു വിലയേക്കാൾ കൂടുകയില്ലേ എന്നു ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ ചോദിക്കുകയുണ്ടായി.

ശ്രീ. ഇ. അഹമ്മദ് : കോംപെൻസേഷൻ ആയിരം രൂപയിൽ കവിയാത്ത ആളുകൾ ഉണ്ടല്ലോ ? അവർക്കാണോ സൊലേഷ്യം ഉൾപ്പടെ മൂവായിരം രൂപയിൽ കവിയാത്ത തുക കോംപെൻസേഷനായി കൊടുക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചത് ?

ശ്രീ. കെ. കരുണാകരൻ : ഇന്നത്തെ സ്ഥിതി വച്ചു പാട്ടം വാങ്ങുന്ന ആളിന്റെ മര്യാദയുടെ ഫലമായിട്ടു കരാർ പാട്ടത്തിൽ നിന്നും നാലോ അഞ്ചോ കുറച്ചു പാട്ടം വാങ്ങിയെന്നു വരാം. പതിനഞ്ചു ശതമാനം ഫെയർ റെന്റു എന്നു പറയുമ്പോൾ ഫെയർ റെന്റിനെക്കാൾ കുറഞ്ഞ പാട്ടത്തിനു നെഗോഷിയേറ്റു ചെയ്തു തീരുമാനിച്ചിട്ടുണ്ടെന്നു വരും. അഞ്ഞൂറു രൂപ കോംപെൻസേഷൻ വാങ്ങുന്ന ആളുകൾ വളരെ ദുരിതമനുഭവിക്കുന്ന കഷ്ടപ്പെടുന്ന ആളുകളാണ്. അവർക്കു ആയിരം രൂപയെങ്കിലും കൊടുക്കേണ്ടതാണ്. കോംപെൻസേഷൻ ഉൾപ്പടെ മൂവായിരം രൂപ കൊടുക്കത്തക്ക വിധത്തിൽ മറ്റൊരു ഭേദഗതി കൊണ്ടുവരണം എന്നാണ് എനിക്കു നിർദ്ദേശിക്കുവാനുള്ളത്.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : സർ, ഈ വകുപ്പിന്റെ വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുൻപ് ശ്രീ. കെ. ടി. ജോർജ്ജ് ഇവിടെ പറഞ്ഞതിനെപ്പറ്റി പറയാം എന്നു വിചാരിക്കുകയാണ്. ശ്രീ. ജോർജ്ജ് എഴുന്നേറ്റു നിൽക്കുമ്പോഴെല്ലാം ശ്രീമതി ഗൗരി ഇതു ചെയ്തില്ല, മറ്റേതു ചെയ്തില്ല എന്നെല്ലാം പറയാറുണ്ട്. ഇപ്പോഴും അവസാനമായി ഈ നിയമമൊന്നും യാതൊരു ബേസുമില്ലാതെയാണ് കൊണ്ടുവന്നിരിക്കുന്നതെന്നു പറഞ്ഞിരിക്കുകയാണ്. ഇപ്പോഴും ചോദിക്കുകയാണ്, നിലത്തിന്റെ വരുമാനം കണക്കാക്കിയിട്ടുണ്ടോ, വസ്തുവിന്റെ കണക്കെടുത്തിട്ടുണ്ടോ, ഇതെല്ലാം കണക്കാക്കിയിട്ടാണോ ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്ന്. ഇതൊന്നും കണക്കു കൂട്ടാതെയാണോ പിന്നെ സ്റ്റാന്റേർഡ് ഏക്കർ നിജപ്പെടുത്തുന്നത്. അല്ല. സ്റ്റാന്റേർഡ് ഏക്കർ നിജപ്പെടുത്തിയിരിക്കുന്നത് വരുമാനത്തിന്റെ മാനദണ്ഡത്തിൽത്തന്നെയാണ്. വരുമാനത്തിന്റെ മാനദണ്ഡം എന്നു പറയുമ്പോൾ ഓരോ വസ്തുവിന്റെയും പ്രത്യേകമായി നോക്കിയില്ല എന്നു വരും. അതെല്ലാം ലാൻഡു ട്രൈബ്യൂണലുകളും മറ്റും അതു നോക്കും. അടിസ്ഥാനപരമായ വരുമാനത്തിന്റെ ബേസിസിലല്ല സ്റ്റാന്റേർഡ് ഏക്കർ നിശ്ചയിച്ചിട്ടുള്ളതെന്നു വരുത്താൻ ഉള്ള സംരംഭം നടത്തുകയാണ്. നിലത്തിന്റെ വരുമാനം കണക്കാക്കിയിട്ടില്ല എന്നു പറഞ്ഞു. നിലത്തിന്റെ വരുമാനം കണക്കാക്കിയാണ് അവിടേയും സ്റ്റാന്റേർഡ് ഏക്കർ നിജപ്പെടുത്തിയിട്ടുള്ളത്. ലെവി എടുക്കുന്നതിനുള്ള ക്ലാസിഫിക്കേഷൻ 'എ, ബി, സി, ഡി' ഇങ്ങനെ തിരിച്ചിട്ടുള്ളതും നിലത്തിന്റെ യീൽഡ് അനുസരിച്ചാണ്. പത്തു കൊല്ലത്തെ കണക്കനുസരിച്ചുള്ള വരുമാനം കണക്കാക്കി അതു ഗവൺമെന്റു പരിശോധിച്ചു കഴിഞ്ഞിട്ടാണ് സ്റ്റാന്റേർഡ് ഏക്കറേജ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ടു വരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

എന്നുള്ള രീതിയിലുള്ള സംരംഭം തെറ്റാണ്. വേറെ വല്ല ഉദ്ദേശവുമാണെങ്കിൽ അതു നടക്കാൻ പോകുന്നില്ല. നിലങ്ങളുടെ വരുമാനം കണക്കാക്കിയിട്ടുണ്ടോ ? മറ്റു ഭൂമികളുടെ കണക്കെടുത്തിട്ടുണ്ടോ എന്നെല്ലാം ചോദിച്ചാൽ അല്പാതെ എങ്ങനെയാണ്. അതുപോലെ വരുമാനം കണക്കാക്കിയാണ് ലെവി ഈടാക്കുന്നത്. യാതൊരു കണക്കും ഇല്ലാതെയാണ് എന്നുള്ള പ്രസ്താവനയെ ഞാൻ നിഷേധിക്കുകയാണ്. വ്യക്തമായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽത്തന്നെയാണ് എല്ലാം നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: വരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ, അതോ നിലങ്ങളിലുണ്ടാകുന്ന ഉൽപാദനത്തിന്റെ അടിസ്ഥാനത്തിലാണോ ലെവി നിശ്ചയിക്കുന്നത്?

ശ്രീമതി കെ. ആർ. ഗൗരി: വരുമാനം എന്നു പറയുന്നത് നിലത്തിൽനിന്നും കിട്ടുന്ന ഉൽപാദനം വിൽക്കുമ്പോഴ കിട്ടുന്നതാണ്. ഒരു വസ്തുവിലെ വരുമാനം കണക്കാക്കുന്നത്, ഒരു വസ്തുവിൽ നൂറു തെങ്ങുണ്ടെങ്കിൽ അതിൽനിന്നും കിട്ടുന്ന തേങ്ങാ വിറ്റു കിട്ടുന്നതാണ് വരുമാനമായി കണക്കാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാൻഡേർഡ് ഏക്കർ നിശ്ചയിച്ചിരിക്കുന്നത്. യാതൊരു കണക്കുമില്ലാതെയും ഒന്നിനേയും ബേസു ചെയ്യാതെയുമാണ് ഇതു കൊണ്ടുവന്നിരിക്കുന്നതെന്ന് പറയുന്നതിനെ ഞാൻ നിഷേധിക്കുകയാണ്. നമ്മുടെ നാട്ടിലുള്ള വസ്തുക്കളിൽനിന്നും നിലങ്ങളിൽനിന്നും കിട്ടുന്ന വരുമാനം സ്റ്റാറ്റി സ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള കാർഷികപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർ ഗവൺമെന്റിനു സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിച്ചിട്ടുള്ളത്. ആ കണക്കുകൾ കാണിക്കുന്ന ഒരു വലിയ ബുക്ക് ഇതാ എന്റെ കൈവശമുണ്ട്. അതിന്റെ പേര് ലാൻഡ് റിഫോംസ് സർവെ ഇൻ കേരള 1966–67 എന്നാണ്. അത് 1968-ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിൽ ആവശ്യമുള്ള എല്ലാ കണക്കുകളും ഉണ്ട്. അതിലുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഇതു പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതുകൊണ്ട് യാതൊന്നുമില്ലാതെ മാനാംകാണി കണക്കുകൊണ്ടാണ് ഇതെല്ലാം തയ്യാറാക്കിയിരിക്കുന്നതെന്നു പറയുന്നതു ശരിയല്ല, അതിനെ ഞാൻ നിഷേധിക്കുകയാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: വരുമാനത്തിന്റെ കണക്കുകളെല്ലാംതന്നെ ഇപ്പോഴ വേണ്ട പ്രസംഗവേളയിൽ വിശദമായി പറയാം. ഇപ്പോഴ പ്രസക്തമായ രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളമാണ് പറയുവാനുള്ളത്. ഒന്ന് കുടികിടപ്പുകാർക്ക് ബെനിഫിറ്റ് ഫണ്ടിനെപ്പറ്റിയും, രണ്ടാമത്തേത് അഗ്രിക്കൾച്ചറൽസ് റീഹാബിലിറ്റേഷൻ ബെനിഫിറ്റ് ഫണ്ടിനെപ്പറ്റിയുമാണ്. സൊലേഷ്യം കൊടുക്കുന്നതിനും കുടികിടപ്പുകാർക്ക് വസ്തു വാങ്ങിക്കുമ്പോഴ പർച്ചൈസ് റൈറ്റ് കൊടുക്കുന്നതിനുവേണ്ടിയുമാണ്. നമ്മുടെ സംസ്ഥാനത്ത് കുടികിടപ്പുകാർ ഉണ്ടെന്നും അതിന് എന്തുമാത്രം പർച്ചൈസ് റൈറ്റ് കൊടുക്കേണ്ടിവരുമെന്നെല്ലാം അറിയുന്നതിന് കണക്ക് നോക്കേണ്ടതല്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ജോർജ്ജിന്റെ ഉദ്ദേശം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നു. യാതൊരു വിധത്തിലും യാതൊരു അടിസ്ഥാനവുമില്ലാതെ ബിൽ കൊണ്ടുവന്നുവെന്നും, ആ ബില്ലിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ ഈ വിധത്തിൽ പോരാ, അത് ഭരണഘടനാവിരുദ്ധമാണ്, മറേറത് കോടതിയിൽ പോയാൽ നിലനിൽക്കുകയില്ല, ഈ ബിൽകൊണ്ട് ആർക്കും ഗുണമില്ല, എല്ലാവർക്കും ദോഷമാണ് ഈ ബിൽകൊണ്ടുണ്ടാകാൻ പോകുന്നത്, യാതൊരു കണക്കുമില്ലാതെയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്ന് പറയുന്ന ശ്രീ. ജോർജ്ജിനോട് എനിക്കു പറയുവാനുള്ളത്, ഇതിനെല്ലാത്തിനും ഗവൺമെൻറ് കണക്കെടുത്തിട്ടുണ്ട്, കണക്കനുസരിച്ചുതന്നെയാണ് എഴുതിച്ചേർത്തിട്ടുള്ളത് എന്ന്. ഇതിനെപ്പറ്റിയെല്ലാം ഉള്ള കണക്കുണ്ട്, ശരിയായ കണക്കിൻെറ അടിസ്ഥാനത്തിൽത്തന്നെയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് തയ്യാറാക്കിയ ലാൻഡ് റിഫോംസ് സർവ്വെ ഇൻ കേരള എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ഇതൊന്നും മനസ്സിലാക്കാതെ ഈ നിയമം മുഴുവനും മോശമാണ്, റവന്യൂ മന്ത്രി മോശമാണ് എന്നു പറഞ്ഞാൽ കാര്യങ്ങൾ ശരിയാകുകയില്ല. എനിക്കു പറയുവാനുള്ളത് ഈ ബിൽ കൊണ്ടുവരാൻ തുടങ്ങിയ കാലം മുതൽ ഞാൻ നിങ്ങൾക്കെല്ലാം മോശക്കാരിയാണ്, ഇന്നും മോശക്കാരിയാണ്. എന്നാൽ അതേ സമയംതന്നെ ഈ രാജ്യത്തെ ലക്ഷോപലക്ഷം ജനങ്ങളുടെ മുമ്പിൽ ഞാൻ നല്ലയാളാണ് എന്നുള്ള വസ്തുതകൂടി ഓർമ്മിപ്പിക്കുകയാണ്.

(ഈ സമയം ശ്രീ. കരുണാകരനും, കെ. ടി. ജോർജ്ജും, കെ. എം. മാണിയും എല്ലാരും ചോദ്യങ്ങൾ ചോദിച്ചുകൊണ്ടു എഴുന്നേറ്റു)

ശ്രീ. കരുണാകരൻ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് തയ്യാറാക്കിയ പുസ്തകം വേണോ? അതിൽ എല്ലാ കണക്കുകളും പറഞ്ഞിട്ടുണ്ട്, അതു വായിച്ചുനോക്കിയാൽ കാര്യങ്ങൾ മനസ്സിലാകും. അല്ലാതെ എൻെറ സംസാരത്തെ തടസ്സപ്പെടുത്തുന്നത് ശരിയല്ല. പുസ്തകം വേണമെങ്കിൽ ഇതാ എടുത്തുകൊള്ളൂ. എൻെറ സംസാരം പൂർത്തിയാക്കാൻ അനുവദിക്കൂ. ഇടയ്ക്കു ചോദ്യങ്ങൾ ചോദിച്ചു ഉപദ്രവിക്കാതിരിക്കൂ.

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, ശ്രീ. കരുണാകരൻ തുടരെ തുടരെ ശ്രീമതി ഗൗരിയെ ഉപദ്രവിക്കുന്നു, ഉപദ്രവിക്കുന്നു എന്നു പറയുന്നു. എന്ത് ഉപദ്രവമാണ് ശ്രീ. കരുണാകരൻ നടത്തുന്നത്? ഞങ്ങൾ കാണത്തക്കവിധത്തിൽ ഒരു ഉപദ്രവവും നടത്തുന്നില്ല. ഞങ്ങൾ അറിയാതെ വല്ല ഉപദ്രവവും നടത്തുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: അടിയും തല്ലും കിട്ടിയാൽ മാത്രമേ ഉപദ്രവമാകുകയുള്ളുവെന്നും വേദനിക്കുകയുള്ളുവെന്നുമാണോ ശ്രീ. മാണിയെപ്പോലുള്ളവർ കരുതുന്നത്? അതു മാത്രമല്ല ഉപദ്രവം എന്നു പറയുന്നത്. ചിലർ ഉപയോഗിക്കുന്ന വാക്കുകൾകൊണ്ടും വേദനിക്കാറുണ്ട്. ശ്രീ. മാണി അതു മനസ്സിലാക്കണം. ശ്രീ. മാണിയെക്കാൾ എനിക്കു പ്രായം കൂടുതലുള്ളതുകൊണ്ട് ഞാൻ ശ്രീ. മാണിയെ ഉപദേശിക്കുകയാണ്.

സർ, ഞാൻ ബില്ലിലേക്കു കടക്കുകയാണ്.

ശ്രീ. കെ. ടി. ജോർജ്ജ്: എൻെറ ചോദ്യത്തിന് ഇതുവരേയും മറുപടി പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതു കേട്ടാൽ തോന്നും ശ്രീ. ജോർജ്ജ് പറയുന്നതുപോലെ ഞാനും മറുപടി പറയണമെന്ന്. കാര്യങ്ങൾ ഫലപ്രദ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

മായി ചെയ്യാൻ പറ്റുന്ന വിധത്തിൽ മാത്രമേ ഞാൻ പ്രസൻറു ചെയ്യുകയുള്ളൂ. ചില ആണുങ്ങൾക്കെല്ലാം ഒരു വിചാരമുണ്ട്, അതായത് ആണുങ്ങളുടെ തലയിൽ മാത്രമേ ബുദ്ധിയുള്ളുവെന്ന്. അതിന് എനിക്കു പറയുവാനുള്ളത് അക്കാലമെല്ലാം കഴിഞ്ഞുപോയിയെന്നാണ്. ഞാൻ കാര്യങ്ങൾ ഉള്ളതുപോലെ പറയും, നേരു നേരുപോലെ പറയും.

അടുത്തതായി സ്മാൾ ഹോൾഡറുടെ സംഗതിയിലേക്ക് വരികയാണ്. 1957–ൽ ഈ സ്റ്റേറ്റിലെ ഹോൾഡിംഗ്സിനെപ്പറ്റി സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് ഒരു കണക്കെടുത്തിട്ടുണ്ട്. ആ കണക്ക് മുഴുവനും ശരിയാണെന്ന് ഞാൻ പറയുന്നില്ല. അതിൽ കുറച്ചു ശരിയായിരിക്കാം, കുറച്ചു തെറ്റായിരിക്കാം. ആ കണക്കെടുത്തിട്ട് ഇപ്പോൾ പന്ത്രണ്ട് കൊല്ലത്തോളം കഴിഞ്ഞിരിക്കുകയാണ്. ഇതിനെപ്പറ്റി 1957–ലെ നിയമത്തിൽ ഫലപ്രദമായ രേഖ ഉണ്ടായിരുന്നു. ഹോൾഡിംഗ്സിൻെറ കണക്കു നോക്കുകയാണെങ്കിൽ 85 ശതമാനം പേരും അഞ്ചേക്കറിൽ താഴെ ഭൂമിയുള്ളവരാണെന്നു കാണാം. ഇത് 1957–ലെ കണക്കു പ്രകാരമാണ്. ഇപ്പോൾ അതിൽ അൽപസ്വൽപമെല്ലാം വ്യത്യാസം വന്നിട്ടുണ്ടാകാം. ഭാഗം വെച്ചതിൻെറ ഫലമായും ക്രയവിക്രയം നടത്തിയതിൻെറയൊക്കെ ഫലമായും ഛിന്നഭിന്നമായി പോയിട്ടുള്ളതും കാണും. ഇതെല്ലാംതന്നെ ഗവൺമെൻറ് പരിഗണനാർഹമായ വിധത്തിൽ പരിഗണിച്ചിട്ടുണ്ട്. എങ്കിലും ചെറുകിടക്കാരെ സംബന്ധിച്ചു രണ്ടു കോടി രൂപ വെച്ചിരിക്കുന്നതിൽ ഒതുങ്ങിനിൽക്കുമെന്നു വിചാരിക്കേണ്ട. ഇതിൻെറ ഇരട്ടി ഉണ്ടായിരുന്നാൽത്തന്നെ സാധിക്കുമോയെന്ന് സംശയമാണ്. ഈ കാലഘട്ടത്തിൽ ചെറുകിടക്കാരെ ameliorate ചെയ്യാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് നോക്കുന്നതാണ്. ആ വിധത്തിലാണ് അഗ്രിക്കൾച്ചറിസ്റ്റ് റീഹാബിലിറ്റേഷൻ ഫണ്ട് എന്നുള്ള നിലയിൽ രണ്ടു കോടി രൂപ വെച്ചിട്ടുള്ളത്. ഒറ്റപ്പെട്ട ചെറുകിടക്കാരെ സഹായിക്കുന്ന നടപടിയായിട്ടു മാത്രം കണക്കാക്കുമ്പോഴാണ് അഞ്ഞൂറു രൂപയെന്നുള്ളത് അപര്യാപ്തമാണെന്നു തോന്നുന്നത്. ചെറുകിടക്കാരെ സഹായിക്കുന്നതിനുവേണ്ടി എന്തെല്ലാം ചെയ്തിട്ടുണ്ട്. ചെറുകിടക്കാരെ സംബന്ധിച്ച് ഒഴിപ്പിക്കുന്നതിനുള്ള അവകാശം 1965–ൽ തീർന്നുപോയത് പരിധിക്കു കൂടുതലുള്ള കുടിയാൻെറ കൈവശം ഇരുന്ന ഭൂമി ചെറുകിടക്കാർക്ക് തിരിയെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം കൊടുത്തിട്ടുണ്ട്. അഞ്ചേക്കർവരെ അവരുടെ കൈവശം വരുന്നതിന് ഒഴിപ്പിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. ഞങ്ങൾ ഈ ഭാഗത്തിരുന്നുകൊണ്ട് പറഞ്ഞാൽ ഒന്നുംതന്നെ അംഗീകരിക്കുന്നില്ല, റവന്യൂ മന്ത്രിയുടെ കയ്യോ തൂലികയോ ചലിക്കുന്നതുപോലെ മാത്രമേ കാര്യങ്ങൾ നടക്കുന്നുള്ളുവെന്ന് പറയുകയുണ്ടായി. ഞാനല്ല ഇതെല്ലാം എഴുതുന്നത്, വിശ്വനാഥൻ നായരും, കൊച്ചുണ്ണിനായരുമാണ് ഇതെല്ലാം എഴുതുന്നത്. അവർ ഗവൺമെൻറ് പറയുന്നതിനേക്കാൾ കുറെക്കൂടി ചെറുകിടക്കാരെ സഹായിക്കുന്ന വിധത്തിൽ കൈ നീക്കുന്നുവെന്നുള്ളതാണ് വാസ്തവം. കുട്ടനാട്, പാലക്കാട് മുതലായ പ്രദേശങ്ങളിൽ ചെറുകിടക്കാർ വൻകിട കാർഷിക മുതലാളിമാരുടെ കൈകളിൽ അമർന്നു കഴിഞ്ഞുകൂടുകയാണ്. അങ്ങനെയുള്ള ചെറുകിടക്കാർക്ക് രക്ഷ കൊടുക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. വൻകിട കാർഷിക മുതലാളിമാരുടെ കൈകളിൽ നിന്നും രക്ഷപ്പെടാനോ, അവർക്ക് അവകാശമുള്ള സ്ഥലം ഒഴിപ്പിച്ചെടുക്കാനോ നിവൃത്തിയില്ലാതെ കഴിഞ്ഞുകൂടിയ ഈ വിഭാഗക്കാരെ രക്ഷിക്കുന്നതിനു വേണ്ടിയാണ് ഇതിൽ ശ്രമിച്ചിട്ടുള്ളത്. ഇതിനുമുമ്പ് ഇവിടെയുണ്ടായിരുന്ന ഏതു ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ള ബില്ലിൽ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നതിനേക്കാളും വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണ് ഇതെന്ന് ഞാൻ അവകാശപ്പെടുകയാണ്.

ശ്രീ. ഇ. അഹമ്മദ്: 1964-ലെ ഒന്നാം ആക്റ്റിൽ 72 ൽ 27(ബി)യിൽ കൊടുത്തിരുന്ന ആനുകൂല്യം ഈ ബില്ലുകൊണ്ട് നഷ്ടപ്പെടുകയല്ലേ ചെയ്യുന്നത്?

ശ്രീമതി കെ. ആർ. ഗൗരി: പാട്ടം കൂട്ടണമെന്ന് പറഞ്ഞിട്ട് കൂട്ടിയോ? പഴയ ബില്ലിൽ ചെറുകിടക്കാരെപ്പറ്റി വച്ചിട്ടുള്ള നിർവചനം എന്താണ്? അതിൽ 20 ഏക്കർ വരെയുള്ളവരെയാണ് ചെറുകിടക്കാരായി അംഗീകരിച്ചിട്ടുള്ളത്. ചെറുകിടക്കാരുടെ ഉടുപ്പിട്ട് വൻകിടക്കാരെ സഹായിക്കുകയല്ലേ ഇന്നു ചെയ്തിട്ടുള്ളത്? ചെറുകിടക്കാരുടെ ഉടുപ്പിട്ട വൻകിടക്കാർ പാവപ്പെട്ട ചെറുകിടക്കാരുടെ അദ്ധ്വാനത്തെ ഊറ്റിയെടുക്കുന്നതു കാർഷിക പരിഷ്കരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരായിട്ടുള്ളതാണ്. അതുകൊണ്ട് ഈ ബില്ലിൽ എഴുതിച്ചേർത്തിട്ടുള്ള വ്യവസ്ഥയിൽ ഒരു തെറ്റുമില്ല. ഇതു ചെറുകിടക്കാരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ളതാണ്.

ശ്രീ. ഇ. അഹമ്മദ്: തെറ്റോ ശരിയോ എന്നുള്ളതിനെ സംബന്ധിച്ച് പിന്നീടു പറയാം. മുമ്പുണ്ടായിരുന്ന ബില്ലിൽ അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം എടുത്തുകളയുന്നത് ശരിയാണോ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. അഹമ്മദിനോട് ഞാൻ പറയുകയാണ്. പാട്ടം കൂട്ടിയില്ല. പാട്ടം കുറച്ചു. പതിനാറു കൊല്ലംകൊണ്ട് അഞ്ഞൂറു രൂപ കിട്ടുന്ന വസ്തു ഉടമസ്ഥനാണെങ്കിൽ, സാധാരണ വസ്തുവിന്റെ ഇൻറെറസ്റ്റു കണക്കാക്കുന്നത് 20 കൊല്ലത്തേതെന്നാണ്, എന്നാൽ ഇരുപതു കൊല്ലത്തേതൊന്നും കണക്കാക്കുകയില്ല. ടെനൻസി ഇംപ്രൂവ്മെൻറ് ആക്റ്റും മറ്റും മുഖേനയാണ് മാർക്കറ്റുവില നിശ്ചയിക്കുന്നത്. മാർക്കറ്റുവില നിശ്ചയിക്കുമ്പോൾ 15 ഇരട്ടിയാണ്. മര്യാദ പാട്ടത്തിന്റെ പതിനാറ് ഇരട്ടി കോമ്പൻസേഷൻ കൊടുക്കണമെന്നു വച്ചിട്ടുണ്ട്. അഞ്ഞൂറു രൂപ കൊടുക്കുന്നത് മാർക്കറ്റുവിലയെക്കാൾ കൂടുതൽ കൊടുക്കുകയാണ്. ഗവൺമെൻറിന്റെ കൈയിൽനിന്നും ചെറുകിടക്കാരന് സൊലേഷ്യമായി അഞ്ഞൂറു രൂപ കൊടുക്കും. വാങ്ങിക്കുമ്പോൾ അഞ്ഞൂറു രൂപ കോമ്പൻസേഷൻ കിട്ടാൻ അർഹതയുള്ള ചെറുകിടക്കാർക്ക് 32 ഇരട്ടി പ്രതിഫലം കൊടുക്കുന്നത് കുറഞ്ഞതൊന്നുമല്ല. ശരിയെന്ന് എന്റെ അഭിപ്രായമാണ്, തെറ്റെന്നു നിങ്ങൾ പറഞ്ഞുകൊള്ളുക.

[11 a.m.]

ചെറുകിടക്കാരായ കൃഷിക്കാർക്ക് ഒഴിപ്പിക്കാനുള്ള അവകാശം ഇല്ലാതിരുന്നത് ചെറിയ കൃഷിക്കാർക്ക് ദ്രോഹം ചെയ്യാതെ കൊടുത്തുകൊണ്ട് അവരെ വൻകിടക്കാരുടെ കയ്യിൽനിന്ന് വിമുക്തമാക്കി രക്ഷിക്കുന്നതിനുള്ള വകുപ്പ് എഴുതിച്ചേർക്കുന്നതോടൊപ്പം അവർക്കുള്ള കോമ്പൻസേഷൻ തുക ഇരട്ടിയാക്കുകയുമാണ് ഇതിൽ ചെയ്തിട്ടുള്ളത്.

ശ്രീ. കെ. കരുണാകരൻ: മര്യാദപ്പാട്ടത്തിന്റെ പതിനാറിരട്ടി എന്നു പറഞ്ഞു. അതല്ല. ഉടമസ്ഥനും കുടിയാനും തമ്മിൽ നേരിട്ട് കാൺട്രാക്ട് ഉണ്ടാക്കിയിരുന്നെങ്കിൽ, മര്യാദപ്പാട്ടത്തേക്കാൾ എത്ര കുറവുള്ള കാൺട്രാക്ടാണെങ്കിലും അതിന്റെ പകുതിയേ കണക്കാക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അത് നിലത്തിനാണ്. പറമ്പിന് 75 ശതമാനം ആണ് വച്ചിരിക്കുന്നത്. പറമ്പിനെ സംബന്ധിച്ചിടത്തോളം പഴയ നിയമത്തിലെ പാട്ടം മതിയെന്നാണ് വച്ചിരുന്നതെങ്കിലും പിന്നീടു കിട്ടിയ വിവരങ്ങളുടേയും, സെലക്ടുകമ്മിറ്റിയിലുണ്ടായ ചർച്ചകളുടേയും അടിസ്ഥാനത്തിലാണ് പറമ്പിന് 75 എന്നാക്കിയത്. നിലത്തിന് 50 ശതമാനം പാട്ടം എന്നു എഴുതിയിരിക്കുന്നത് മിക്കവാറും എളുപ്പം നടക്കാൻ വേണ്ടിയാണ്. ലാൻഡ് റിഫാംസ് നിയമത്തിലുള്ള മര്യാദപ്പാട്ടത്തിന്റെ ഷെഡ്യൂളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ ദുർല്ലഭമായ സ്ഥലങ്ങളിലൊഴിച്ചേ അതുപോലെ വരികയുള്ളൂ. നാലിലൊന്ന്, അഞ്ചിലൊന്ന് ഇതൊക്കെയാണ് ഫെയർ റെന്റ്. ചില കാൺട്രാക്ട് റെന്റുകളിൽ കുറഞ്ഞു എന്നുവരാം. ആ കേസുകളിൽ ഇരട്ടി പ്രതിഫലം കിട്ടും. പ്രതിഫലം ഗവൺമെന്റിനു കൊടുക്കണമെന്നാണ് ഇതിൽ വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന പഴയ നിയമത്തിൽ വകുപ്പുണ്ട്. മലബാർ ഏരിയായിൽ ചെറുകിടക്കാരുടെ ഭൂമി കൃഷിക്കാരൻ വാങ്ങണമെന്നുണ്ടെങ്കിൽ പകുതി ഒഴിഞ്ഞുകൊടുക്കണമെന്നുള്ള വ്യവസ്ഥയുണ്ട്. പകുതി കുടിയാന് എഴുതിക്കൊടുത്താലേ വാങ്ങാൻ സാധിക്കുകയുള്ളൂ. പക്ഷേ 1964 മുതൽ ഈ നിയമം നടപ്പിൽ വന്നുകഴിഞ്ഞ് 1969 വരെയായിട്ടും മലബാറിൽ ചെറുകിട ഭൂവുടമസ്ഥൻമാരിൽനിന്ന് ഭൂമി വാങ്ങുന്നതിന് കുടിയാൻമാർ അപേക്ഷ കൊടുത്തിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: അത്രയും നല്ല പാട്ടമാണ്.

ശ്രീമതി. കെ. ആർ. ഗൗരി: കണ്ണൂർ ടൗൺ ഏരിയായിലുള്ള വസ്തു ഉടമസ്ഥൻമാരുടെ കാര്യം മാത്രമല്ല. മലബാറിലെ കുടിയാൻമാർക്ക് ഒരു ചരിത്രമുണ്ട്. കാർഷിക സമരങ്ങളുടെ ചരിത്രമുണ്ട്. അത് എന്താണ്? 1929-ലെ മലബാർ കുടിയായ്മ നിയമം എങ്ങനെ ഉണ്ടായി? ആ കുടിയായ്മ നിയമത്തിൽ കാലാകാലങ്ങളിൽ എങ്ങനെ മാറ്റങ്ങളുണ്ടായി? മലബാറിലെ കുടിയാൻമാരും കൃഷിക്കാരും നടത്തിയിട്ടുള്ള ഐതിഹാസികമായ സമരങ്ങളും, അവർ അനുഭവിച്ചിട്ടുള്ള ത്യാഗങ്ങളും, അവരുടെ പിന്നിൽ അണിനിരന്ന ജനവിഭാഗങ്ങളുടെ സംഘടിത ശക്തിയും മറ്റുമെല്ലാമുള്ള കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് കുടിയാൻമാരുടെ ഭാഗത്തെ പ്രതിനിധീകരിക്കുന്ന എം. എൽ. എ. മാർ കൊടുത്ത ഭേദഗതികൾ മദ്രാസ് ഗവൺമെന്റിന് അംഗീകരിക്കേണ്ടിവന്നത്. പറളിയിൽനിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ഒരു കുടികിടപ്പുകാരി അവരുടെ പുരയുടെ പുറത്തുകിടന്ന കുമ്പളങ്ങായുമെടുത്തുകൊണ്ട് പറളിയിൽനിന്ന് മദ്രാസ്വരെ കാൽനടയായി പോയി പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. അവിടത്തെ കർഷക സമരത്തിന്റെ പിന്നിലുള്ള ചരിത്രം അതാണ്. കുടിയാന്റെ കൈവശഭൂമിയെ സംബന്ധിച്ച് അത് അവൻ ഒഴിഞ്ഞുകൊടുക്കുകയില്ല എന്നുള്ള അവന്റെ നിർബന്ധം നാം അംഗീകരിക്കണം. അത് അംഗീകരിക്കാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണെങ്കിൽ ആ വിധത്തിലുള്ള യാതൊരു നിയമവും ഇവിടെ നടപ്പിലാകാൻ പോകുന്നില്ല.

പിന്നെയുള്ളത് പരിധിയിൽകവിഞ്ഞുള്ള മിച്ചഭൂമിയെ സംബന്ധിച്ചുള്ളതാണ്. ആ മിച്ചഭൂമി പാവപ്പെട്ട കുടിയില്ലാത്ത ആളുകളെ കുടിയിരുത്തുന്നതിനുവേണ്ടി ഉപയോഗിക്കുകയും ചെയ്യാം. ചെറുകിടക്കാരുടെ നിർവ്വചനത്തിൽത്തന്നെ അവരെ എങ്ങനെ പുനരധിവസിപ്പിക്കാമെന്നുള്ളതി

ന്നെക്കുറിച്ച് വ്യവസ്ഥ എഴുതിച്ചേർത്തിട്ടുണ്ട്. അവരെ സഹായിക്കുന്നതിന് ഗവൺമെൻറിന് വേണമെങ്കിൽ വേറെ ഏതെങ്കിലു വിധത്തിൽ എന്തെങ്കിലും സ്കീംവച്ചുകൊണ്ട് സഹായിക്കാൻ സാധിക്കും. പക്ഷേ ഈ നിയമം നിയമസഭയുടെ മുൻപിലും പൊതുജനങ്ങളുടെ മുൻപിലും വരുമ്പോഴേ ചെറുകിടക്കാർക്കുണ്ടാകുന്ന വികാരങ്ങളെ മാനിച്ചുകൊണ്ട് ഗവൺമെൻറ് അവരെ റിഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ് ഇതിൽ എഴുതിയിരിക്കുന്നത്.

ശ്രീ. അഹമ്മദ് സെയിൽസ്ടാക്സിൻെറ അടിസ്ഥാനത്തിൻ ടേൺ ഓവർ കണക്കാക്കുന്നത് എന്തിനാണെന്നു ചോദിച്ചു. സെയിൽസ്ടാക്സിൻെറ അടിസ്ഥാനത്തിൽ ടേൺ ഓവർ കണക്കാക്കുന്നത് കാർഷിക പരിഷ്കരണ നിയമത്തിൻെറ ഭാഗമായി ചേർത്തത് എല്ലാ വികാരങ്ങളേയും മാനിച്ചുകൊണ്ടാണ്. അങ്ങനെ ചേർത്തത് കൂടുതൽ വരുമാനവും മറ്റും കൊണ്ട് സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തിയിട്ടുള്ള ആളുകളെ സഹായിക്കാൻ വേണ്ടിയല്ല, ആകപ്പാടായിട്ട് ദുരിതമനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ വേണ്ടിയിട്ടാണ്.

ശ്രീ. ഇ. അഹമ്മദ്: സെയിൽസ്ടാക്സിൻെറ കാര്യത്തെപ്പറ്റി പറഞ്ഞു. ഇതുപോലുള്ള നിയമത്തിൽ ഈ വ്യവസ്ഥ ഇതേപടി നടപ്പിൽ വരുത്തുകയാണെങ്കിൽ വളരെ ചെറിയ കച്ചവടക്കാർക്കുപോലും, 50 രൂപാ ടേൺ ഓവറുള്ള കച്ചവടക്കാർക്കുപോലും ഈ ആനുകൂല്യം ലഭിക്കാതെ പോകുമെന്നറിയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അങ്ങനെയാണെങ്കിൽ ഒരു ലക്ഷം രൂപാ ടേൺഓവറുള്ളതും നഷ്ടമാണെന്നു പറയുമല്ലോ. കച്ചവടത്തിൻെറ നിജസ്ഥിതി എന്താണെന്നുള്ളത് നോക്കണം. ശ്രീ. കരുണാകരൻ പറഞ്ഞു, അവർക്ക് 500 രൂപാ കൊടുത്താൽപോരാ, 3,000 രൂപാ കൊടുക്കണമെന്ന്. പതിനായിരം രൂപാ കൊടുക്കണമെന്നു പറയാം. പക്ഷേ അങ്ങനെയാണെങ്കിൽ ഇതൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: ഈ ക്ലാസ്സ് ഇതുപ്രകാരം നടപ്പിൽ വരുത്തുകയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്ന ആനുകൂല്യം വലതുകൈകൊണ്ട് കൊടുക്കുന്നത് ഇടതുകൈകൊണ്ട് എടുക്കുന്നതുപോലെയാകും.

ശ്രീമതി കെ. ആർ. ഗൗരി : വരുമാനം ഈ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോഴേ രണ്ടേക്കറുള്ള ചെറുകിടക്കാരിൽ ചിലപ്പോഴെ ഐ. എ. എസ്. ഉദ്യോഗസ്ഥൻമാർ കണ്ടേക്കാം. അവരാരും ഈ ആനുകൂല്യം വേണമെന്നു പറയുന്നവരല്ല.

ശ്രീ. ഇ. അഹമ്മദ്: അവരൊക്കെ ഇൻകംടാക്സ് കൊടുക്കുന്നവരാണ്. ഞാൻ പറഞ്ഞത് പാവപ്പെട്ട കച്ചവടക്കാരുടെ കാര്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി : നിങ്ങളുടെയെല്ലാം വികാരങ്ങളും മാനിച്ചുകൊണ്ടാണ് ഇങ്ങനെയൊരു വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. കാർഷികപരിഷ്കരണം നടപ്പിലാക്കണമെങ്കിൽ അതിന് വരുന്നതായിട്ടുള്ള ചെലവുകൂടി കണക്കാക്കണം. ഇതിനുവേണ്ടിയിട്ടുള്ള തുക മുഴുവനും കേന്ദ്രഗവൺമെൻറ് തരണമെന്നുള്ള നീക്കമാണ് വരുന്നതെങ്കിൽ എനിക്ക് വിരോധമില്ല. ബംഗാൾ ഗവൺമെൻറ് ഇതുപോലുള്ള മെമ്മോറാണ്ടം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കൊടുത്തിട്ടുണ്ട്. നാമും പരീക്ഷണാർത്ഥം റിക്കാർഡ് ആഫ് റൈറ്റ്സിന്റെ ചെലവിനുവേണ്ടിയുള്ള പണം മുഴുവനും കേന്ദ്രഗവൺമെന്റ് ഗ്രാന്റായി തരണമെന്നു ആവശ്യപ്പെട്ടിരിക്കുകയാണ്. മെമ്മോറാണ്ഡം കൊടുത്തു ഞാൻ Prime Minister-രെ കണ്ടു സംസാരിച്ചു. അതല്ലെങ്കിൽ കടമായിട്ടെങ്കിലും തരണമെന്നു ചോദിച്ചിരിക്കുകയാണ്. അപ്പോഴും ഇതിനൊക്കെ പണംവേണം. രണ്ടായിരവും മൂവായിരവുമൊക്കെ കൊടുക്കണമെന്നു പറഞ്ഞാൽ അതിനുള്ള പണം നാം എവിടെനിന്നാണ് കണ്ടുപിടിക്കുന്നത് ? ഈ ബില്ലിലെ എല്ലാ വകുപ്പുകളും ശരിയായി നോക്കി പഠിച്ചിട്ട് ഇത് നടപ്പാക്കാനാവശ്യമായിട്ടുള്ള നിലയിലാണ് എഴുതിയിട്ടുള്ളത്. അയ്യായിരവും പതിനായിരവും കൊടുക്കണമെന്ന രീതിയിലുള്ള ഭേദഗതികളാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. പക്ഷേ അതൊന്നും ഗവൺമെന്റിനു നടപ്പാക്കാൻ കഴിയാത്ത രീതിയിലുള്ള പ്രൊപ്പോസലുകളാണ്. ഗവൺമെന്റിനു കിട്ടിയ കണക്കുകൾ വച്ചു കൊണ്ടാണ് ഇതിൽ വേണ്ട മാറ്റം വരുത്തിയിട്ടുള്ളത്. അതുകൊണ്ട് ശ്രീ. അഹമ്മദിന്റെ ഭേദഗതി പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

The amendments (Nos. 153, 154 and 157) moved by Shri E. Ahamed were, by leave, withdrawn.

The amendment (No. 258) moved by Shri K. T. George was put and lost.

The question that clause 88 stands part of the Bill was put and carried.

Clause 88 was added to the Bill.

New clause after clause 88

Revenue Minister (**Smt. K. R. Gouri**): Sir, I move:

(No. 22) After clause 88, the following clause shall be inserted, namely:

"88A. Insertion of new section 111A—after section 111 of the principal Act, the following section shall be inserted, namely:—

"111A. Mortgage money not to be returned in certain cases:—Notwithstanding anything contained in any law for the time being in force, or in any contract, or in any judgment, decree or order of court, where a mortgagee or any person claiming under him is entitled to fixity of tenure under any provision of this Act, the mortgagor shall not be liable to return the mortgage money or any portion thereof to such mortgagee or person".

The amendment was put and carried.

The question that the new clause stands part of the Bill was put and carried.

The new clause after clause 88 was added to the Bill.

Clause 89

The question that clause 89 stands part of the Bill was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Clause 89 was added to the Bill.

Clause 90

Smt. K. R. Gouri: Sir, I move:

(No. 321.) In clause 90, for sub-clause (b), the following sub-clause shall be substituted, namely:—

(b) after sub-section (3) the following sub-sections shall be inserted, namely:—

"(4) In section 2 of the Kerala Land Relinquishment Act, 1958, in clause (d), the words, brackets and figures as amended by the Kerala Land Reforms (Amendment) Act, 1969" shall be inserted at the end.

(5) In the Kerala Prevention of Eviction Act, 1966,—

(i) in clause (a) of section 2, the words, brackets and figures 'as amended by the Kerala Land Reforms (Amendment) Act, 1969' shall be inserted at the end;

(ii) for section 8, the following section shall be substituted, namely:—

"8. *Stay of suits or other proceedings for eviction.*—Where in any suit or other proceeding for the eviction of a cultivating tenant, a holder of a kudiyirippu or a kudikidappukaran from his holding, kudiyirippu or kudikidappu, as the case may be, whether pending at the commencement of this Act or instituted after such commencement, the cultivating tenant or the holder of the kudiyirippu or the kudikidappukaran makes a representation to the court or the Land Tribunal in which such suit or other proceeding is pending or instituted that no record of rights in respect of the holding or register of kudikidappukars in respect of the area in which that kudikidappu is situate, as the case may be, has been prepared, the court or the Land Tribunal shall not proceed with the suit or proceeding until the record of rights in respect of the holding or the land in which the kudikidappu is situate, as the case may be, is prepared and made available to it and the court or the Land Tribunal shall also, by order, direct the Tahsildar of the Taluk in which the holding or the land in which the kudikidappu is situate to prepare a record of rights in respect of the holding or, as the case may be, such land and to file the same in the court or the Land Tribunal and the Tahsildar shall cause the same to be prepared in the manner prescribed under the Kerala Land Reforms Act, 1963:

Provided that where the area in which the holding or kudikidappu is situate has been notified by the Government under sub-section (1) of section 3 of the Kerala Record of Rights Act, 1968, the court or the Land Tribunal shall direct the prescribed officer under that Act instead of the Tahsildar to prepare a record of rights in respect of the holding or, as the case may be, the land in which the kudikidappu is

LIBRARY ARCHIVES Kerala Legislative Assembly

[Smt. K. R. Gouri]

situate, in accordance with the provisions of the said Act and to file the same in the court or the Land Tribunal."

(6) In section 2 of the Kerala Record of Rights Act, 1968, for clause (a), the following clause shall be substituted, namely:

"(a) the expression 'kudikidappukaran' shall have the meaning assigned to it in the Kerala Land Reforms Act, 1963, as amended by the Kerala Land Reforms (Amendment) Act, 1969."

ഇതു ക്ലോസ്സ് 90-ൽ വന്നിട്ടുള്ള ചില്ലറ തകരാറുകൾ തിരുത്തുന്നതിനുവേണ്ടി മാത്രമുള്ളതാണ്.

The amendment was put and carried.

The question that clause 90, as amended, stands part of the Bill was put and carried.

Clause 90, as amended, was added to the Bill

New clauses after clause 90

Smt. K. R. Gouri. Sir, I move:

(No. 23) After clause 90, the following clauses shall be inserted, namely:—

"90A. Amendment of section 115.—In section 115 of the principal Act, after the words 'Land Tribunal' wherever they occur, the words 'or appellate authority' shall be inserted.

90B. Amendment of section 116.—In section 116 of the principal Act, the words 'to the Land Tribunal or the Land Board' shall be omitted.

90C. Amendment of section 117.—In section 117 of the Principal Act, for the words 'Land Board', in both the places where they occur, the words 'Land Board, appellate authority' shall be substituted.

The amendment was put and carried.

The question that new clauses (90A, 90B and 90C) after clause 90 stand part of the Bill was put and carried.

New clauses (90A, 90B and 90C) were added to the Bill.

Clauses 91 *to* 94

The question that clauses 91 to 94 stand part of the Bill was put and carried.

Clauses 91 to 94 were added to the Bill.

Clause 95

Smt. K. R. Gouri: Sir, I move:

(No. 24) In clause 95 (In section 125 of the principal Act, proposed to be substituted by the clause) in sub-sections (1) and (2), after the words 'Land Tribunal' the words 'or the appellate authority' shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and carried.

The question that clause 95, as amended, stands part of the Bill was put and carried.

Clause 95, as amended, was added to the Bill.

Clause 96

The question that clause 96 stands part of the Bill was put and carried.

Clause 96 was added to the Bill

New clause after clause 96

Smt. K. R. Gouri: Sir, I move:

(No. 25) After clause 96, the following clause shall be inserted, namely:—

"96A. Amendment of section 129.—In section 129 of the principal Act, in sub-section (2),—

(i) for clause (a), the following clause shall be substituted, namely:—

"(a) the fees payable on applications, appeals and claims made under this Act and persons by whom and the period within which such fees shall be paid;";

(ii) in clause (b), for the words 'Land Tribunal' the words 'Land Tribunal, the appellate authority' shall be substituted;

(iii) after clause (f), the following clause shall be inserted, namely:—

"(ff) for the joint consideration by the appellate authority of the two or more appeals involving the same question;";

(iv) in clause (g) for the words and figures 'sections 94 and 96', the word and figures 'section 96' shall be substituted.".

This is also a consequential amendment.

The amendment was put and carried.

The question that new clause after clause 96 stands part of the Bill was put and carried.

New clause after clause 96 was added to the Bill.

Clause 97

Smt. K. R. Gouri: Sir, I move:

(26) In clause 97 (in the Schedule II to the principal Act, proposed to be substituted) in Part II, for the entry in column (3) against serial number 6, the entry "1" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Clause 97

Shri E. Ahamed: Sir, I move:

(No. 158) In clause 97 (in Schedule II to the principal Act proposed to be substituted), Part I, Palghat District, item 1 (i), for '1·25', substitute/'1·50'.

(No. 163) In clause 97 (in Schedule II to the principal Act proposed to be substituted), Part I, Malappuram District, item 1 (i) standard acre '1·00' be substituted by '1·50'.

(No. 165) In clause 97 (in Schedule II to the principal Act proposed to be substituted), Part I, Kozhikode District, item 1 (i) standard acre '1·00' be substituted as '1·50'.

(No. 169) In clause 97 (in Schedule II to the principal Act proposed to be substituted), Part I, Cannanore District, item 1 (i) for the words standard acre '1.25' substitute '2·00'

(No. 172) In clause 97, (in Schedule II to the principal Act proposed to be substituted), Part I, Cannanore District, item 1 (ii) for standard acre '0·50' substitute '1·00'.

Shri U. P. Kunikullaya: Sir, I move:

(No. 232) In clause 97, (in Schedule II proposed to be substituted), in Part I delete '0·50' wherever it occurs against 'lands used principally for growing arecanut trees' and substitute the same with '1·00'.

(No. 233) In clause 97 (In Schedule II proposed to be substituted), in Sl. No. 15, columns (3) and (4) may be substituted by the figures '1·50' and '3·00' respectively.

Shri G. Gopinathan Pillai: Sir, I move:

(No. 259) In clause 97, (in Schedule II to the principal Act proposed to be substituted), Part I, Alleppey District, item (ii), for the figure '0·50', substitute '0·75'.

ശ്രീ. ഇ. അഹമ്മദ്: സർ, എന്റെ ഭേദഗതികൊണ്ട് ഞാനുദ്ദേശിയ്ക്കുന്നത് 2-ാം ഷെഡ്യൂളിൽ കാണിച്ചിട്ടുള്ളത് ഒട്ടും ശരിയല്ലെന്നു പറയാനാണ്, ബഹുമാനപ്പെട്ട മന്ത്രി ഞാൻ പ്രകടിപ്പിച്ചിട്ടുള്ള പല വികാരങ്ങളും മാനിച്ചിട്ടുള്ളതുകൊണ്ട്, ഇത് പ്രത്യേകിച്ചും മാനിക്കേണ്ടതാണെന്നു പറയുകയാണ്. ആക്ട് 1/64 പ്രകാരം കേരളത്തിന്റെ വടക്കൻ ഭാഗത്തുള്ള ജില്ലകളിൽ ചില അനീതികളും കാണിച്ചിട്ടുണ്ട്. സ്റ്റാൻഡേർഡ് ഏക്കറിന്റെ നിർവചനത്തിൽ പല അപാകതകളും വന്നിട്ടുണ്ട്. ഇത് ഏറെക്കുറെ തിരുത്തിയിട്ടുണ്ടെന്നു കാണുന്നത് സ്വാഗതാർഹമാണ്. തിരുത്തിയതു മുഴുവൻ ശരിയാണെന്ന അഭിപ്രായം എനിക്കില്ല. ഉദാഹരണമായി പാലക്കാട്ടു ജില്ലയിൽ ഗാർഡൻ ലാൻഡ്സ് സ്റ്റാൻഡേർഡ് ഏക്കറേജുമായി കംപയർ ചെയ്യുമ്പോൾ 1.25 എന്നു ചേർത്തത് ശരിയായില്ല. ഒന്നര ഏക്കറായി കണക്കാക്കിയെങ്കിൽ മാത്രമേ വിളവിന്റെയും മറ്റും നിലവച്ചു നോക്കിയാൽ അതു ശരിയാവുകയുള്ളൂ. അതുപോലെതന്നെയാണ് മലപ്പുറം ജില്ലയിലേയും കോഴിക്കോടു ജില്ലയിലേയും ഗാർഡൻ ലാൻഡ്സിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള സ്റ്റാൻഡേർഡ് ഏക്കർ. മറെറാന്ന് ചൂണ്ടിക്കാണിക്കാനുള്ളത് കണ്ണൂർ ഡിസ്ട്രിക്ടിനെ സംബന്ധിച്ചാണ്. സർവ്വേ ഡിപ്പാർട്ടുമെൻറും റവന്യൂ ഡിപ്പാർട്ടുമെൻറും മററു വല്ല ഡിപ്പാർട്ടുമെൻറും വരുമെങ്കിൽ അതെല്ലാംകൂടി കണക്കെടുത്താലും വളരെയധികം വിളവു കുറവു മാത്രം കിട്ടുന്ന ഫലഭൂയിഷ്ടമല്ലാത്ത ഭൂമിയാണ് കണ്ണൂർ ഡിസ്ട്രിക്ടിലുള്ളതെന്നു മനസ്സിലാക്കാൻ കഴിയും. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇക്കാര്യം അറിയാവുന്നതാണ്. ഈ ബില്ലിനെ സംബന്ധിച്ചുള്ള തെളിവു സ്വീകരിക്കാൻ കാസർകോട്ടുവരെ പോയിട്ടുള്ള മന്ത്രി തലശ്ശേരി കഴിഞ്ഞ് കാസർകോടുഭാഗം എത്തുന്നതുവരെ വെറും ലൈഡലാൻറ് മാത്രം, വിളവ് അൽപംപോലുമില്ലാത്ത ഭൂമി കണ്ടതാണ്. ഇതിലെ സെക്കൻറ് ഷെഡ്യൂളും അനുസരിച്ച് പാലക്കാട്, മലപ്പുറം, കണ്ണൂർജില്ല

'Land used principally for growing coconut trees' എന്നുള്ളത് പാലക്കാട്ടു ജില്ലയിൽ 1.25 എന്നുള്ളതു മാററി 1.50 എന്നാക്കണം. മലപ്പുറം ഒരേക്കറെന്നുള്ളത് 1.50 ഏക്കർ എന്നു ചേർക്കണം. കോഴിക്കോട്ടു ജില്ലയിലും ഒരേക്കർ എന്നുള്ളത് 1.50 എന്നാക്കണം. കണ്ണൂരിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഗവൺമെൻറിൻെറ മുമ്പിലുള്ള 1.25 എന്നുള്ളത് തികച്ചും തെററാണ്. പാലക്കാട്ടു ജില്ലയിലും കണ്ണൂർ ജില്ലയിലും കിട്ടുന്ന വിളവ് ഒരുപോലെയാണെന്ന് ഏതു ഡിപ്പാർട്ടുമെൻറാണ് വിവരം കൊടുത്തത്. ഫലഭൂയിഷ്ടമല്ലാതെ പിന്നോക്കം കിടക്കുന്ന ഒരു പ്രദേശമാണ് കണ്ണൂർ ജില്ല. അതുകൊണ്ട് ഇപ്പോഴുള്ളതു മാററി, 1.25 എന്നുള്ളത് മാററി 1.50 എന്നു ചേർക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ 'Land used principally for growing arecanut trees' എന്നുള്ളത് .50 എന്നാണ് ചേർത്തിട്ടുള്ളത്. ഇത് സംസ്ഥാനത്തിൻെറ മറെറല്ലാ ജില്ലകളിലും ഇതുപോലെയാണ്. കണ്ണൂർ ജില്ലയിലെ സ്ഥിതിവിശേഷം കണക്കിലെടുത്തുകൊണ്ട് അവിടെനിന്നും കിട്ടുന്ന വിളവ് കുറവാണെന്നുള്ള വസ്തുത പരിഗണിച്ചുകൊണ്ട് അവിടത്തേത് ഒരേക്കറാക്കി മാറണം.

മറെറാന്ന് എനിക്കു പറയാനുള്ളത് നമ്മുടെ സ്റ്റാറാറിസ്റ്റിക്സ് തന്നെ ആശാസ്യമാണോ എന്നു സംശയമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സ്റ്റാറാറിസ്റ്റിക്സിനെപ്പററി പറയാറുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുള്ള വിവരങ്ങൾ ഏതാനും വർഷംമുമ്പ് ഉള്ളതായിരിക്കും. കണ്ണൂർ ജില്ലയുടെ ഏതെങ്കിലും ഒരു പ്രദേശത്ത് കുറെയധികം വിളവുള്ളതുകൊണ്ട് ആ ജില്ലയിലെ മുഴുവൻ ഭൂമിയും കണക്കിലെടുത്ത് കൂടുതൽ കിട്ടുന്നുണ്ട്. അതുകൊണ്ട് അരയേക്കർ മാത്രമേ പാടുള്ളൂ എന്നു അരക്കനട്ടിനെ സംബന്ധിച്ചുള്ള കണക്കു ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ ഭേദഗതി വരുത്തണമെന്നഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ശ്രീ. അഹമ്മദിൻെറ ഭേദഗതിയെ അനുകൂലിക്കുകയാണ്. ശ്രീ. അഹമ്മദ് ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഷെഡ്യൂളിൽ വളരെയധികം പാകപ്പിഴകൾ വന്നുചേർന്നിട്ടുണ്ട്. ഈ ഷെഡ്യൂളിനെ സംബന്ധിച്ചു പറയുമ്പോൾ ഈ ഷെഡ്യൂളിൽ സ്വീകരിച്ചിരിക്കുന്ന പുതിയ സമീപനരീതിതന്നെ അതിശയോക്തിപരമാണെന്നു പലതവണ ചൂണ്ടിക്കാണിച്ചതാണ്. ജില്ലകളുടെ അടിസ്ഥാനത്തിൽ ഭൂമികരം തരംതിരിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ ഒന്നര ഏക്കർ തെങ്ങിൻതോട്ടം ഒരു സ്റ്റാൻഡേർഡ് ഏക്കറെന്നു കണക്കാക്കിയിരുന്നത് ഒരേക്കറെന്നാക്കി. കോട്ടയം ജില്ല ഒന്നേകാൽ ഏക്കർ തെങ്ങിൻതോട്ടമെന്നു 964-ലെ ഒന്നാം ആക്ടിൽ വച്ചിരുന്നത് ഒരേക്കറായി കുറച്ചുവച്ചിരിക്കുക

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

യാണ്. അതുപോലെതന്നെ പാലക്കാട് ഒരേക്കർ എന്നുണ്ടായിരുന്നത് ഒന്നേകാൽ ഏക്കറാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് എന്തു ബേസിസിന്റെ അടിസ്ഥാനത്തിലാണെന്നറിഞ്ഞുകൂടാ. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഈ ബില്ലിന്റെ ചർച്ചാവേളയിൽതന്നെ ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസംഗിക്കുന്നതു കേട്ടു. ശ്രീമാൻ കരുണാകരൻ ഇവിടെ ഇതിനെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ ഒരു വലിയ പുസ്തകമെടുത്ത് താഴോട്ടിട്ട് പുസ്തകത്തിൽ സ്ഥിതിവിവരക്കണക്കുകളുണ്ട് വായിച്ചു നോക്കണമെന്നു പറഞ്ഞു. റവന്യൂ മന്ത്രിയുടെ കൈയിൽ ഡിപ്പാർട്ടുമെന്റിലെ പുസ്തകങ്ങൾ ഇല്ലെന്നുള്ളതല്ല ഞങ്ങളുടെ വാദഗതി. പുസ്തകം കാണും. സ്ഥിതിവിവരക്കണക്കുകളും കാണും. പുസ്തകത്തിൽ കൊടുത്തിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ വിശ്വസിക്കാൻ ഉള്ളതല്ല. വെറുതെ കടലാസിലുള്ള സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ അശാസ്ത്രീയമായ തരംതിരിവ് തെറ്റാണ്. ഞാൻ ഒരനുഭവം പറയുകയാണ്. ഇവിടെ നമ്മുടെ രാജ്യത്ത് നിലമായി കിടന്നിരുന്ന ഭൂമികൾ നികത്തിയെടുത്ത് തെങ്ങിൻതോട്ടങ്ങൾ ആക്കിയ സ്ഥലങ്ങളുണ്ട്. തേങ്ങ പിരിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളാക്കിയിട്ടുണ്ട്. നമ്മുടെ റിക്കാർഡ്സിൽ സ്ഥിതിവിവരക്കണക്കെഴുതിയിരിക്കുന്ന വലിയ പുസ്തകത്തിൽ നോക്കിയാൽ നിലങ്ങളെന്നു കാണിച്ചിരിക്കുന്നത് തെങ്ങിൻതോട്ടങ്ങളായിട്ടു കിടക്കുകയാണ്. ശ്രീമതി ഗൗരിയുടെ ഡിപ്പാർട്ടുമെന്റിൽ, ശ്രീമതി ഗൗരി അന്ന് ഭക്ഷ്യ മന്ത്രിയായിരുന്ന കാലത്ത് തെങ്ങിൻ തോട്ടങ്ങളായി കിടന്ന ഭൂമികളെ നിലമാണെന്നു കണക്കാക്കിക്കൊണ്ട് ലെവി അളക്കണമെന്നു പറഞ്ഞ് നോട്ടീസു ചെന്ന സ്ഥലങ്ങളുണ്ട്. എങ്ങനെയിരിക്കുന്നു സ്ഥിതിവിവരക്കണക്ക്. ഈ വലിയ പുസ്തകത്തിൽ കൊടുത്തിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ യഥാർത്ഥ വസ്തുതയുടെ അടിസ്ഥാനത്തിലുള്ളതല്ല. നിങ്ങളുടെ പുസ്തകത്തിൽ പറയുന്ന നിലം നിലമേയല്ല, തെങ്ങിൻ തോട്ടങ്ങളാണ്. അതുപോലെതന്നെ നിങ്ങളുടെ പുസ്തകത്തിൽ പറയുന്ന തെങ്ങിൻ തോട്ടങ്ങൾ നിലമായി മാറിയിട്ടുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നമ്മുടെ പ്രിയപ്പെട്ട അമ്മമാർ വിളമ്പിത്തരുന്ന ചോറിൽ ചിലപ്പോൾ ഒരു കല്ലുകടിച്ചെന്നു വരും.

ശ്രീ. കെ. എം. മാണി: പക്ഷേ ഗൗരിയമ്മ വിളമ്പുന്ന ചോറിൽ ഇതുപോലെയുള്ള കല്ലുകടിക്കുന്നതു അസഹനീയമാണ്.

ശ്രീമതി. കെ. ആർ. ഗൗരി: എല്ലാകല്ലുകളും പെറുക്കിക്കളഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: പക്ഷേ ഞങ്ങൾക്ക് ചില കല്ലുകളൊക്കെ കടിക്കുന്നുണ്ട്. ഞങ്ങൾ സെലക്ടു കമ്മിറ്റി സ്റ്റേറ്റജിലും ഇതു പറഞ്ഞിട്ടുള്ളതാണ്. അതുപോലെതന്നെ വിളവിന്റെ കണക്കു നിശ്ചയിക്കുന്നത് ഏതു നിലയിലാണെന്നറിയാമോ ? ഒരു ബ്ലോക്കിലെ വിളവു നിശ്ചയിക്കുന്നത് ആ ബ്ലോക്കിലെ ഏറ്റവും നല്ലതുപോലെ വിളയുന്ന ഒരു പ്രത്യേക പ്ലോട്ടെടുത്ത് ആ പ്ലോട്ടിൽ വിളയുന്ന നെല്ല് എത്രയെന്നു കണക്കാക്കി അതിനുശേഷം ആ ബ്ലോക്കിലോ താലൂക്കിലോ ഉള്ള ആകെ പാഡി ഫീൽഡിന്റെ വിസ്തൃതി കൊണ്ട് ഗുണിച്ച് ആണ്. ആ കണക്കാണ് ഇവിടെ മന്ത്രിമാർക്കു അയച്ചുതരുന്നത്. മന്ത്രിമാർ അതു ശരിയായ കണക്കായി സ്വീകരിച്ചിരിക്കുകയാണ്, ഇതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

തെങ്ങിന്റെ കാര്യവും. ഓരോജില്ലയിലുമുള്ള തെങ്ങിന്റെ ഉൽപ്പാദനത്തെ സംബന്ധിച്ച് യഥാർത്ഥമായ കണക്കില്ല. ഏതെങ്കിലും ഒരു പ്രത്യേക പ്പോട്ടെടുക്കും. ഏറ്റവും നല്ല പ്പോട്ടായിരിക്കും തിരഞ്ഞെടുക്കുക. അതിലുള്ള ഉൽപ്പാദനം കണക്കാക്കിക്കൊണ്ട് ആകെ വിസ്തൃതി വച്ചു ഗുണിച്ചു കിട്ടുന്ന കണക്കുപുസ്തകവുമായി ഈ നിയമസഭയിൽ വന്ന ശ്രീമതി. ഗൗരി എത്ര അഹങ്കാര ഭയത്തോടുകൂടി പുസ്തകം താഴോട്ട് എറിഞ്ഞ് പ്രസംഗിച്ചാലും അതു സ്വീകരിക്കാൻ നിവൃത്തിയില്ല. ഇതൊന്നും ശരിയല്ല സർ. ചില കാര്യങ്ങൾ ഞങ്ങൾ പറയുമ്പോൾ അതു വസ്തുതയാണെങ്കിൽ സ്വീകരിക്കണം. ജില്ലാടിസ്ഥാനത്തിൽ എന്തിനു തിരിക്കുന്നു ? ജില്ലാടിസ്ഥാനത്തിലാണോ തെങ്ങിന്റെ ഉൽപ്പാദനം നിശ്ചയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിൽ തെങ്ങ് വളരുന്ന ചില ഏരിയാകളുണ്ട്. അത് ഏതെങ്കിലും ഒരു പ്രത്യേക ജില്ലയെ സംബന്ധിച്ചിടത്തോളമല്ല. തെങ്ങ് സമൃദ്ധിയായി ഉണ്ടാകുന്നത് ഫലപുഷ്ടിയുള്ള കായലോരപ്രദേശങ്ങളിലാണ്. കോസ്റ്റൽ ഏരിയാ തെങ്ങിനെ സംബന്ധിച്ചിടത്തോളം വളരെ നല്ല പ്രദേശങ്ങളാണ്. ചില മലയോര പ്രദേശങ്ങളും ഉണ്ടായിരിക്കാം. ഉദാഹരണത്തിന് കുറ്റിയാടി തെങ്ങിനെ സംബന്ധിച്ചിടത്തോളം നല്ലതുപോലെ ഉൽപ്പാദനം ഉള്ള ഏരിയാ ആണ്. അതുപോലെ തന്നെ മണ്ണാർക്കാട് തൊടുപുഴയിൽ അറക്കുളം ഈ പ്രദേശങ്ങളും നല്ലതുപോലെ തെങ്ങു വളരുന്ന പ്രദേശങ്ങളാണ്. അങ്ങനെയുള്ള ചുരുക്കം ചില സ്ഥലങ്ങളൊഴിച്ചാൽ കോസ്റ്റൽ ഏരിയായിലാണ് തെങ്ങു കൂടുതൽവളരുന്നത്. അതുകൊണ്ട് കോസ്റ്റൽ ഏരിയായിലെ ഒരേക്കർ തെങ്ങിൻതോട്ടം സമം (=) ഇത്ര സ്റ്റാൻഡേർഡ് ഏക്കർ എന്നു നിശ്ചയിച്ചാൽ മതി. മലയോര പ്രദേശങ്ങൾ, സമതല പ്രദേശങ്ങൾ, കോസ്റ്റൽ ഏരിയാ എന്നുള്ള നിലയിൽ ഭൂമിശാസ്ത്രപരമായും ഫലപുഷ്ടിയുടെ അടിസ്ഥാനത്തിലും കൃഷിക്കു പറ്റിയ മണ്ണിന്റെ അടിസ്ഥാനത്തിലും ഒരു തരം തിരിവു നടത്തുകയായിരുന്നു വേണ്ടത്. ഇത്രവലിയ സ്ഥിതിവിവരക്കണക്കുകളുണ്ടെന്നു തന്പോരടിക്കുന്ന മന്ത്രിക്ക് എന്തുകൊണ്ട് ഈ വിധത്തിലുള്ള ഒരുതരം തിരിവു സാധിച്ചില്ല എന്നു ഞാൻ ചോദിക്കുകയാണ്. കോട്ടയം ജില്ലയിൽ ഒന്നേകാൽ എന്നുള്ളത് ഒരേക്കറായി വെട്ടിക്കുറച്ചു. മറ്റു ചില സ്ഥലങ്ങളിൽ തന്റെ ഭാവനയ്ക്കനുസരണമായി, ഇഷ്ടാനിഷ്ടങ്ങൾക്ക് അനുസരണമായി ഷെഡ്യൂൾ തിരുത്തിക്കൊണ്ടുവന്നിരിക്കുകയാണ്. ഇത് ഈ രാജ്യത്തെ ജനങ്ങൾ മനസ്സിലാക്കും. മീനച്ചൽ താലൂക്കിന്റെ കാര്യം പറയുകയാണെങ്കിൽ അവിടത്തെ കേരകൃഷി മുഴുവൻ നശിച്ചിരിക്കുകയാണ്. രോഗംബാധിച്ച് കേരകൃഷി മുഴുവൻ നശിച്ച്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനം കുറഞ്ഞുകൊണ്ടിരിക്കുന്ന ജില്ലകളിലും രോഗംവന്നു കൃഷി നശിച്ചുകൊണ്ടിരിക്കുന്ന ജില്ലകളിലും ഉള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം യാതൊരു രക്ഷയുമില്ല. അങ്ങനെയുള്ള ജില്ലകളെ സംബന്ധിച്ചിടത്തോളം അവരുടെ ഏരിയായിൽ തെങ്ങുകൃഷിയുടെ സ്റ്റാൻഡേർഡ് ഏക്കർ മുമ്പുണ്ടായിരുന്നതിൽ നിന്നും വെട്ടിക്കുറച്ചത് യാതൊരു സ്ഥിതി വിവരക്കണക്കിന്റെയും അടിസ്ഥാനത്തിലല്ല. അപ്പോൾ സ്ഥിതി വിവരക്കണക്കിന്റെ കാര്യം മന്ത്രി ഇവിടെ പ്രസംഗിച്ചിട്ടു കാര്യമില്ല. അതൊന്നുമല്ല. തനിക്ക് ഇഷ്ടം പോലെ ഒരു ബിൽകൊണ്ടുവന്ന് തങ്ങളുടെ മൃഗീയഭൂരിപക്ഷംകൊണ്ട് പാസ്സാക്കാമെന്നുള്ള ധിക്കാരമാണ്. സർ, ഇതൊന്നു നിർത്തണം. ഞങ്ങൾക്കറിയാം എത്രനന്യായം പറഞ്ഞാലും മന്ത്രി സ്വീകരിക്കുകയില്ലെന്ന്. ആ പിടിവാശി ഉപേക്ഷിക്കണം. വളരെ സൗമ്യമായി പറയുകയാണ്. ഇത് അനേകായിരം കുടുംബങ്ങളെ വഴിയാധാരമാക്കുന്ന ഒരു വകുപ്പാണ്. നിരവധി ജില്ലകളിലെ തെങ്ങുകൃഷിക്കാരെ ദ്രോഹിക്കുന്ന ഒരു വകുപ്പാണ്. എന്തിനു പെറുകിടകുടും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

ബങ്ങളെ ദ്രോഹിക്കണം സർ ? അതുകൊണ്ട് ഞാൻ പറയുന്നത് ഷെഡ്യൂൾ (2) ന്റെ പരിഗണന മാറ്റി വയ്ക്കണമെന്നാണ്. അതല്ലെങ്കിൽ കുറച്ചുസമയമെടുത്തുകൊണ്ട് ഷെഡ്യൂൾ (2) റീകാസ്റ്റു ചെയ്യുന്നതിന് ശരിയായ ഒരു സമീപനം സ്വീകരിക്കുകയും അങ്ങനെ ഇതിന്റെ അലകും പിടിയും മാറ്റി ഒരു പുതിയ ഷെഡ്യൂൾ ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുകയും ചെയ്യണമെന്നു മാത്രമേ എനിക്കീയവസരത്തിൽ പറയാനുള്ളു.

Shri U. P. Kunikullaya: Sir, with regard to my amendments I have to submit this. I have suggested that with regard to lands other than nilam the standard acre fixed for arecanut trees is not at all just. Now it may be on the basis of the prices prevailing at present or it may be that the Government might have thought that arecanut holders were making more profit than the coconut garden holders; fixed the extent as 0.50 as one standard acre. That is not correct. The prices prevailing at this juncture is due to the import restrictions imposed by the Central Government from importing arecanut from Malayasia, Indonesia and other countries where this crop is grown as forest produce. Day before yesterday, the Central Arecanut Committee has passed a resolution requesting the Central Government not to remove the restrictions imposed for import of arecanut from foreign countries. This implies that the Central Government is now considering the removal of restrictions for import of arecanut from foreign countries.

If that is the trend, tomorrow the price will come down abnormally and the arecanut garden holders will not be able to meet the cost of cultivation. It is a well-known fact that the cost of cultivation has increased very much in these days, especially in Kasargod Taluk and HosdurgTaluk where the arecanut cultivation is carried on or an intensive basis. Once in four days, in every week, the entire garden has to be splashed with water and green manure and other fertilisers are to be obtained at a high cost. Moreover, the gardens are to be protected with fence and its repair will cost very much every year. In these circumstances even the courts held that not even 1/3 of the produce will be sufficient for the cost of cultivation. Under these circumstance even if the price of arecanut falls due to the removal of import restrictions the cost of cultivation will not come down. That is a fact. These factors have not been taken into consideration at all by the framers of this Bill. Even if there is any justification for fixing the standard acre for arecanut garden as 50 cents in any other district, I feel that specially in Hosdurg and Kasargod taluks, there is no justification whatsoever to fix 50 cents as one standard acre for arecanut.

Further there is another factor in regard to Kasargod taluk. I do not know whether the pest disease known as "Mahali" which is prevalent in that part of the State is prevalent in other taluks. More than 50 to 75 per cent of the crops are destroyed due to this, and

LIBRARY ARCHIVES Kerala Legislative Assembly

there is considerable loss to the producer every year. Under those circumstances, fixing of 50 cents as 1 standard acre will be a great injustice and hardship to the arecanut producers. I request that that may be raised to one acre at least.

As regards my second amendment I should submit that in serial No. 15, Clause 97, Schedule II, Part II columns 3 and 4 may be changed as 1·50 and 3·00 respectively. It can be seen that though in Cannanore District, the standard acre of nilam is fixed as 1·25 acre for double crop and 2·25 acres for single crop nilam, in Calicut District, it is fixed as 1·50 and 3·00 acres respectively. Sir in some other Districts, it is even more than that. Now it is a well-known fact that Cannanore District is lagging in irrigation facilities, not even a single dam worth the name is there to irrigate the fields. The yield is also very poor. I feel even the Statistics Department would not have given a good report regarding the production from the fields in Hosdurg and Kasargod taluks of Cannanore District. Under these circumstances, what is the justifications to say that in Cannanore District for a double crop nilam, the standard acre is only 1·25 acre and for a single crop nilam it is 2.25 standard acres, whereas in Calicut District it is 1·50 and 3·00 respectively.

My suggestion is that at least the extent which is adopted for Calicut District may be adopted for Cannanore District. I hope the Hon. Revenue Minister will mete out justice by accepting these amendments.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഈ ഷെഡ്യൂളുകളും ഭേദപ്പെടുത്തിയതിനെസംബന്ധിച്ച് ഇവിടെ സംസാരിച്ച പല മെമ്പറൻമാരും പറഞ്ഞ അഭിപ്രായത്തോടു ഞാനും യോജിക്കുകയാണ്. ഷെഡ്യൂളുകളെ സംബന്ധിച്ചിടത്തോളം കണക്കുകളുടെ കാര്യം പറഞ്ഞപ്പോൾ, അതിനു മുൻപു തന്നെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി പറഞ്ഞു ചില കണക്കുകളെല്ലാം 1957-ൽ ഉണ്ടായിരുന്ന കണക്കുകളെ ആശ്രയിച്ചാണെന്ന്. അങ്ങനെയാണു പലതും ചെയ്തിട്ടുള്ളതെന്നു കുറച്ചുമുൻപ് ഇവിടെ സമ്മതിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ 1957–ലും മറ്റുമുള്ള കണക്കുകളും വച്ചു കൊണ്ട് ഈ ഷെഡ്യൂളുകൾക്ക് എങ്ങനെ ഭേദഗതി വരുത്താൻ സാധിച്ചു എന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): അതിനെപ്പറ്റിയാണെങ്കിൽ കൂടുതൽ പറയേണ്ട. സ്മാം ഹോംഡേഴ്സ് എത്രയുണ്ടെന്നു കണക്കാക്കിയിട്ടുണ്ടോ എന്നു ചോദിച്ചതിനാണ് പറഞ്ഞത്.

ശ്രീ. കെ. ടി. ജോർജ്ജ്: ഏതായാലും ഷെഡ്യൂളിനെ സംബന്ധിച്ചിടത്തോളം ആർബിട്രറിയായിട്ടാണ് ഭേദഗതി വരുത്തിയിട്ടുള്ളതെന്ന് പരക്കേ എല്ലാപേർക്കുമറിയാം. ഞാൻ മുൻപു പറഞ്ഞിട്ടുള്ളതുപോലെതന്നെ മുൻനിയമത്തിലുണ്ടായിരുന്നതിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെന്ന ചിന്താഗതിയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നല്ലാതെ ഏതെങ്കിലും ഡാറ്റായെ അടിസ്ഥാനമാക്കിയാണ് ചെയ്തിട്ടുള്ളതെന്നു വിശ്വസിക്കാൻ യാതൊന്നും ഇതിൽ കാണുന്നില്ല. വളരെയേറെ ചെറുകിടക്കാരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഷെഡ്യൂളിൽ മാറ്റം വരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്ജ്]

ത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കുനിക്കുല്ലയ്യാ പറഞ്ഞമാതിരി ചില സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞാൽ പ്രത്യേകിച്ചും കമുകിൻ തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം അരയേക്കർ എന്നു പറഞ്ഞ് താഴ്ത്തിയിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്ന ഈമാതിരിയുള്ള ഭേദഗതികൾ നീക്കംചെയ്യപ്പെടണം. അതിനാൽ ഈ ഷെഡ്യൂളാകെ ഒന്നു പുനഃപരിശോധിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്.

അതുപോലെതന്നെ തെങ്ങിൻതോപ്പിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ തിരുവനന്തപുരത്ത് ഒന്നര ഏക്കർ എന്നുള്ളത് ഒരേക്കറായി മാറ്റി; കോട്ടയം ജില്ലയിൽ ഒന്നേകാൽ ഏക്കർ എന്നുള്ളത് ഒരേക്കറായി. ഇങ്ങനെയെല്ലാം ചെയ്യുന്ന അവസരത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുക്കാത്തതുകൊണ്ടാണ് റവന്യൂ മന്ത്രി ഈ രീതിയിൽ ഭേദഗതികൾ വരുത്തിയിട്ടുള്ളത്. തെങ്ങിൻതോപ്പുകളെ സംബന്ധിച്ചു പറയുമ്പോൾ ഒരു കാര്യം എനിക്കറിയാവുന്നത് ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ പ്രദേശമായ പറവൂർ വടക്കേക്കരയിലും അതല്ലെങ്കിൽ വൈപ്പിൻ അയ്യലണ്ടിലും അതുപോലെയുള്ള മറ്റു പ്രദേശങ്ങളിലും ഒരു മാസം ഒരേക്കർ തെങ്ങിൻതോപ്പിൽനിന്നും ആയിരത്തിൽപരം നാളികേരം കിട്ടുമ്പോൾ മറ്റു സ്ഥലങ്ങളിൽ ഒരേക്കറിൽനിന്നും നൂറോ അൻപതോ നാളികേരം മാത്രമേ കിട്ടുന്നുള്ളൂ. ഇങ്ങനെയുള്ള ആദായത്തിന്റെ വ്യത്യാസം കണക്കിലെടുത്തുകൊണ്ടാണോ ഇങ്ങനെ ഭേദഗതി വരുത്തിയിട്ടുള്ളതെന്നു ഞാൻ ചോദിക്കുകയാണ്. പത്തും ഇരുപതും ഇരട്ടി ആദായത്തിൽ വ്യത്യാസമുള്ള തെങ്ങിൻതോപ്പുകളെ ഒരേ രീതിയിൽ കണ്ടുകൊണ്ട് വ്യതിയാനം വരുത്തിയിട്ടുള്ളത് അശാസ്ത്രീയമാണ്. അതേമാതിരി ഡിസ്ട്രിക്ട് വൈസായി എന്തിനു തിരിക്കണം സർ? പഴയ ആക്ടിൽ ഡിസ്ട്രിക്ട് വൈസാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ പഴയതിൽനിന്നും വ്യത്യസ്തമായി പുരോഗമനപരമായ ഒരു നിയമനിർമ്മാണം നടത്തണമെന്ന വിചാരമായിരുന്നുവെങ്കിൽ ഇതായിരുന്നില്ല വേണ്ടിയിരുന്നത്. താലൂക്കടിസ്ഥാനത്തിൽ നിജപ്പെടുത്തിയിരുന്നുവെങ്കിൽ ഇത്രയധികം ഡിസ്പാരിറ്റീസ് ഉണ്ടാകുമായിരുന്നില്ല. ആദായം കണക്കിലെടുക്കാതെ, ഒരു പ്രദേശത്തിന്റെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുക്കാതെ ആർബിട്രറിയായി എടുത്തിട്ടുള്ള തീരുമാനം പുനഃപരിശോധനചെയ്തു ചെറുകിട ഭൂ ഉടമകളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻവേണ്ടി ഈ ഷെഡ്യൂൾ ഭേദഗതി ചെയ്യാൻവേണ്ടി ഇതു മാറ്റിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയാണ്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കാനുണ്ടായ കാരണം ആലപ്പുഴ ജില്ലയിലെ അടയ്ക്കാ കൃഷിയെ സംബന്ധിച്ചിടത്തോളം ½ സ്റ്റാൻഡേർഡ് ഏക്കർ എന്നു മാറ്റിയിരിക്കുന്നത് ശരിയല്ലെന്നു പറയാൻ വേണ്ടിയാണ്. എന്റെ അഭിപ്രായം ഇത് .75 ആക്കണമെന്നാണ്. എന്റെ സ്നേഹിതൻ ശ്രീ. മാണി പറയുകയുണ്ടായി, ആർബിട്രറിയായിട്ട് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഷെഡ്യൂൾ തയ്യാറാക്കിയിരിക്കുന്നതെന്ന്. ഒരുകാലത്ത് ഓണാട്ടുകരയിലും മറ്റും തെങ്ങുകൃഷി കണ്ടിട്ടുള്ളവർക്ക് അറിയാം അതിന്റെ സ്ഥിതിയെപ്പറ്റി. ഇന്ന് തോട്ടപ്പള്ളി ഭാഗത്തുകൂടി പോകുന്നവർക്കു തെങ്ങുകൃഷി രോഗം പിടിച്ച് നശി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുന്നത് കാണാൻ സാധിക്കും. എന്നാൽ മലയോര പ്രദേശങ്ങളിലാണെങ്കിൽ ഇന്ന് തെങ്ങുകൃഷി വളരെ മെച്ചപ്പെട്ടിട്ടുണ്ട്. അതുകൂടാതെ നല്ല നെൽക്കൃഷിയുമുണ്ട്. ഈ സ്റ്റാറ്റിസ്റ്റിക്സിൽ എന്തെല്ലാം അപാകതകൾ വന്നിട്ടുണ്ടെങ്കിലും ഇപ്പോഴുള്ള ഈ ഷെഡ്യൂൾ രണ്ടിലെ തരംതിരിവ് വളരെ അപാകതയൊന്നും ഉള്ളതായി എനിക്കു തോന്നുന്നില്ല. മലയോര പ്രദേശങ്ങളാണെങ്കിൽ തീരപ്രദേശത്തേക്കാൾ ഫലപുഷ്ടിയുള്ള മണ്ണാണ്. അവിടത്തെ മണ്ണിന്റെ ഗുണവും വിളവിന്റെ സ്ഥിതിയും കൂടി കണക്കിലെടുക്കുമ്പോൾ ഈ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്നതുതന്നെ വേണമോ എന്ന സംശയമാണ് എനിക്കുള്ളത്. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് ഷെഡ്യൂൾ തയ്യാറാക്കിയതിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചുപോയിരിക്കാം. പക്ഷെ, സെലക്ട് കമ്മിറ്റി ഓരോ ഡിസ്ട്രിക്റ്റിലും സഞ്ചരിച്ച് അവിടത്തെ സ്ഥിതികൾ മനസ്സിലാക്കിയതിനുശേഷമാണ് ഈ രീതിയിൽ എഴുതിച്ചേർത്തത്. എന്നിരുന്നാലും അടയ്ക്കാകൃഷിയെ സംബന്ധിച്ചിടത്തോളം സ്റ്റാൻഡേർഡ് ഏക്കർ ½ എന്നാക്കിയത് കുഴപ്പമാണെന്നും അത് .75 ഏക്കറായി മാറ്റണമെന്നും ഞാൻ അഭിപ്രായപ്പെടുകയാണ്. അത് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. കെ. കരുണാകരൻ:</u> സർ, ഈ ഷെഡ്യൂൾ ഭേദഗതിചെയ്യണമെന്നുള്ള അഭിപ്രായത്തെ ഞാൻ അനുകൂലിക്കുകയാണ്. ശ്രീമാൻ അഹമ്മദ് കണ്ണൂരിലേയും ശ്രീമാൻ ഗോപിനാഥൻപിള്ള ആലപ്പുഴയിലേയും കാര്യങ്ങൾ പറയുകയുണ്ടായി. എന്നാൽ സ്റ്റേറ്റിനു മൊത്തമായിത്തന്നെ സ്വീകരിച്ചിട്ടുള്ള സമീപനം അടിസ്ഥാനപരമായി തെറ്റാണ്. നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതിവരുത്തുന്നുണ്ടെങ്കിൽ അത് ആ നിയമം നടപ്പിൽവരുത്തുന്ന അവസരത്തിലുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും കൂടുതൽ പുരോഗമനപരമായ കാര്യങ്ങൾ ഉൾക്കൊള്ളിക്കുന്നതിനും വേണ്ടിയായിരിക്കണം. നിലവിലുള്ള ഷെഡ്യൂളിൽ മാറ്റം വരുത്തുന്ന അവസരത്തിൽ ആ ഷെഡ്യൂൾ തെറ്റാണെന്നു സ്ഥാപിക്കാനുള്ള എന്തെങ്കിലും സംഭവിച്ചിട്ടുണ്ടായിരിക്കണം. എങ്കിൽ നമുക്കു മനസ്സിലാക്കാൻ സാധിക്കും. അല്ലെങ്കിൽ പുതുതായി ഉൾക്കൊള്ളിക്കുന്ന പട്ടിക ശാസ്ത്രീയമായി നിശ്ചയിച്ചതായിരിക്കണം. എന്നാൽ പഴയ ഷെഡ്യൂൾ മാറ്റുന്നതിന് ബഹുമാനപ്പെട്ട റവന്യുമന്ത്രിക്ക് അടിസ്ഥാനപരമായി ഒന്നുംതന്നെ പറയാനില്ല. ഈ കണക്കുകളെല്ലാം ശേഖരിച്ചിട്ടുള്ളത് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് വരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നു പറയുകയുണ്ടായി. ഈ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ കണക്ക് എടുക്കലിനെ സംബന്ധിച്ച് ഈ സഭയിലെ എല്ലാഭാഗത്തുള്ള അംഗങ്ങളിൽനിന്നും ഇതിനുമുമ്പ് വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന്, തൊഴിലാളികളുടെ ഡിയർനസ് അലവൻസ് കണക്കാക്കുന്ന കാര്യത്തിൽ ജീവിതസൂചിക നിശ്ചയിക്കുന്നത് ഈ ഡിപ്പാർട്ടുമെന്റാണ്. അവ അശാസ്ത്രീയമാണെന്ന് പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ലവി നിശ്ചയിക്കുന്ന കാര്യവും. ഉൽപാദനം തിട്ടപ്പെടുത്തിയിട്ടുള്ളത് ഈ ഡിപ്പാർട്ടുമെന്റാണ്. അത് ഏതു നിലയിലാണ് തിട്ടപ്പെടുത്തിയതെന്ന് ചോദിച്ചപ്പോൾ ഒരിക്കൽ പറയുകയുണ്ടായി, ഒരു പാടത്തു ചെല്ലും അൽപം കൊയ്തെടുക്കും എന്നിട്ട് അതുവച്ചു കണക്കാക്കും എന്ന്. അതുപോലെ ഇതു കേട്ടപ്പോൾ ഒരു പുഴയിൽ ഇറങ്ങാൻ കണക്കുകൂട്ടിയതാണ് ഓർമ്മവരുന്നത്. ഒരാൾ പുഴയിൽ ഇറങ്ങിയപ്പോൾ കഴുത്തുവരെ വെള്ളമുണ്ടായിരുന്നെങ്കിൽ മൂന്നുപേർ ഇറങ്ങിയാൽ അരവരേ വരുകയുള്ള എന്നു കണക്കുകൂട്ടിയതുപോലെയാണ് ഇവിടെയും കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

ഇതിൽ ശാസ്ത്രീയമായ യാതൊരു നീക്കവും കാണാനില്ല. അതിനു പ്രായോഗികമായി ബുദ്ധിമുട്ടുണ്ടെന്നു സമ്മതിക്കാം. ഒരു ഡിസ്ട്രിക്ടിൽത്തന്നെ നോക്കിയാൽ മുകുന്ദപുരം താലൂക്കും തലപ്പിള്ളി താലൂക്കും ഒന്നുപോലെയാണു ഇതിൽ. എന്നാൽ തലപ്പിള്ളിയിൽ ഉണ്ടാകുന്ന ഉൽപാദനവും മുകുന്ദപുരത്തു ഉണ്ടാകുന്ന ഉൽപാദനവും തമ്മിൽ വ്യത്യാസമുണ്ട്. പാഡി ഫീൽഡിന്റെ കാര്യത്തിലും ഈ വ്യത്യാസമുണ്ട്. എല്ലാ സ്ഥലങ്ങളിലും ഈ വ്യത്യാസമുണ്ട്. കോക്കനട്ടും അരക്കനട്ടും തമ്മിലുള്ള വ്യത്യാസംതന്നെ ഈ ബില്ലിന്റെ ഷെഡ്യൂൾ നോക്കിയാൽ ഒരു കാര്യം കാണാൻ സാധിക്കും. നാളികേരത്തിന്റെ കാര്യം വന്നപ്പോൾ താലൂക്കും ഡിസ്ട്രിക്ടും തമ്മിൽ വ്യത്യസ്തമായി കാണിച്ചിട്ടുണ്ട്. പക്ഷെ, അരക്കനട്ട് കാസർഗോഡു മുതൽ പാറശാലവരെ ഒരേ ഉൽപാദനമാണ്. ഇതിൽ തൃശ്ശൂർ ഡിസ്ട്രിക്ടും ആലപ്പുഴ ഡിസ്ട്രിക്ടും തമ്മിൽ ഒരു താരതമ്യപഠനം നടത്തണം. ഇതിൽ എഴുതിവച്ചിരിക്കുന്നത് സ്റേറ്റ് ഒട്ടാകെ 50 സ്റാൻഡേർഡ് ഏക്കറാണ്. ഇത് തെറ്റായ ഒരു സമീപനമാണ്. അതുകൊണ്ട് ഇതിലെങ്കിലും വാശിപിടിക്കാതെ ഈ ക്ലോസ് സ് പഴയപടി നിറുത്തുകയാണ് നല്ലത്. അത് തെറ്റായാലും ശരിയായാലും നമ്മൾ സ്വീകരിച്ചുപോയി. ശാസ്ത്രീയമായി അതു തിരുത്താൻ കഴിഞ്ഞില്ലെങ്കിൽ പഴയപടിതന്നെ നിൽക്കുന്നതാണ് നല്ലത്. അതുകൊണ്ട് കാര്യമായിട്ടും വളരെ വ്യക്തമായിട്ടും കാണാൻ കഴിയുന്ന ന്യൂനതകൾ നോക്കി അതു പരിഹരിക്കാൻ ഉള്ള സമയത്തിനുള്ളിൽ ശ്രദ്ധിക്കുകയോ അല്ലെങ്കിൽ ഇതു പഴയപടിതന്നെ നിൽക്കട്ടെ എന്ന് വിചാരിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: സർ, 82-ാം വകുപ്പു നടപ്പാക്കാൻ വേണ്ടിയുള്ളതാണ് ഈ ഷെഡ്യൂൾ. സീലിംഗ് നിശ്ചയിക്കുന്നതിനുവേണ്ടി വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്. ഇവിടെ ഇതു സംബന്ധിച്ച് ഉണ്ടായ വാദപ്രതിവാദങ്ങളെല്ലാം കണക്കിലെടുത്തിട്ടുണ്ട്. വകുപ്പ് ഞാൻ ഒന്നു വായിക്കാം.

The ceiling area of land shall be

(a) in the case of an adult unmarried person or a family consisting of a sole surviving member, five standard acres, so however that the ceiling area shall not be less than six and more than seven and a half acres in extent.

സാധാരണ ഏക്കറാണ്.

So however that the ceiling area shall not be less than six and more than seven and a half acres in extent;

രണ്ടും കൂടി ചേർന്നാണ് ഇതു വരുന്നത്. സീലിംഗ് ഏരിയ കണക്കാക്കുമ്പോൾ സ്റാൻഡേർഡ് ഏക്കർ സാധാരണ ഏക്കറായി കണക്കിലെടുത്ത് ഇത്രയെങ്കിലും കൈവശം വേണം. അഞ്ചു സ്റാൻഡേർഡ് ഏക്കർ എന്നു പറയുന്നത് 7½ ഏക്കറിനേക്കാൾ കൂടുതൽ പാടില്ലെന്നും എന്നാൽ 6 ഏക്കറിൽ കുറഞ്ഞു പോകരുതെന്നും ആണ്. ഈ അര ഏക്കർ എന്ന് കമുകിൻ തോട്ടത്തിനു പറഞ്ഞിരിക്കുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുകയില്ല. പിന്നെ (b) യിൽ പറയുന്നത് ഇതാണ്,

LIBRARY ARCHIVES Kerala Legislative Assembly

(b) in the case of a family consisting of two or more, but not more than five members, ten standard acres, so however that the ceiling area shall not be less than twelve and more than fifteen acres in extent.

പത്ത് സ്റ്റാന്റേർഡ് ഏക്കർ എന്നു പറഞ്ഞാൽ 15 ഏക്കറിൽ കൂടാതെയും 12 ഏക്കറിൽ കുറയാതെയും ഒരു ഫാമിലിക്ക് സീലിംഗ് ആയിരിക്കുന്നതാണ്. അതുപോലെതന്നെ (സി)

(c) in the case of a family consisting of more than five members, ten standard acres increased by one standard acre for each member in excess of five, so however that the ceiling area shall not be less than twelve and more than twenty acres in extent;

സർ, അഞ്ചിൽ കൂടുതൽ അംഗങ്ങളുള്ള ഫാമിലിക്ക് ഓരോ സ്റ്റാന്റേർഡ് ഏക്കർ വച്ചു കൂട്ടി 20 ഏക്കർ വരെ കൊടുക്കുന്നതിനാണ്. കമ്പനിക്ക് സാധാരണ നിലയിൽ 10 സ്റ്റാന്റേർഡ് ഏക്കർ ആണ്; അല്ലെങ്കിൽ ഒരു ഫാമിലിക്കുള്ളത്. ഇതാണ് കണക്കാക്കുന്നത്. ഇത് ഒരു ഫ്ളെക് സിബിലിറ്റി പ്രൊവിഷനാണ്. സീലിംഗ് നിശ്ചയിക്കുന്നതിന് സ്റ്റാന്റേർഡ് ഏക്കർ നിശ്ചയിക്കേണ്ടതുണ്ട്. അപ്പോൾ ചിലർ ചോദിക്കും പഴയതു പോരേ എന്ന്. പഴയതുണ്ടല്ലോ പിന്നെന്തിന് മാറ്റം വരുത്തണം അതുപോലെതന്നെ ഓരോ താലൂക്കിന്റെയും കാര്യം കണക്കിലെടുത്തിട്ടില്ല. എന്നൊക്കെ ചിലർ പറയുന്നുണ്ട്. ആ കുറ്റം ഞാൻ സമ്മതിക്കുന്നു. ഓരോ താലൂക്കും പ്രത്യേകം കണക്കിലെടുത്തിട്ടില്ലെങ്കിൽ ഇതിന് കുറെ വ്യത്യാസമുണ്ട്. ഏതായാലും പഴയതിനേക്കാൾ ഇത് മെച്ചമാണ് മുമ്പ്. Coconut garden, arecanut garden and pepper garden ഇവ എല്ലാം, ഒരു ക്ലാസിൽ പെടുമായിരുന്നു. എന്നാൽ ഇപ്പോൾ ഇത് മൂന്നും വേറെ വേറെയാണ്. നമ്മുടെ ഈ നിയമപ്രകാരം സീലിംഗ് ബാധകമാക്കാൻ നിശ്ചയിച്ചിട്ടുള്ള ഭൂമികളെ സംബന്ധിച്ചിടത്തോളം അവയെല്ലാം തരംതിരിച്ച്, arecanut garden, coconut garden, pepper garden ഇങ്ങനെ പ്രത്യേകം പ്രത്യേകം തരംതിരിച്ച് ഓരോന്നിൽ നിന്നുമുള്ള വരുമാനം കണക്കാക്കി കൃഷിച്ചെലവുതള്ളി, അതിനുശേഷമുള്ള നെറ്റ് ഇൻകത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റാന്റേർഡ് ഏക്കർ നിശ്ചയിച്ചിരിക്കുന്നത്. ഇങ്ങനെ നിശ്ചയിച്ചിരിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. കരുണാകരൻ ഒരു തമാശക്കഥ പറയുകയുണ്ടായി. വെള്ളത്തിൽ ഒരാൾ ഇറങ്ങുമ്പോൾ കഴുത്തുവരെ വെള്ളം കാണുമെങ്കിൽ 3 പേർ ഒന്നിച്ചിറങ്ങിയാൽ മുട്ടുവരെ, അല്ലെങ്കിൽ അരവരെ മാത്രമേ വെള്ളം കാണുകയുള്ളൂ എന്ന്. സർ, അങ്ങനെയൊന്നുമല്ല. ഇന്ന് നമുക്കു സ്വീകാര്യമായിട്ടുള്ള സയന്റിഫിക് ബേസിസിലാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. എല്ലാ ഹോൾഡിംഗിന്റെയും വരുമാനം എടുത്തതിനുശേഷമാണ് ഇതു തിട്ടപ്പെടുത്തിയതെന്ന് ഞാൻ പറയുന്നില്ല. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് സ്റ്റാറ്റിസ്റ്റിക്സ് കളക്ടു ചെയ്യുന്നത് സാമ്പിൾ സർവ്വെയുടെ ബേസിസിൽ തന്നെയാണ്. ഒരു നിലത്തിന്റെ ഒരു ഭാഗത്തുനിന്നും എടുത്തല്ല സാമ്പിൾ സർവ്വെ നടത്തുന്നത്. ചിലപ്പോൾ വില്ലേജിൽതന്നെ പല നിലത്തിൽ നിന്നും എടുക്കും. അങ്ങനെ നോക്കുമ്പോൾ ഇന്നു നമുക്ക് സ്വീകാര്യമായ സ്ഥിതി വിവരക്കണക്കുകളാണ് അവർ തരുന്നത്. അതുകൊണ്ട് അവർതന്ന വിവരം അതുപോലെതന്നെ ചേർത്തിരിക്കുകയാണ്. ആ കണക്കുകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പിന്നെ ഇതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടോ വിഷമങ്ങളോ ഉണ്ടാകാതിരിക്കാൻവേണ്ടി സീലിംഗിൽ വരുന്ന ഒരാൾക്ക് സാധാരണ നില

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

യിൽ 10 ഏക്കർ കിട്ടാൻ അർഹതയുണ്ടെങ്കിൽ അത് അഞ്ച് ഏക്കർ ആയി പ്പോകാതിരിക്കാൻ വേണ്ട പ്രൊവിഷനുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. ടി. ജോർജ്: സീലിംഗ് നിശ്ചയിക്കുമ്പോൾ മാത്രമേ ഈ സ്റ്റാൻഡേർഡ് ഏക്കറിന്റെ നിർവചനത്തിന്റെ കുഴപ്പം ബാധിക്കുന്നുള്ളു എന്നു പറഞ്ഞു. ചെറുകിട ഭൂ ഉടമകളുടെ നിർവചനത്തിൽ കൈവശം വയ്ക്കാവുന്ന ഭൂമി $2\frac{1}{2}$ സ്റ്റാൻഡേർഡ് ഏക്കർ എന്നു പറഞ്ഞിട്ടുണ്ട്. അതിലും ബാധിക്കുകയില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി: അതും ഞാൻ പറഞ്ഞു.

[12 noon]

മുമ്പത്തെപ്പോലെതന്നെ ഫെളക്സിബിളായാണ് വച്ചിരിക്കുന്നത്. '2·5 standard acres or 4 acres whichever is greater'

ഇതു നിങ്ങൾ മനസ്സിലാക്കിയാൽ മതി. ഇതെല്ലാംകൂടി കൂട്ടിച്ചേർത്താണ് ഭേദഗതികളുണ്ടാക്കിയിരിക്കുന്നത്. എത്ര ധിക്കാരിയായാലും എത്ര അഹങ്കാരിയായാലും ഞാനും ഈ നാട്ടിലുള്ളതാണ്. ഓരോ വകുപ്പിലും ധിക്കാരവും അഹങ്കാരവും കാണും. ഞാൻ കുറച്ചുമുൻപ് ഒരു മൂത്ത സഹോദരിയെപ്പോലെ ഉപദേശിച്ചു, ഇങ്ങനെയൊക്കെ വരുമ്പോൾ ഇത്രവലിയ തർക്കവും ആരോപണവും ദുരാരോപണവും ഒന്നും വേണ്ട എന്ന്.

ശ്രീ. ഇ. അഹമ്മദ്: അവർക്കൊന്നും ഈ ഉപദേശം കൊടുക്കേണ്ടതില്ല.

ശ്രീമതി കെ. ആർ. ഗൗരി: എങ്കിലും നാം ഈ നിയമസഭയിലുള്ള ആളുകളല്ലേ ? ശ്രീ. അഹമ്മദു വിചാരിക്കുന്ന അത്ര മോശമല്ല ശ്രീ. മാണി. ആ നിലയിൽ ഫെളക്സിബിലിറ്റിയും സെൻറിമെൻറ്സും മറ്റും പരിഗണിച്ചുകൊണ്ടു സാധാരണ ഭേദപ്പെട്ട ഒരു കൃഷിക്കാരൻ ഈ നാട്ടിൽ ഉണ്ടാകണം എന്നുള്ള വിധത്തിലാണ് സീലിംഗ് നിശ്ചയിച്ചിരിക്കുന്നത്. സീലിംഗ് നിശ്ചയിച്ചപ്പോൾ അര ഏക്കർ എന്നു പറയുന്നത് മോശമല്ലേ എന്നൊക്കെ എനിക്കും തോന്നിയേക്കാം. എങ്കിലും സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ ലിസ്റ്റേറ മാനദണ്ഡമായി അംഗീകരിക്കാൻ സാധിക്കുകയുള്ളു. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് അംഗീകരിച്ച ലിസ്റ്റാണ് ഷെഡ്യൂളായി വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് യാതൊരു പ്രയാസത്തിനും ഇടയാകുകയില്ല.

Shri U. P. Kunikullaya: Now it is stated that the Statistics Department has fixed the standard acres considering the net income of the property and it has followed the prevailing price in fixing standard acres. The prevailing price has been taken into consideration while fixing the net income. It was on that basis that the Statistics Department calculated the standard acres. What is the reason for high prices for arecanut at present ? It is the result of the policy of the Central Government which has restricted the import of arecanuts from Malayasia and Indonesia by heavy import duty. Otherwise the price of arecanuts would have been very low. So merely the prevailing price should not be taken into consideration in fixing the standard acres. What is the prevailing price ? Will it prevail tomorrow ? The Central Government is thinking of removing the import restrictions on

LIBRARY ARCHIVES Kerala Legislative Assembly

arecanuts from foreign countries. The Indian Central Arecanut Committee has represented to the Central Government not to remove the restrictions. Under these circumstances, will the prevailing price will continue tomorrow ? Whether the Statistics Department has taken those factors into consideration ?

ശ്രീമതി കെ. ആർ. ഗൗരി: ഇവിടെ പത്തുകൊല്ലത്തെ വരുമാനവും വിലയുമൊക്കെ കണക്കാക്കിയാണ് നിശ്ചയിച്ചിരിക്കുന്നത്. അല്ലാതെ സെൻട്രൽ ഗവൺമെൻറിൻെറ പോളിസി അനുസരിച്ചല്ല. അടുത്ത കാലത്തു അടയ്ക്കാ ബോർഡിൻെറ (arecanut board) ഒരു തീരുമാനം കണ്ടു. അതായത് പുതിയ ഏരിയായിലേയ്ക്കു അടയ്ക്കാ വ്യാപിപ്പിക്കുന്നില്ല എന്ന്. ഈ വ്യവസായമെന്നു പറയുന്നത് ചവച്ചുതുപ്പുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. മുറുക്കുന്ന ആളുകളുടെ എണ്ണം കുറഞ്ഞാലും ചിലപ്പോൾ വില കുറയും. അതുകൊണ്ട് ഇക്കാര്യത്തിൽ സെൻട്രൽ ഗവൺമെൻറിൻെറ പോളിസിയല്ല സ്വീകരിച്ചിട്ടുള്ളത്. നമ്മുടെ ബേസിസ് ഇതാണ്. നമ്മുടെ ബേസിസിൽ ഭൂമിയുടെ പരിധി നിശ്ചയിക്കുമ്പോൾ അടയ്ക്കാ കൃഷിക്കാരനും കുറഞ്ഞത് 12 ഏക്കറോ കൂടിയാൽ 15 ഏക്കറോ വയ്ക്കാവുന്നതാണ്. അപ്പോൾ ഇതുമായിട്ട് മാനസികമായ എതിരുവരേണ്ട കാര്യമില്ല. അതാണു ഞാൻ പറഞ്ഞത് ഫെഡറൽ സിബിളായാണ് വച്ചിരിക്കുന്നത് എന്ന്. ഈ അവസ്ഥയിൽ ഈ വകുപ്പു മാറണമെന്നു പറഞ്ഞാൽ സാധ്യമല്ല.

രണ്ടാമതായി എനിക്കു പറയാനുള്ളത് ശ്രീമാൻ ജോർജ് സംസാരിച്ചതിനെപ്പറ്റിയാണ്. ശ്രീമാൻ ജോർജ് പറഞ്ഞു ഈ നിയമം അടിസ്ഥാനമില്ലാത്തതാണ് എന്ന്. ഇതിനുമുൻപു പറഞ്ഞു കൊണ്ടിരുന്ന വാക്കുകൾ ഭരണഘടനാവിരുദ്ധം, ആർബിട്രറി ഇതൊക്കെയായിരുന്നു. ഇപ്പോൾ അടിസ്ഥാനമില്ലാത്തത് എന്നാണ് പറയുന്നത്. സർ, ഞാൻ അതു നിഷേധിക്കുന്നു. ഇതൊക്കെ സൂത്രത്തിൽ പ്രൊസീഡിംഗ്സിൽ കിടന്നോട്ടേ ആരെങ്കിലും വല്ലപ്പോഴും വേണമെങ്കിൽ കോടതിയിൽ ഹാജരാക്കിക്കൊള്ളട്ടെ എന്നു വിചാരിച്ചു പറയുന്നതാണ്. ഇത് 1957-ൽ ഉണ്ടായിരുന്ന ഷെഡ്യൂളല്ല. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽ നിന്ന് എടുത്തതും പഴയ കണക്കുകളും മാറും വച്ചുകൊണ്ട് ഈയിടെ ഉണ്ടാക്കിയ ഷെഡ്യൂളാണ് ഇത്. അല്ലാതെ ഇത് കണക്കില്ലാത്തതൊന്നുമല്ല. റീസണബിൾ ബേസിസാണ്. എല്ലാവരുടെയും വികാരങ്ങൾ മാനിക്കുന്നതിനുവേണ്ട വിധത്തിലുള്ള ഈ വകുപ്പുകൊണ്ടു ബുദ്ധിമുട്ടുണ്ടാകുകയില്ലെന്നു സഭയെ അറിയിച്ചുകൊണ്ടു ഈ ഷെഡ്യൂൾ അംഗീകരിച്ചുതരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

The following Amendment (No. 26) moved by Smt. K. R. Gouri viz., In clause 97 (In the Schedule II to the Principal Act, proposed to be substituted) in Part II, for the entry in column (3) against serial number 6, the entry '1' shall be substituted was put and carried.

The amendments (Nos. 158 and 172) moved by Shri E. Ahmed was, by leave, withdrawn.

The amendments (Nos. 232 and 233), moved by Shri U.P. Kunikullaya were put and lost.

The amendment (No. 259) moved by Shri G. Gopinathan Pillai was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

Clause 97, as amended, stands part of the Bill was put and carried.

Clause 97, as amended, was added to the Bill.

Clause 98

ശ്രീ കെ. ടി. ജോർജ്: Sir, I move:

(No. 338) In clause 98, (Schedule III proposed to be amended) after sub-clause (b) add a new sub clause (c) and renumber as follows and add the same after item 1 (viii) of the original Act:

"(c) Nilam where fishing is carried on for part of the year by the landlord.	Aggregate of rent fixed as for nilam and 3/8 of the gross annual income derived from fishing determined in such manner as may be prescribed.

സർ, ഈ ഭേഗതിയെ സംബന്ധിച്ചു ഇതിനുമുൻപുള്ള ഒരു വകുപ്പിന്റെ ചർച്ചാവേളയിൽ പ്രതിപാദിച്ചതാണ്. ഈ ഭേഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമെന്ന് എനിക്കുദ്ദേശമില്ല. എങ്കിൽപ്പോലും ഞാൻ സംസാരിക്കുകയാണ്. ഷെഡ്യൂൾ 3-ൽ 8-ാമത്തെ ക്ലോസ്സിൽ എഴുതിയിട്ടുള്ളത് 'Nilam where fishing is carried on for part of the year by a varamdar' എന്നാണ്. അതൊന്നു ശ്രദ്ധിച്ചാൽമതി ബഹുമാനപ്പെട്ട മന്ത്രിക്കു മനസ്സിലാകും. അതായത് വാരക്കാരൻ ചെമ്മീൻകെട്ട് നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അയാൾ കൊടുക്കേണ്ടിവരുന്ന ഫെയർ റെന്റിന്റെ കാലയളവാണ് ചാക്കോയുടെ ബിൽ എന്നു പറയുന്ന ബില്ലിൽ പറഞ്ഞിട്ടുള്ളത്. അതായത്,

'Aggregate of rent fixed as for nilam and $\frac{1}{8}$th of the gross annual income derived from fishing in such manner as may be prescribed'.

എന്നാണ്. ഇപ്പോഴത്തെ ബിൽപ്രകാരം ഫിഷിംഗ് റൈറ്റിനെ സംബന്ധിച്ചിടത്തോളം എല്ലാ അവകാശങ്ങളും ടെനൻറ്സിനു കൊടുക്കുക എന്നുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. അത് നല്ല നടപടിയാണ്. കോടതി വിധികളുടെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ ബില്ലിൽ ജൻമിതന്നെയാണ് ചെമ്മീൻകെട്ട് നടത്തിക്കൊണ്ടിരിക്കുന്നതെങ്കിൽപ്പോലും ആ അവകാശം കുടിയാനിലേക്കു കൈമാറിയിരിക്കുകയാണ്. ആ കൈമാറ്റം സ്വാഗതാർഹമാണ്. വസ്തുവിനെ സംബന്ധിച്ചിടത്തോളമുള്ള എല്ലാ അവകാശങ്ങളും, അതായത് കൃഷി ചെയ്യലായാലും ചെമ്മീൻകെട്ട് നടത്തലായാലും കുടിയാനിലേക്ക് കൈമാറണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ജൻമി ചെമ്മീൻകെട്ടു നടത്തിക്കൊണ്ടിരിക്കുന്ന നിലം കുടിയാനിലേക്ക് കൈമാറുന്നതിനെ സംബന്ധിച്ച് ഈ ബില്ലിൽ വ്യവസ്ഥയില്ല. ഷെഡ്യൂളിൽ ഇതിനെ സംബന്ധിച്ച് ഒരൊറ്റ വ്യവസ്ഥമാത്രമാണ് കൊടുത്തിട്ടുള്ളത്. അതായത് ചെമ്മീൻകെട്ട് വാരക്കാർ നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ എന്താണ് കോമ്പൻസേഷൻ, എന്താണ് ഫെയർ റെൻറ് എന്നു മാത്രമേ പറയുന്നുള്ളു. ഈ ബില്ലിൽ കൊടുത്തിട്ടുള്ളമാതിരിയുള്ള അവകാശത്തോടുകൂടി ചെമ്മീൻകെട്ട് നടത്തിക്കൊണ്ടിരിക്കുന്നത് ഭൂവുടമയാണെങ്കിൽ എന്താണ് കോമ്പൻസേഷൻ കൊടുക്കേണ്ടതെന്ന് പറഞ്ഞിട്ടില്ല. അതു പറയണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കു പരിഭവമായിപ്പോയി. ചെമ്മീൻ കെട്ട് അവകാശം ഈ ബിൽവഴി കോടതിവിധികളുടെ അടിസ്ഥാനത്തിൽ കുടിയാന് നൽകിയിരിക്കുന്ന അവസരത്തിൽ ഇങ്ങനെയൊരു വാക്യം അവിടെ സൃഷ്ടിക്കരുത്. അങ്ങനെയായാൽ കോടതിയിൽപോയി അസാധുവായി വരാനേ ഇടയുള്ളു. വാരക്കാരെ സംബന്ധിച്ചിടത്തോളം മാത്രമേ ഈ ബില്ലിൽ ഫെയർ റെന്റ് പറഞ്ഞിട്ടുള്ളു. ഇന്ന് ജൻമിതന്നെ ചെമ്മീൻകെട്ട് നടത്തിക്കൊണ്ടിരിക്കുകയാണെങ്കിൽ അത് കുടിയാനിലേക്ക് കൈമാറുമ്പോൾ എന്താണു കോമ്പൻസേഷൻ കൊടുക്കേണ്ടതെന്ന് ഈ ബില്ലിൽ എഴുതിയിട്ടില്ല. അതുംകൂടി ചേർക്കണം. പണം കെട്ടി വയ്ക്കണമെന്നാണെങ്കിൽ അതു പറയണം. അതല്ല ഒന്നും വേണ്ടെന്നു വയ്ക്കുകയാണെങ്കിൽ

'Nilam where fishing is carried on for part of the year by a varamdar or jenmi'

എന്നു തിരുത്തി എഴുതണം. ജൻമിയായാലുംശരി വാരംദാരായാലുംശരി ആദായത്തിന്റെ $\frac{1}{8}$ കൊടുക്കണമെങ്കിൽപോലും ഭേദഗതി ആവശ്യമാണ്. ജൻമിയാണ് ചെമ്മീൻകെട്ട് നടത്തിയിരുന്നതെങ്കിൽ ആ കൊല്ലത്തെ ആദായത്തിന്റെ $\frac{3}{8}$എന്നോ മറ്റോ ഭേദഗതി ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീമതി കെ. ആർ. ഗൗരി: വാരക്കാർക്കു 1957 മുതൽ ഫിക്സിറ്റി കിട്ടിയതാണ്. ഒഴിപ്പിച്ചുകൂടാ, കൈവശം അവർക്കുതന്നെയാണ് എന്ന് 1964-ൽ നിയമം വന്നു. 1957–ൽ അവരെ ഒഴിപ്പിക്കാൻ പാടില്ല എന്നു പറഞ്ഞു. അതിനുശേഷം ജൻമി ബലാൽക്കാരമായി കുറേക്കാലം മീൻ പിടിച്ചിട്ടുണ്ട്. അങ്ങനെ ബലാൽക്കാരമായി കുറേക്കാലം മീൻപിടിച്ചതിരിക്കട്ടെ. പണ്ട് ഇന്നതൊക്കെ കൊടുക്കണം— ഇത്ര പുല്ലി കൊടുക്കണം, ഇത്ര തേങ്ങ കൊടുക്കണം, ഇത്ര ചക്ക കൊടുക്കണം എന്നൊക്കെ പ്രൊവിഷനുണ്ടായിരുന്നു. ഫെയർ റെന്റിന്റെ അടിസ്ഥാനത്തിൽ കോമ്പൻസേഷൻ കൊടുക്കുന്നതുകൊണ്ടു എക്സ്പ്രൊപ്രൈപടറി ആകുകയില്ല. ഇതുവരെ ബലാൽക്കാരമായി എടുത്തിരുന്ന ഒരവകാശം അംഗീകരിച്ചു കൊടുക്കേണ്ടയാവശ്യമില്ല. Compensation പ്രശ്നമില്ല.

ശ്രീ.കെ. ടി. ജോർജ്: സത്യത്തിൽ ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രി പഠിച്ചിട്ടില്ലെന്നാണ് എനിക്കു വ്യക്തമായി പറയാനുള്ളത്. യാതൊരു ബലാൽക്കാരവുമില്ലാതെ ജൻമി വളരെക്കാലമായി അനുഭവിക്കുന്ന അവകാശങ്ങളുണ്ട്. കുടിയാനു കൃഷിമാത്രം നടത്താനുള്ള അവകാശമേ ചില കേസുകളിൽ ഉള്ളൂ എന്നതു മന്ത്രി മനസ്സിലാക്കാതെ പറയുകയാണ്.

ശ്രീ ടി. കെ. കൃഷ്ണൻ: കുടിയാനു ക്രയാവകാശം ലഭിച്ചുകഴിഞ്ഞാൽ പിന്നെ ജൻമി വസ്തുവിൽ പ്രവേശിക്കുന്നതിനു നിയമസാധുതയുണ്ടോ?

ശ്രീ. കെ. ടി. ജോർജ്: ക്രയാവകാശം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതി ചെയ്യുന്നത്. അങ്ങനെ ഭേദഗതി ചെയ്യുമ്പോൾ ഷെഡ്യൂൾ മാറിയില്ലെങ്കിൽ കോടതിയിൽ പോകാനുള്ള പഴുതുണ്ടെന്നു മനസ്സിലാക്കണം. കൂട്ടിക്കൊടുക്കണമെന്നല്ല, വാരംദാർ കൃഷി ചെയ്തിരുന്നതിനെസംബന്ധിച്ചു മാത്രമാണ്.

If in a particular case, if it is proved that fishing is done by the jenmi, what will you do?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. ജോർജ്]

അങ്ങനെ വരുമ്പോൾ എന്തുചെയ്യും? ഒന്നും പ്രത്യേകിച്ചു കൊടുക്കണമെന്നല്ല, ആരു ചെമ്മീൻകെട്ടു നടത്തിയാലും ഇന്നതുകിട്ടുമെന്ന് എഴുതിയാൽ മതി. അതുകൊണ്ടു ഇപ്പോൾ വരുത്തിയ വ്യതിയാനം അനുസരിച്ചു ആവശ്യമായ ഭേദഗതി ചെയ്യണം.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ജോർജ് ഞാൻ മനസ്സിലാക്കാതെ പറയുകയാണ് എന്നു പറഞ്ഞതുകൊണ്ടു പറയുകയാണ്, ഞാൻ ജനിച്ചു വളർന്ന സ്ഥലം ഏതാണെന്നു പറയാം: തുറവൂർ കരിനിലങ്ങളും ഉൾക്കൊള്ളുന്ന പ്രദേശത്തു ജനിച്ചുവളർന്നയാളാണ് ഞാൻ. അതു മനസ്സിലാക്കിയാൽ മതി. ചെമ്മീൻ പിടിത്തം എങ്ങനെ നടത്തുന്നു എന്നും അറിയാം, ഈ കഥകളൊക്കെയും അറിയാം. തുറവൂർ, തിരുമല ദേവസ്വം ഈ പ്രദേശങ്ങളുടെ കാര്യമൊക്കെ എനിക്കറിയാം. പറവൂരെ കാര്യം എനിക്ക് അത്ര അറിഞ്ഞുകൂടായിരിക്കാം. കരി നിലങ്ങളെ സംബന്ധിച്ചിടത്തോളവും ചെമ്മീൻ പിടിത്തത്തെ സംബന്ധിച്ചിടത്തോളവും എല്ലാം ഒരുമാതിരി അറിയാം. അതുകൊണ്ടു ജോർജിന്റെ ഭേദഗതി ആവശ്യമില്ല. ഒന്നിച്ചു കിടന്നിരുന്ന കരിനിലങ്ങളിൽ ജൻമിയാണ് വരമ്പു പിടിച്ചുകൊടുത്തിരുന്നത്. നിയമം വന്നശേഷം ജൻമിയല്ല. ആ നിലയിൽ ചില കാര്യങ്ങളും അവഗണിക്കേണ്ടിവരും. അക്കൂട്ടത്തിൽ, യഥാർത്ഥത്തിൽ ഇല്ലാത്തതും കൃഷിക്കാരന്റെ അജ്ഞത ഉപയോഗിച്ചു് ബലാൽക്കാരമായി എടുത്തുവന്നിരുന്നതുമായ അവകാശങ്ങളും നിലനിറുത്തേണ്ട കാര്യമൊന്നുമില്ല. എന്റെയോ ശ്രീ ജോർജിന്റെയോ കൈവശമായിരുന്നെങ്കിൽ ഈ അവകാശങ്ങളും ബലാൽക്കാരമായി എടുക്കാൻ ഒരു ജൻമിയും ധൈര്യപ്പെടുമായിരുന്നില്ല. അതുകൊണ്ടു കൃഷിക്കാരന്റെ അജ്ഞത മുതലെടുത്തുകൊണ്ടു ഇതുവരെ എടുത്തതു എടുത്തുകൊള്ളട്ടെ, ക്ഷമിച്ചിരിക്കുന്നു; അതു തിരികെ വാങ്ങണമെന്നു പറയുന്നില്ല. മേലിലും കിട്ടണമെന്നതിനെപ്പറ്റി മിണ്ടണ്ട. കൊടുക്കാൻ പറ്റുകയുമില്ല.

The amendment (No. 338) moved by Shri K. T. George was put and lost.

The question that Clause 98 stands part of the Bill was put and carried.

Clause 98 was added to the Bill.

Clause 99

The question that Clause 99 stands part of the Bill was put and carried.

Clause 99 was added to the Bill.

Clause 100

Smt. K. R. Gouri: Sir, I move:

(No. 27) In clause 100, after sub-clause (4), the following sub-clause shall be inserted, namely:—

"(5) All appeals from the orders of Land Tribunals under the principal Act and all proceedings in connection therewith, pending

LIBRARY ARCHIVES Kerala Legislative Assembly

before any Subordinate Judge at the commencement of this section shall be transferred to the appellate authority having jurisdiction, and the appellate authority shall dispose of such appeals and proceedings in accordance with the provisions of the principal Act as amended by this Act".

The amendment was put and carried.

The question that Clause 100, as amended, stands part of the Bill was put and carried.

Clause 100, as amended, was added to the Bill.

New Clause 101

Smt. K. R. Gouri: Sir, after Clause 100, the following clause shall be inserted:

"101. **Repeal**:—The Kerala Stay of Eviction Proceedings Act, 1967 (Act 9 of 1967) is hereby repealed".

ഇത് കാലതാമസമുണ്ടാകാതിരിക്കാനാണ്. രണ്ടും ഒരുമിച്ചു പറഞ്ഞിരുന്നെങ്കിലും അപ്പുറത്തും ഇപ്പുറത്തും നിൽക്കും.

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: ഇതിൽ ചില സെക്ഷനുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ടല്ലോ. ആ അമെൻഡ്മെൻറുകളെ എങ്ങിനെ ബാധിക്കും ?

ശ്രീമതി കെ. ആർ. ഗൗരി: അതു രണ്ടും ഒരേ സമയത്തു (സിംക്രൈനൈസ് ചെയ്തു) നടന്നു പോകണമെന്നാണ്. അല്ലെങ്കിൽ അതു ലാപ്സാകാൻ കാത്തിരിക്കണം. അതുവരെ ഇതിന്റെ നടപ്പാക്കൽ താമസിക്കണ്ട എന്നു കരുതിയാണ്.

The amendment moved by Smt. K. R. Gouri was put and carried.

The question that Clause 101 stands part of the Bill was put and carried.

Clause 101 was added to the Bill.

Deputy Speaker: What do you say about Clause 63 ? Have you gone through the amendment, Mr. Karunakaran ?

ശ്രീ. കെ. കരുണാകരൻ: അതൊന്നു മാറ്റി വച്ചാൽ കൊള്ളാം.

Shri K. M. Mani: It may kindly be taken up tomorrow.

Shri K. T. George: It may be taken up tomorrow.

Deputy Speaker: Then we will have it tomorrow.

We may pass on to half-an-hour discussion.

LIBRARY ARCHIVES Kerala Legislative Assembly